
www.malankaralibrary.com

# കാരുണികൻ

സമഗ്ര ദൈവശാസ്ത്ര മാസിക

₹ 35
www.karunikan.com

Vol. 20 | No. 07
JULY 2023



## വേട്ടയാടപ്പെടുന്നവർ

www.malankaralibrary.com



ചാത്യാത്ത് മൗണ്ട് കാർമൽ ദൈവാലയ
ത്രിശതോത്തര സുവർണ ജൂബിലി വർഷത്തിൽ

# മോൺ. ഇമ്മാനുവൽ ലോപ്പസ് ദൈവദാസ പദവിയിൽ





പ്രഖ്യാപനം മാതൃഇടവക
**ചാത്യാത്ത് മൗണ്ട് കാർമൽ പള്ളിയിൽ**
**വരാപ്പുഴ ആർച്ച്ബിഷപ്പ്**
**ഡോ. ജോസഫ് കളത്തിപറമ്പിൽ**

**2023 ജൂലൈ 19**
ബുധനാഴ്ച
വൈകിട്ട് 5 – ന്

മരിയഭക്തനും ദിവ്യകാരുണ്യ പ്രേഷിതനും ആതുര ശുശ്രൂഷാരംഗത്തെ
സാന്ത്വന പാലകനും ദീർഘകാലം വരാപ്പുഴ അതിരൂപതയുടെ
വികാരി ജനറലുമായിരുന്ന ചാത്യാത്ത് കർമലമണ്ണിന്റെ സ്വന്തം മകൻ അൾത്താര
വണക്കത്തിന്റെ ആദ്യ ഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോൾ
**മാതൃഇടവകയുടെ പ്രാർഥനാശംസകൾ!**

19 – ന് വൈകിട്ട് 4 മണിക്ക് എറണാകുളം ഇൻഫന്റ് ജീസസ് ദൈവാലയത്തിൽ നിന്നും
ചാത്യാത്ത് – ഗോശ്രീ റോഡുവഴി മൗണ്ട് കാർമൽ പള്ളിയിലേക്ക് ഛായാചിത്ര – ദീപശിഖാപ്രയാണം
തുടർന്ന് അഭിവന്ദ്യ വരാപ്പുഴ മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപറമ്പിലിന്റെ
മുഖ്യകാർമികത്വത്തിൽ പൊന്തിഫിക്കൽ കൃതജ്ഞതാ സമൂഹബലി
കേരളസഭയിലെ അഭിവന്ദ്യ പിതാക്കന്മാരും വരാപ്പുഴ
അതിരൂപതയിലെ വൈദിക – സന്യസ്തരും സഹകാർമികത്വം വഹിക്കും.
വൈകിട്ട് 6.30ന് ദൈവദാസന്റെ കബറിടത്തിൽ പുഷ്പാർച്ചനയും നാമകരണ പ്രാർഥനയും.

..................... **ഏവർക്കും സ്വാഗതം!** .....................

വികാരി: ഫാ. പോൾസൺ കൊറ്റിയത്ത്
സഹവികാരിമാർ: ഫാ. റാഫേൽ സ്റ്റിനിൽ ചാണാശ്ശേരി, ഫാ. എഡിസൺ ജോസഫ് വില്ലനശ്ശേരി
സന്ന്യസ്തർ, അല്മായ വിശ്വാസിസമൂഹം

# OUR LADY OF MOUNT CARMEL CHURCH

CHATHIATH, PACHALAM, KOCHI - 12

www.malankaralibrary.com



# പ്രായപൂർത്തിയാകാത്ത മൃഗസ്നേഹം

വർഷങ്ങൾക്കുമുമ്പ് ഉച്ചകഴിഞ്ഞൊരു സമയത്ത് ഹെഡ്‌ലൈറ്റുമിട്ട് ഒരു ജീപ്പ് നഗരത്തിലെ വിഷചികിത്സക്ക് പേരുകേട്ട ആശുപത്രി ലക്ഷ്യമാക്കി പായുകയാണ്. കൂട്ടുകാർക്കൊപ്പം കളിക്കുന്നതിനിടയിൽ കൈയാലക്കല്ലുകൾക്കിടയിൽനിന്ന് അണലിക്കുഞ്ഞിന്റെ കടിയേറ്റ ബാലനേയും വഹിച്ചുകൊണ്ടുള്ളതായിരുന്നു ആ ജീപ്പ് യാത്ര. സ്വന്തക്കാരെയും ബന്ധക്കാരെയും ദിവസങ്ങളോളം ആശങ്കയിലാഴ്ത്തിയ ആ ബാലൻ നീണ്ട ദിവസങ്ങൾക്കുള്ളിലെ ചികിത്സയ്ക്കൊടുവിൽ ജീവിതത്തിലേക്ക് തിരിച്ചെത്തി. ഈയൊരു സംഭവം എന്റെ ഓർമയിലേക്കെത്തിച്ചത് ഈയടുത്ത കാലത്ത് ചുറ്റുവട്ടത്ത് കണ്ടുകൊണ്ടിരിക്കുന്ന വന്യജീവിയാക്രമണങ്ങളുടെ വാർത്തകളാണ്.

പക്ഷിമൃഗങ്ങളും സസ്യലതാദികളും പൂക്കളും പുഴകളും നിറഞ്ഞ വർണശബളമായ ലോകമാണ് കുഞ്ഞുങ്ങളുടേത്. അതുകൊണ്ടാണല്ലോ കിന്റർ ഗാർട്ടനുകളായാലും നഴ്സറികളായാലും കാട്ടുമൃഗങ്ങളുടെയും നാട്ടുമൃഗങ്ങളുടെയുമൊക്കെ രൂപങ്ങൾ നിറഞ്ഞവയാകുന്നത്. ബാലസാഹിത്യകൃതികളിലേറെയിലും പക്ഷിമൃഗാദികൾ കഥാപാത്രങ്ങളാവുന്നതും അതുകൊണ്ടുതന്നെയാണ്. ബാലവാടിയിലെ മൃഗരൂപങ്ങളും പ്രതിമകളും പാഠപുസ്തകത്തിലെ മൃഗരാജാക്കന്മാരും അവരുടെ ജന്തുലോകവും കുഞ്ഞുങ്ങൾക്ക് ആനന്ദദായകമാണ്. എന്നാൽ അവരുടെ ക്ലാസ്സ് റൂമിനു പുറത്ത് മൃഗരാജൻ സിംഹമായാലും സുന്ദരൻ കടുവയായാലും അത്തരം വന്യമൃഗങ്ങളെ തലോടാനോ അവയിലെ അപകടകാരികൾക്കിടയിലകപ്പെടാനോ നാം അനുവദിക്കാറില്ല. കുട്ടികൾക്കവ അപകടകാരികളാണെന്നറിയില്ലെങ്കിലും മുതിർന്നവർ അതറിഞ്ഞ് അപകടം ഒഴിവാക്കും.

സമകാലികമായ ആനയാക്രമണങ്ങൾ, തെരുവുനായ ശല്യം, കടുവയാക്രമണം ഇവയെക്കുറിച്ചുള്ള വാർത്തകൾ നമ്മളെ സ്ഥിരമായി ഓർമപ്പെടുത്തിക്കൊണ്ടിരിക്കുകയാണ് നമ്മുടെ ഭരണാധികാരികളും നഴ്സറി ക്ലാസ്സിലെന്നപോലെ ശീതീകരിച്ച കെട്ടിട സമുച്ചയങ്ങളിലിരിക്കുന്ന മൃഗസ്നേഹികളും ഇപ്പോഴും കുട്ടിക്കാലം വിട്ടുമാറാത്തവരോ മാനസിക വളർച്ചയെത്താത്തവരോ തന്നെയാണെന്ന്. മാധ്യമവാർത്തകൾ ശ്രദ്ധിക്കുന്നവർക്കാർക്കും ഇപ്പറഞ്ഞതിന്റെ കാരണം മനസ്സിലാകുന്നതാണ്.

കുട്ടിക്കാലത്തു വായിച്ച ഒരു ബാലപ്രസിദ്ധീകരണത്തിലെ 'മൃഗാധിപത്യം വന്നാൽ' എന്ന കഥയിലേതുപോലെ നമ്മുടെ നാട്ടിലെ ചില കാര്യങ്ങൾ സംഭവിച്ചുകാണുമ്പോൾ ആരാണ് 'ബുദ്ധിയുറയ്ക്കാത്ത മനുഷ്യ' രെന്ന് നമ്മൾ തിരിച്ചറിയുന്നുണ്ട്. അരിയും ചക്കയും പോലുള്ള മനുഷ്യന്റെ ഭക്ഷ്യവിഭവങ്ങളുടെ മണവും രുചിയും തിരിച്ചറിഞ്ഞ കൊമ്പന്മാരും ചോര നീരാക്കി മലയോര കർഷകർ വിളയിച്ചെടുത്ത കപ്പയുടെയും ചേനയുടെയും വാഴക്കുലയുടെയും ഇതരവിളകളുടെയും രുചി പിടിച്ച കാട്ടുപന്നി, കുരങ്ങ് തുടങ്ങിയ കാട്ടുമൃഗങ്ങളും സ്വന്തം അരുമകളെപ്പോലെ അന്നന്നത്തെയാവശ്യത്തിനായി വളർത്തുന്ന ആട്, കോഴി, പശു തുടങ്ങിയവയുടെ രുചിയിഷ്ടപ്പെട്ട കടുവയും പുലിയുമടങ്ങിയ വന്യമൃഗങ്ങളും നാളെ "മനുഷ്യമാംസത്തിന്റെ രുചിയറിഞ്ഞതിനാൽ വരുന്നതാണ്, മനുഷ്യരെ കൊന്നു തിന്നാലും സാരമില്ല, മിണ്ടാപ്രാണികളായതിനാൽ അവയുടെ വിശപ്പും ഇഷ്ടവും നാം കാണാതെ പോകരുത് "എന്നുപറയുന്ന ഒരു നാൾ വൈകാതെവരുമെന്നു നാം ഭയപ്പെടേണ്ടിയിരിക്കുന്നു.

www.malankaralibrary.com

മൃഗങ്ങളും മനുഷ്യരും സസ്യലതാദികളും ചേരുന്ന ഈ ലോകത്ത് എല്ലാറ്റിനും അവയുടേതായ സ്ഥലം വേണമെന്നതിൽ ആർക്കും തർക്കമില്ല. ഇതിൽ ഏതെങ്കിലും ഒന്നിനുവേണ്ടി മാത്രമായി നാം നിലനിൽക്കുമ്പോൾ ഈ ഭൗമവ്യവസ്ഥയിൽ അസന്തുലിതാവസ്ഥയുണ്ടാകുമെന്നും നമുക്കറിയാം. ലോകത്തിലൊരുകൂട്ടർ പരിഷ്കാരത്തിന്റെയും വികസനത്തിന്റെയും അപ്പസ്തോലന്മാരാകുമ്പോൾ മറ്റൊരു കൂട്ടർ മനുഷ്യത്വസഹജമായ ജീവിതത്തിനുപോലും അനുവാദമില്ലാതെ, വന്യമൃഗങ്ങൾക്കുപോലും ലഭ്യമാകുന്ന പരിഗണനയ്ക്കായി ഗണിക്കപ്പെടാതെ! സുരക്ഷിതകേന്ദ്രങ്ങളിലെ സമ്പന്ന പ്രകൃതി, വന്യമൃഗസ്നേഹികൾ വന്യമൃഗങ്ങൾക്കായ്പോലും ഫാൻസ്ക്ലബ് രൂപീകരിക്കുകയും ധനസമാഹരണം നടത്തുകയും ചെയ്യുമ്പോൾ അരവയറന്നത്തിനിപ്പോഴും അന്യന്റെ ഔദാര്യം തേടുന്ന മനുഷ്യജന്മങ്ങൾ വനമേഖലയിലെന്നല്ല, നാട്ടിൻപുറത്തും നഗരങ്ങളിലുമുണ്ടെന്നത് ആർക്കും അറിയാഞ്ഞിട്ടല്ല. റേറ്റിംഗ് കൂട്ടാൻമാത്രം ഇഷ്ട ലൈവ് വിഷയമായി വാർത്താമാധ്യമങ്ങൾക്ക് 'അരിക്കൊമ്പൻ' പോലുള്ള വിഷയങ്ങൾ മാറുമ്പോൾ മനുഷ്യജീവിതത്തെ നേരിട്ടു ബാധിക്കുന്ന എത്രയെത്ര വിഷയങ്ങളാണ് മാധ്യമങ്ങൾ സൗകര്യപൂർവം വിസ്മരിക്കുന്നതെന്ന ആക്ഷേപം ഉന്നയിക്കാതിരിക്കാനാവുമോ?

മനുഷ്യന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വമൊരുക്കാൻ ജനങ്ങൾ തിരഞ്ഞെടുക്കുന്ന ജനപ്രതിനിധികൾ കർഷകർക്ക് പ്രത്യേകിച്ച് വനമേഖലയിലുള്ള ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ കാരുണികൻ ഈ വിഷയത്തെ അപഗ്രഥിക്കുകയാണ് ഈ ലക്കത്തിൽ.

കിണറ്റിലോ കുഴിയിലോ വീണുകിടക്കുന്ന ആടിനെയോ കഴുതയെയോ കാളയെയോപോലും സാബത്തിൽ കരയ്ക്കുകയറ്റി രക്ഷപ്പെടുത്തുന്ന യഹൂദർ സാബത്തിൽ രോഗാതുരരായ മനുഷ്യർക്ക് സൗഖ്യം നല്കിയതിന്റെപേരിൽ യേശുവിനെ സാബത്ത് ലംഘനത്തിന്റെ നിയമം പറഞ്ഞ് കുറ്റപ്പെടുത്തിയപ്പോൾ അവൻ നല്കിയ മറുപടികളിലൊന്നിലുണ്ട് കാരുണികനായ അവന്റെ മനസ്സ്. " ആടിനെക്കാൾ (മൃഗത്തിനെക്കാൾ) എത്രയോ വിലപ്പെട്ടവനാണ് മനുഷ്യൻ!" (മത്താ 12:12). ഇന്നിവിടെ ജീവന്റെ വിലവിവര പട്ടികയിൽ എവിടെയെങ്കിലുമുണ്ടോ മനുഷ്യജീവന് സ്ഥാനം, വന്യജീവികളുടെ കശാപ്പുശാലയിലല്ലാതെ?

വനസംരക്ഷണ നിയമത്തിലൂടെ വനങ്ങളും വന്യജീവികളും സംരക്ഷിക്കപ്പെടണമെന്നു പറയുന്നതിലെ കാര്യകാരണങ്ങൾ മുതൽ ദുരുപയോഗിക്കപ്പെടുന്നതോ കാലപ്പഴക്കം ചെന്നതോ ആയ ചില നിയമങ്ങളെക്കുറിച്ചും മറ്റുരാജ്യങ്ങൾ വന, വന്യജീവി വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന രീതികളെക്കുറിച്ചുമൊക്കെ വിഷയവിദഗ്ധർ പ്രതിപാദിക്കുന്നുണ്ടിവിടെ.

ഒരു കാര്യം ഉറപ്പാണ്. നമ്മുടെ വന-വന്യജീവി നിയമങ്ങളിൽ എന്തോ പന്തികേടുണ്ട്. അവ തിരുത്താനും വേണ്ട പരിഷ്കാരങ്ങൾ വിളംബംവിനാ നടപ്പിലാക്കാനും നമ്മുടെ ഭരണസംവിധാനങ്ങൾക്ക് നട്ടെല്ലുണ്ടാവട്ടെ.

നഴ്സറിക്കുട്ടികളിൽനിന്ന് പ്രായപൂർത്തിയിലേക്ക് വളരട്ടെ ഇവിടെയുള്ളവരുടെ മൃഗസ്നേഹം !

**മിഖാസ് കൂട്ടുങ്കൽ**
ചീഫ് എഡിറ്റർ
www.michaskoottumkal.in

www.malankaralibrary.com

പുസ്തകം 20 ലക്കം 7
2023 ജൂലൈ




രക്ഷാധികാരി
ഡോ. ജോസഫ് കൈപ്പയിൽ MCBS
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. പരംപ്രസാദ് പ്രവിശ്യ

സഹരക്ഷാധികാരി
ഫാ. ആന്റോ പുതുവ MCBS

പത്രാധിപർ
ഫാ. മിഖാസ് കൂട്ടുങ്കൽ MCBS

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

ഫിനാൻസ് മാനേജർ
ഫാ. ജോൺ പോൾ
തെക്കുംചേരിക്കുന്നേൽ MCBS

മാർക്കറ്റിംഗ് മാനേജർ
ഫാ. അഖിൽ ചാരംതൊട്ടിയിൽ MCBS

ഓർഗനൈസിംഗ് അസിസ്റ്റൻസ്
ഫാ. ജോജോ കന്നപ്പിള്ളി MCBS

അക്ഷരവിന്യാസം
നിഷ ബിനു

കവർ & രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ

വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 9995802006
e-mail : magazinekarunikan@gmail.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
പരംപ്രസാദ് പ്രസിദ്ധീകരണം

BANK DETAILS

| | | |
|---|---|---|
| A/c Name | : | Director Karunikan |
| A/c No. | : | 17530100030870 |
| IFSC Code | : | FDRL0001753 |
| Bank | : | Federal Bank, Thevara |


# ഉള്ളടക്കം



## കവർസ്റ്റോറി

07 മനുഷ്യജീവന് വിലയിടിയുന്നോ?

11 വനം – വന്യജീവി സംരക്ഷണം അനിവാര്യമോ?

19 വന്യജീവികൾ നാടുവാഴുമ്പോൾ

24 വനസംരക്ഷണത്തിന് കർഷകരെ കൂടെ നിർത്തണം

32 ജനപ്പെരുപ്പം നിയന്ത്രിക്കാൻ മൃഗപ്പെരുപ്പമോ?



## അജപാലനം

36 കർമലമണ്ണിലെ വിയാനി ദൈവദാസ പദവിയിൽ

41 ആരാണ് യാമപ്രാർഥനകൾ ചൊല്ലേണ്ടത്?

43 മണിപ്പൂർ കലാപം: ഒരുൻമൂലന പദ്ധതിയോ?



## സാമൂഹികം

48 ഞാറ്റുവേലായുധം

49 കഥാപാത്രം മനുഷ്യൻ എന്ന സാധനം

52 ഒ. ബേബി

03 എഡിറ്റോറിയൽ

www.malankaralibrary.com





# വേട്ടയാടപ്പെടുന്നവർ

- മനുഷ്യജീവന് വിലയിടിയുന്നോ?
  – മാർ ജോസ് പുളിക്കൽ
- വനം – വന്യജീവി സംരക്ഷണം അനിവാര്യമോ?
  – റോയ് മാത്യു
- വന്യജീവികൾ നാടുവാഴുമ്പോൾ
  – റെജി ജോസഫ്
- വനസംരക്ഷണത്തിന് കർഷകരെ കൂടെ നിർത്തണം
  – സി.ആർ.നീലകണ്ഠൻ
- ജനപ്പെരുപ്പം നിയന്ത്രിക്കാൻ മൃഗപ്പെരുപ്പമോ?
  – മാർഷൽ ഫ്രാങ്ക്

മനുഷ്യർ മൃഗങ്ങളെ വേട്ടയാടി ക്കഴിഞ്ഞിരുന്ന കാലം നമ്മുടെ നാട്ടിൽ കഴിഞ്ഞുവെന്നുതന്നെ പറയാം. കാരണം, ഇന്ന് മനുഷ്യരാണ് വേട്ടയാടപ്പെടുന്നത്. സ്രഷ്ടാവ് എല്ലാറ്റിനുംമേൽ ആധിപത്യം നല്കി സൃഷ്ടിച്ച മനുഷ്യജീവനാണോ അതോ കാട്ടുമൃഗങ്ങൾക്കാണോ ഇന്ന് വിലയും മൂല്യവും കൂടുതൽ? പരിശോധിക്കപ്പെടേണ്ട വിഷയമാണിത്. അരിക്കൊമ്പനും കാട്ടുപോത്തും കടുവയും പുലിയുമൊക്കെ കാടിറങ്ങി നാട്ടുകാരെ ആക്രമിക്കുമ്പോഴും തെരുവുനായ്ക്കൾ കൊച്ചുകുഞ്ഞുങ്ങളെയടക്കം ജനങ്ങളെ കടിച്ചു കീറുമ്പോഴും താരങ്ങൾ ഇവിടെ മൃഗങ്ങൾതന്നെ. മനുഷ്യജീവനും സ്വത്തിനും സംരക്ഷണവും വിലയും കല്പിക്കാത്ത നമ്മുടെ ജനാധിപത്യ സംവിധാനത്തെപ്പറ്റി ചർച്ച ചെയ്യുകയാണ് കാരുണികൻ ഈ ലക്കം.

www.malankaralibrary.com


# മനുഷ്യജീവന് വിലയിടിയുന്നോ?

വികലമായ ഒരു ധാർമികത രൂപപ്പെടുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സമീപകാല സംഭവങ്ങൾ വെളിപ്പെടുത്തുന്നതതാണ്. മൃഗസ്നേഹവും നിയമങ്ങളും മൃഗസംരക്ഷണ ലക്ഷ്യം മാത്രമായി ഒതുങ്ങുമ്പോൾ മനുഷ്യജീവന്റെ വില ചോദ്യം ചെയ്യപ്പെടുകയാണ്. മൃഗങ്ങളുടെ ജീവനേക്കാൾ ഉപരിയായി മനുഷ്യജീവന് വിലയുണ്ടെന്ന് വിശുദ്ധ ഗ്രന്ഥാടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണ് കെ.സി.ബി.സി ജസ്റ്റിസ് & പീസ് കമ്മീഷൻ ചെയർമാൻ, **മാർ ജോസ് പുളിക്കൽ** കാരുണികനു നല്കിയ അഭിമുഖത്തിലൂടെ.



പ്രകൃതിസംരക്ഷണവും വന നിയമങ്ങളുമൊക്കെ മനുഷ്യ ജീവന്റെ വിലയുമായി കെട്ടുപിണഞ്ഞു കിടക്കുന്ന ഒരു സാഹചര്യത്തിലാണ് നാം അധിവസിക്കുന്നത്. ലിഖിതവും അലിഖിതവുമായ ഒട്ടേറെ വന – മൃഗസംരക്ഷണ നിയമങ്ങൾ നമുക്കുണ്ട്. എന്നാൽ ഈ നിയമങ്ങൾ പലതും മനുഷ്യജീവന് സംരക്ഷണം നല്കുന്നതിനെക്കുറിച്ച് നിശബ്ദമാണ്. പലതും കാലഹരണപ്പെട്ടതും പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടതുമാണ്. പലപ്പോഴും മനുഷ്യ ജീവന്റെ വില നിസരവല്ക്കരിക്കപ്പെടുന്നു. അനാവശ്യവും അടിസ്ഥാനരഹിതവുമായ തരത്തിലുള്ള നിയമങ്ങൾ അടിച്ചേൽപ്പിക്കപ്പെടുന്ന സാഹചര്യം വർധമാനമാകുമ്പോൾ നിലവിലുള്ള ആവാസവ്യവസ്ഥയിൽ മനുഷ്യന്റെ ജീവിതം ദുസ്സഹമായിക്കൊണ്ടിരിക്കുകയാണ്.

### ? മനുഷ്യജീവന്റെ മൂല്യം ബൈബിൾ വീക്ഷണത്തിൽ എങ്ങനെ?

മനുഷ്യ ജീവന്റെ മൂല്യം പൊതുവേ എല്ലാവരും അംഗീകരിക്കപ്പെടുന്ന ഒരു സനാതന യാഥാർഥ്യമാണ്. എല്ലാ മത, തത്വ ദർശനങ്ങളിലും ജീവന്റെ മൂല്യം പ്രധാനപ്പെട്ടതാണ്. അതിൽ മനുഷ്യജീവന്റെ വില കൂടുതൽ വിലപ്പെട്ടതാണ്. മറ്റെല്ലാ ജീവനുകളും സംരക്ഷിക്കപ്പെടണം എന്ന് പറയുമ്പോഴും വിശുദ്ധ ബൈബിളിൽ ഉത്പത്തി പുസ്തകം വളരെ വ്യക്തമായി ഇക്കാര്യം പ്രതിപാദിക്കുന്നു: "നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം... സർവജീവികളുടെയുംമേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ" (ഉത്പ 1:26). മറ്റു സൃഷ്ടികളെക്കുറിച്ച് പറയുമ്പോഴില്ലാത്ത വിധത്തിൽ സവിശേഷമായ ഒരു ഇടപെടലിലൂടെ മഹത്ത്വീകൃതമായ അസ്ഥിത്വം ദൈവം മനുഷ്യനു നൽകിയെന്നു തന്നെയാണ് ഇവിടെ വിവക്ഷിക്കുന്നത്. സ്നേഹവും സ്വാതന്ത്ര്യവും വിശേഷബുദ്ധിയും നല്കി സ്വന്തം പ്രതിച്ഛായയിലാണ് ദൈവം മനുഷ്യനു രൂപം നല്കിയത്. അതുകൊണ്ടു തന്നെ സൃഷ്ടികളിൽ ഏറ്റവും ഉദാത്ത അസ്തിത്വമായി മനുഷ്യൻ മാറിയെന്നത് വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു.

മനുഷ്യജീവന് അതുല്യമായ ഒരു വിലയുണ്ട് എന്നത് ശ്രദ്ധേയമാണ്. അതോടൊപ്പം, ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചം "വളരെ നന്നായിരിക്കുന്നുവെ


www.malankaralibrary.com

ന്ന് ദൈവം കണ്ടു" (ഉത്പ 1:31). അതിനാൽതന്നെ എല്ലാ സ്രഷ്ടവസ്തുക്കൾക്കും മൃഗങ്ങൾക്കും ജന്തുജാലങ്ങൾക്കും ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശം ഉണ്ട്. ഒരു സന്തുലിതാവസ്ഥ ഇവിടെ സംരക്ഷിക്കപ്പെടണമെന്നത് പ്രധാനപ്പെട്ട കാര്യമാണ്. വിശുദ്ധ ഗ്രന്ഥം രേഖപ്പെടുത്തുന്നു: "ഏദൻ തോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി" (ഉത്പ 2:15). തോട്ടം സംരക്ഷിക്കുകയും കൃഷി ചെയ്യുകയും ചെയ്യുക എന്ന രണ്ട് നിരീക്ഷണങ്ങളും പ്രധാനപ്പെട്ടതാണ്. മനുഷ്യന് മണ്ണിൽ അധ്വാനിക്കാനും കൃഷി ചെയ്തുകൊണ്ട് തന്റെ ഉപജീവനം നടത്താനും അവകാശവും കടമയുമുണ്ട്. അത് ഈ പ്രകൃതിയോട് ബന്ധപ്പെട്ടിട്ടുള്ള മനുഷ്യവ്യാപാരത്തിന്റെ ജീവിതശൈലിയെ അടയാളപ്പെടുത്തുന്ന കാര്യമാണ്. എന്നാൽ, അതേസമയം തന്നെ തോട്ടം സംരക്ഷിക്കാനുള്ള ദൗത്യവും അവനുണ്ട്. തന്നിഷ്ടപ്രകാരമുള്ള പ്രകൃതി ചൂഷണം ഒരിക്കലും ബൈബിൾ അനുവദിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല. അത് പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടിയാണ്. ഫ്രാൻസിസ് പാപ്പായുടെ 'ലൗദാത്തോ സി' എന്ന ചാക്രിക ലേഖനത്തിന്റെ മുഖ്യ പ്രമേയം പാരിസ്ഥിതിക സംതുലിതാവസ്ഥയുമായി ബന്ധപ്പെട്ട ഒരവലോകനമാണ് എന്നത് ശ്രദ്ധേയമാണ്.

പരിസ്ഥിതി മനുഷ്യനുവേണ്ടിയിട്ടുള്ളതാണെന്ന് പറയുമ്പോഴും മനുഷ്യൻ അതിനെ സ്വന്തം ഇഷ്ടപ്രകാരം നശിപ്പിക്കാനോ സഹജീവികളെ അവഗണിച്ചുകൊണ്ട് സ്വാർഥ ലക്ഷ്യങ്ങളോടുകൂടി ചൂഷണം ചെയ്യാനോ പാടില്ല. അതുകൊണ്ട് ഈ ആവാസ വ്യവസ്ഥയെ ശരിയായവിധം മനസ്സിലാക്കാൻ നമുക്ക് കടമയുണ്ട്. മനുഷ്യന്റെ ഉടമ ദൈവമാണെങ്കിലും തന്റെ സൃഷ്ടികർമത്തിലും പരിപാലനത്തിലും പങ്കുചേർന്ന് എല്ലാത്തിനെയും ചേർത്തുപിടിച്ച് കൊണ്ടുപോകാനുള്ള വലിയൊരു ഉത്തരവാദിത്വം മനുഷ്യനുണ്ടെന്നു തന്നെയാണ് ബൈബിളിന്റെ ദർശനം. ദൈവത്തിന്റെ ആ ദൗത്യം ഈ ഭൂമിയിൽ നിർവഹിക്കാൻ മനുഷ്യനെ അവിടുന്ന് സവിശേഷമായി നിയോഗിച്ചു എന്നത് ശ്രദ്ധേയമാണ്. പുതിയ നിയമത്തിൽ ഈ ആശയങ്ങൾക്ക് കൂടുതൽ വ്യക്തത കൈവരിക്കുന്നത് നാം കാണുന്നു. ഒരിക്കൽ കൈ ശോഷിച്ച ഒരുവനെ കർത്താവ് സൗഖ്യമാക്കുന്നുണ്ട്. അതൊരു സാബത്ത് ദിവസമായിരുന്നു. സൗഖ്യമാക്കുന്നതോടൊപ്പം അവന് സമൂഹത്തിനുമുന്നിൽ നഷ്ടപ്പെട്ട വിലയും നിലയും കർത്താവ് തിരിച്ചു നല്കുകയും ചെയ്തു. പക്ഷേ, അവിടെയുണ്ടായിരുന്നവരെല്ലാം ഈശോയെ വിമർശിക്കുന്നതിന്റെ കാരണം വിചിത്രമാണ്. സാബത്തിൽ എന്തുകൊണ്ട് നീ ഇത് ചെയ്തു? സാബത്തിന്റെ നിയമം ക്രിസ്തു ലംഘിച്ചു എന്നതായിരുന്നു അവിടെയുള്ളവരുടെ പരിഭവവും കുറ്റാരോപണവും. കർത്താവ് അവരോട് തിരിച്ചു ചോദിക്കുന്നത് വളരെ പ്രസക്തമാണ്: "നിങ്ങളിൽ ആരാണ്, തന്റെ ആട് സാബത്തിൽ കുഴിയിൽ വീണാൽ പിടിച്ചു കയറ്റാത്തത്? ആടിനെക്കാൾ എത്രയോ വിലപ്പെട്ടവനാണ് മനുഷ്യൻ!" (മത്താ 12:11-12). മൃഗത്തിന്റെ ജീവനേക്കാൾ വിലപ്പെട്ട മനുഷ്യജീവിതത്തെ സാബത്തിൽ താൻ പുനരുദ്ധരിച്ചെങ്കിൽ, സൗഖ്യം കൊടുത്തു കൈപിടിച്ചുയർത്തിയെങ്കിൽ അവിടെ അതിനെ തെറ്റായി വ്യാഖ്യാനിക്കുന്നത് തികച്ചും അപലപനീയമാണെന്ന് അവിടുന്ന് പ്രഖ്യാപിക്കുകയാണ്.

## ? നിയമസംരക്ഷണം മൃഗങ്ങൾക്കു മാത്രമോ?

ഇന്ന് വളരെ പ്രസക്തിയുള്ള കാര്യമാണ് നിയമസംരക്ഷണം മൃഗങ്ങൾക്കുമാത്രമോ എന്ന ചോദ്യം. നിയമങ്ങളുടെ കുരുക്കുകൾ നിരത്തി മനുഷ്യനു വില കൊടുക്കാതെ മൃഗങ്ങൾക്കും മറ്റു ജീവജാലങ്ങൾ

www.malankaralibrary.com

ക്കും മാത്രം സംരക്ഷണം നല്കുന്നത് തികച്ചും അനീതിയാണ്. അപകടകരമായ കപട മൃഗസ്നേഹം എന്നൊക്കെ പറയുന്നത് ഇതിനു പിന്നിലുണ്ട്. ഇവയെല്ലാം വ്യക്തിപരവും സംഘടിതവുമായ സ്വാർഥ ലക്ഷ്യങ്ങളോടുകൂടിയുള്ളതാണ്. സഹജീവിയായ മനുഷ്യന്റെ ജീവ സംരക്ഷണത്തിനുള്ള അവകാശങ്ങൾ കവർന്നെടുക്കപ്പെടുന്നു. വീട്ടിലിരിക്കുന്ന മനുഷ്യരെ പോലും കാട്ടുമൃഗങ്ങൾ വന്നു കൊലപ്പെടുത്തി കടന്നു പോകുമ്പോൾ അവയെ തുരത്താനോ വെടിവയ്ക്കാനോ നിയമം അനുവദിക്കുന്നില്ല. കൃഷിയിടത്തിലേക്ക് കയറിവന്ന് നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന ഒരു വന്യജീവിയെ തുരത്തേണ്ടിവരുമ്പോൾ തന്റെ പ്രാണരക്ഷാർഥം അതിനെ കൊല്ലാൻ ശ്രമിച്ചാൽ അത് ഗൗരവതരമായ കുറ്റമായി ചിത്രീകരിക്കപ്പെടുന്നു. ഈ വൈരുധ്യം ചോദ്യം ചെയ്യപ്പെടേണ്ടതുതന്നെയാണ്. ഇതിനെ മൃഗസ്നേഹമായി കാണാനോ പരിസ്ഥിതി സംരക്ഷണമായി വ്യാഖ്യാനിക്കാനോ കഴിയില്ല. തികച്ചും അടിസ്ഥാനരഹിതവും സ്വാർത്ഥപരവുമായ ലക്ഷ്യങ്ങളും അജണ്ടകളുമാണിതിനു പിന്നിലെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും നഗരമധ്യത്തിലെ സുരക്ഷിത താവളങ്ങളിലിരുന്ന് ഇത്തരം നിയമവ്യാഖ്യാനങ്ങൾ നടത്തുന്നവരുടെ ഉദ്ദേശശുദ്ധി നിശ്ചയമായും ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

## ? മൃഗ-പ്രകൃതി സ്നേഹത്തിന്റെ അടിസ്ഥാനങ്ങളെ എങ്ങനെ വിലയിരുത്തുന്നു?

ഈ ആവാസവ്യവസ്ഥയിൽ മനുഷ്യജീവന്റെ വില തിരിച്ചറിഞ്ഞ് കർമപദ്ധതികൾ ആവിഷ്ക്കരിക്കാൻ അധികാരികൾക്ക് കടമയുണ്ട്. Wild Life Protection Act 72 -ൽ മനുഷ്യന്റെ സംരക്ഷണത്തെക്കുറിച്ച് ഒന്നുംതന്നെ പ്രതിപാദിക്കുന്നില്ല. വന്യമൃഗ സംരക്ഷണം എന്ന ആശയത്തിൽ മാത്രം ഊന്നൽ കൊടുക്കുന്നതുകൊണ്ട് വന്യമൃഗങ്ങൾ കാട്ടിൽനിന്നും നാട്ടിലേക്ക് ഇറങ്ങിവന്ന് മനുഷ്യനെയും അവന്റെ കൃഷിയിടങ്ങളെയും നശിപ്പിച്ചാൽ നിയമത്തിന്റെ പേരുപറഞ്ഞ് ഉത്തരവാദിത്വപ്പെട്ടവർ നിസഹായരാവുകയാണ്. അതുകൊണ്ടുതന്നെ ഇത്തരം നിയമങ്ങൾ പരിഷ്കരിക്കുകയും നിയമഭേദഗതി വരുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. നിയമഭേദഗതിയിൽ മനുഷ്യന്റെ സുരക്ഷയും കൂടി ഉറപ്പുവരുത്താനുള്ള ഭാഗങ്ങൾ കൂട്ടിച്ചേർക്കേണ്ടത് ആവശ്യമാണ്. വന്യമൃഗങ്ങളെ വനത്തിനുള്ളിലും മനുഷ്യനെ അവന്റെ ജീവിതസാഹചര്യങ്ങളിലും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഭരണ നേതൃത്വത്തിനും ജനപ്രതിനിധികൾക്കും ഉണ്ട്. മൃഗങ്ങൾക്കും മറ്റ് ജീവജാലങ്ങൾക്കും മാത്രമല്ല ഇവിടെ മനുഷ്യനും ജീവിക്കാൻ ഒരു ഇടം ഉണ്ടാവണം എന്നത് പ്രധാനപ്പെട്ടതാണ്.

വന്യമൃഗങ്ങൾ ജനമേഖലകളിലേക്ക് ഇറങ്ങി വരാനുള്ള കാരണം തന്നെ അത് ക്രമാതീതമായി വനത്തിൽ വർധിക്കുന്നു എന്നുള്ളതാണ്. എല്ലാ പരിഷ്കൃത രാജ്യങ്ങളിലും വന്യമൃഗങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിലും വന്യമൃഗങ്ങൾ ക്രമാതീതമായി വർധിക്കാൻ അനുവദിക്കാറില്ല. അതുകൊണ്ട് 'നിയന്ത്രിത വേട്ടയാടൽ' (Culling) എന്ന നിയമസംവിധാനം എല്ലാ പരിഷ്കൃത രാജ്യങ്ങളിലും നടപ്പിൽ വരുത്തുന്നുമുണ്ട്. ഒരുമാസമോ രണ്ടുമാസമോ നിശ്ചയിക്കപ്പെട്ട രീതിയിൽ ഹണ്ട് ചെയ്യാനായി മനുഷ്യർക്ക് അനുവാദം കൊടുക്കുമ്പോൾ വന്യജീവികളുടെ അമിതമായ വർധനവ് നിയന്ത്രിക്കപ്പെടുകയും ചെയ്യും. വനത്തിന്റെ കൃത്യമായ പരിധിക്കപ്പുറം വന്യമൃഗങ്ങൾ വർധിച്ചുവരുമ്പോൾ അവയ്ക്ക് ആഹാരം കിട്ടാതെ ജനങ്ങൾ ജീവിക്കുന്ന ആവാസമേഖലകളിലേക്കും കൃഷിയിടങ്ങളിലേക്കും ഇറങ്ങി വരികയും ഉപദ്രവിക്കുകയും ഭക്ഷണം തേടുകയുമൊക്കെ ചെയ്യുന്നത് സ്വാഭാവികമായ കാര്യമാണ്. ഈ പ്രതിഭാസത്തെ തടയാൻ കഴിയണം. അത് വളരെ പ്രധാനപ്പെട്ടതാണ്. Man Animal Conflit എന്നു പറയുന്ന ഒരു പ്രതിസന്ധി ഇന്ന് നിലവിലുണ്ട്. ആ പ്രതിസന്ധി പരിഹരിക്കാൻ സംവിധാനങ്ങൾ ഉണ്ടാവണം. അത് പരിഹരിക്കപ്പെടേണ്ടത് ഓരോ സ്ഥലത്തിന്റെയും സാഹചര്യങ്ങൾക്ക് അനുസരിച്ചുതന്നെയാണ്. അപ്പോൾ ചിലപ്രദേശങ്ങളിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാകുന്ന ഇടങ്ങളുണ്ട്. അവിടെ എന്തൊക്കെ ചെയ്യണം, എങ്ങനെ നേരിടണം, എപ്രകാരം പ്രതിരോധം സൃഷ്ടിക്കണമെന്നൊക്കെ ഗൗരവമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. അതിന് പ്രാദേശിക സമിതികൾ രൂപീകരിക്കേണ്ടത് അനിവാര്യമാണ്. അതിൽ ജനപ്രതിനിധികളും പ്രശ്നബാധിതപ്രദേശങ്ങളിലെ കൃഷിക്കാരോ പ്രദേശവാസികളോ ഉണ്ടാകണമെന്നതും പ്രധാനപ്പെട്ടതാണ്. അങ്ങനെയുള്ള കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് ബന്ധപ്പെട്ട അധികാരികളെ കൃത്യമായി കാര്യങ്ങൾ ധരിപ്പിക്കാനും അതുവഴിയായി പരിഹാരം കണ്ടെത്താനും ഇടയാകണം. പഞ്ചായത്ത് തലങ്ങളിലൊക്കെ ഇത്തരം സമിതികൾ രൂപീകരിക്കാനായി സർക്കാരിന്റെ

www.malankaralibrary.com

സത്വരശ്രദ്ധ പതിയേണ്ടതുണ്ട്.

അതുപോലെതന്നെ ഇപ്പോൾ ഇവിടെ പ്രധാനമായും ചർച്ച ചെയ്യപ്പെടുന്ന മറ്റൊരു വിഷയമാണ് ബഫർ സോൺ. ഇതെല്ലാം ഇതുമായി വളരെയധികം ബന്ധിതമാണ്. ജനവാസമേഖലയും കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ട് ബഫർ സോണുകൾ നിജപ്പെടുത്തേണ്ടത് ആവശ്യമാണ് എന്ന കാര്യം അടിവരയിട്ട് പറയേണ്ടതാണ്. അതിന് വനാതിർത്തികൾ കൃത്യമായി പുനർനിർണയിക്കണം. വനാതിർത്തികൾ പുനർനിർണയിക്കപ്പെടാത്ത സ്ഥലങ്ങളിൽ കൃത്യമായി ജനവാസ മേഖലയും കൃഷിയിടങ്ങളും ഒഴിവാക്കി പുനർനിർണയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനും കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിനും രേഖകൾ കൈമാറേണ്ടത് അടിയന്തരമായി ചെയ്യേണ്ട കാര്യമാണ്. ഭരണത്തിൽ ആയിരിക്കുന്ന സർക്കാരിനാണ് ആധികാരികമായി ഇത് ചെയ്യാനുള്ള കടമയുള്ളതും അവകാശമുള്ളതും എന്ന് വിസ്മരിക്കരുത്. അതുകൊണ്ട് ആ കാര്യത്തിലും സത്വരമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## ? തെരുവുനായ് ശല്യം എങ്ങനെ പരിഹരിക്കാം?

ഇന്ന് നാം അഭീകരിക്കുന്ന മറ്റൊരു മുഖ്യമായ പ്രശ്നമാണ് തെരുവുനായ ശല്യം. തെരുവുനായകൾ വന്യമൃഗങ്ങൾ അല്ല; പക്ഷേ, തെരുവനായ ശല്യം ഇന്ന് കേരളത്തെ വലിയ അപായഭീഷണയിൽ എത്തിച്ചിരിക്കുകയാണ്. ഇത്രയേറെ വളർന്നതും പുരോഗമനപരവുമായ കാര്യങ്ങൾ നടപ്പിലാക്കുന്നതുമായ ഒരു നാട്ടിൽ തെരുവുനായ്ക്കൾ വന്ന് മനുഷ്യജീവൻ അപഹരിക്കുന്നു എന്നുള്ളത് വിരോധാഭാസമാണ്. ധാരാളം ജീവിതങ്ങളെ ഇതിനോടകം തന്നെ പ്രതിസന്ധിയിലാക്കി കഴിഞ്ഞു. ഒത്തിരിയേറെ നിസ്സഹായരായ വ്യക്തികളെയും കുഞ്ഞുങ്ങളെയുമൊക്കെ കടിച്ചുകീറിയിരിക്കുന്നു. പലരെയും കൊലപ്പെടുത്തി. പേവിഷബാധയുള്ള നായ്ക്കളുടെ കടിയേറ്റ് വലിയ അപകടത്തിൽ എത്തിച്ചേരുന്ന സ്ഥിതിവിശേഷവും ഇവിടെ സംജാതമായിട്ടുണ്ട്. ഇതിനൊക്കെ ശാശ്വതമായ ഒരു പരിഹാരം കണ്ടെത്താൻ നമുക്ക് കഴിയാതെ പോകുന്നത് വേദനാജനകമായ കാര്യമാണ്. തെരുവുനായ്ക്കൾ ഇങ്ങനെ തെരുവിലൂടെ അലയാൻ അനുവദിക്കുന്നത് മൃഗസ്നേഹമല്ല അവയോടുള്ള ക്രൂരതയാണ്. തെരുവുനായ്ക്കൾ എന്നൊരു വിഭാഗം ഇവിടെ ഉണ്ടാകാതിരിക്കണം. നായ്ക്കൾ വളർത്തു മൃഗങ്ങളാണ്. അതിനെ നമ്മൾ സ്നേഹിക്കണം. വീടുകളിൽ വളർത്തുകയാണ് ചെയ്യേണ്ടത്. വീടുകളിൽ വളർത്താൻ കഴിവില്ലാത്തവർ വളർത്തരുത്. അത് പുറത്തുവന്നു മനുഷ്യജീവന് വെല്ലുവിളി ഉയർത്തുന്ന സാഹചര്യം ഉണ്ടായിക്കഴിഞ്ഞാൽ അതിന്റെ ഉടമസ്ഥർക്ക് എതിരെ നടപടിയെടുക്കാനുള്ള നിയമവും സത്വരശ്രദ്ധയും ഉണ്ടാകണം.

അതുപോലെ ഇപ്പോൾ നിലവിലുള്ള തെരുവ് നായകളെ നിയന്ത്രിക്കാനുള്ള പദ്ധതികളും രൂപീകരിക്കേണ്ടതുണ്ട്. പ്രായോഗികമായ ഒരു കാര്യം ഷെൽട്ടർ ഹൗസുകൾ ഉണ്ടാക്കുക എന്നുള്ളതാണ്. തെരുവുനായ്ക്കളെ തെരുവിൽ നിന്നും പിടിച്ച് ഷെൽട്ടർ ഹൗസുകളിലാക്കി അവയെ വന്ധ്യംകരിക്കുകയും ആഹാരം കൊടുത്ത് സംരക്ഷിക്കുകയും ചെയ്യേണ്ടത് പഞ്ചായത്തുകൾ വഴി നിർവഹിക്കേണ്ട മുഖ്യമായ കാര്യമാണ്. അങ്ങനെ നിർവഹിക്കപ്പെടുന്നുണ്ടെന്ന് സർക്കാരുകൾ ഉറപ്പുവരുത്തുകയും വേണം. വാസ്തവത്തിൽ കേരള ജനത അഭിമുഖീകരിക്കുന്ന ഭീതിജനകമായ ഒരു സാഹചര്യമാണ് ഇത്. പ്രായോഗികവും ജനോപകാരപ്രദവുമായ നടപടികൾ സ്വീകരിക്കാൻ ജനപ്രതിനിധികൾ മുന്നോട്ടിറങ്ങേണ്ടിയിരിക്കുന്നു. അതിന് വോളണ്ടറി അസോസിയേഷൻസ് രൂപീകരിച്ച് തയ്യാറായി വരണം. സർക്കാരുകളാണ് ഇക്കാര്യത്തിൽ മുൻകൈയെടുത്ത് എല്ലാ കാര്യങ്ങളും നിയന്ത്രിച്ച് നടപ്പിലാക്കേണ്ടത്. ജനങ്ങളുടെ ജീവന് സുരക്ഷ ഉറപ്പുവരുത്തണം. സർക്കാർ സംവിധാനങ്ങൾ ഇത്തരം കാര്യങ്ങളിൽ ഇന്ന് പരാജയപ്പെടുന്നുണ്ടെന്ന് പറയാതിരിക്കാൻ വയ്യ. ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ പാർട്ടികളെ ഉദ്ദേശിച്ചുകൊണ്ടല്ല ഇത് വ്യക്തമാക്കുന്നത്. ഭരിക്കുന്ന സർക്കാരുകൾ ഇക്കാര്യത്തിൽ വലിയ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറാകേണ്ടിയിരിക്കുന്നു. അതുകൊണ്ട് നമുക്ക് ഈ പ്രപഞ്ചത്തോടും എല്ലാ ജീവജാലങ്ങളോടും വലിയ സ്നേഹം ഉണ്ടാവേണ്ടതാണ്. ഈ ആവാസ വ്യവസ്ഥയെ സംരക്ഷിക്കാൻ നമുക്ക് വലിയ കടമയുണ്ടെന്ന് മറക്കാനാവില്ല. അതേസമയം തന്നെ മനുഷ്യരെ നിസ്സാരവൽക്കരിച്ച് ഒരിക്കലും പ്രകൃതിസംരക്ഷണം അല്ലെങ്കിൽ ആവാസവ്യവസ്ഥയെ സംരക്ഷിക്കുക എന്നുപറയുന്നത് പ്രായോഗികമല്ല.

ജാതിമത-വർഗ-വർണ വ്യത്യാസങ്ങൾക്ക് അതീതമായി എല്ലാവരെയും ദൈവത്തിന്റെ മക്കളാണെന്ന്

..... ശേഷം പേജ് 18-ൽ

www.malankaralibrary.com

# വനം – വന്യജീവി സംരക്ഷണം അനിവാര്യമോ?

**വന്യജീവികൾ വനമിറങ്ങി നാട്ടിലെത്തി കൃഷിയിടങ്ങൾ നശിപ്പിക്കുകയും മനുഷ്യരെ ആക്രമിക്കുകയും ചെയ്യുന്നത് വലിയ ക്രൂരതതന്നെയാണ്. എന്നാൽ, നാട്ടുമനുഷ്യർ കാടുകയറി വനനശീകരണം നടത്തുന്നതിനെക്കുറിച്ചും കാട്ടുമൃഗങ്ങളെ വേട്ടയാടുന്നതിനെക്കുറിച്ചും കാട്ടിൽ ഭക്ഷണമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെക്കുറിച്ചും നാം ചിന്തിക്കാറില്ല. ഈ ചിന്തകളെ അവലോകന വിധേയമാക്കുമ്പോഴാണ് വന്യജീവികൾ എന്തുകൊണ്ട് കാടിറങ്ങി നഗര–ഗ്രാമ വ്യത്യാസമില്ലാതെ വിഹരിക്കുന്നുവെന്ന് വ്യക്തമാകുന്നത്. വനത്തെ ആഴമായി അറിഞ്ഞിട്ടുള്ള ഒരു വനപാലകന്റെ നിരീക്ഷണ പാടവമാർന്ന ലേഖനം.**



**റോയ് മാത്യു**
***ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.), ഭൂതത്താൻകെട്ട്***

അരിക്കൊമ്പൻ ഇപ്പോൾ ഒരു അസ്വസ്ഥതയും മുന്നറിയിപ്പും ആയി മാറിക്കഴിഞ്ഞു. അരിക്കൊമ്പൻ, അരിക്കൊമ്പനായി വാഴിക്കപ്പെടുന്നതുവരെ വെറും ഒരു കാട്ടാനയായിരുന്നു. പച്ചിലയും പുല്ലും തിന്ന് അരുവികളിലും പുഴകളിലും വെള്ളം കുടിച്ച് അവന്റെ ആവാസവ്യവസ്ഥയിൽ സ്വതന്ത്രനായി വിഹരിച്ചിരുന്ന ഒരു കാട്ടാന. ഒരു കൂട്ടത്തിലെ അംഗമായിരുന്നിട്ടും ഒറ്റയ്ക്ക് ഇരതേടാൻ തുടങ്ങിയതോടെ അവന് ഒറ്റയാൻ എന്ന പേരും കിട്ടി. എന്നോ ഒരു ദിവസം ഏതോ വിധത്തിൽ അവൻ അരിയുടെ സ്വാദറിഞ്ഞു. അതിന്റെ സ്വാദിൽ ഇഷ്ടം തോന്നിയ അവൻ അതിന്റെ ഗന്ധം മനസ്സിൽ സൂക്ഷിച്ച് രാത്രികാലങ്ങളിൽ അരി തേടി ഇറങ്ങാൻ തുടങ്ങി. ഗന്ധം ഓർമയിൽ സൂക്ഷിക്കാനുള്ള ആനകളുടെ കഴിവ് സുവിദിതമാണല്ലോ. അങ്ങനെ അരി തേടി നടന്ന അവൻ അരി സൂക്ഷിച്ച വീടുകളും കടകളും തകർത്തു തുടങ്ങിയതോടെ നിസ്സഹായരായ ഒരു കൂട്ടം മനുഷ്യരുടെ ശത്രുവായി മാറി. അതോടൊപ്പം ടൂറിസം മേഖലയിലെ സ്വൈരവിഹാരത്തിനും അവന്റെ രാത്രി യാത്രകൾ ഒരു തടസ്സമായി മാറി. മാധ്യമങ്ങൾ വിഷയം ഏറ്റെടുത്തതോടെ അവൻ ശരിക്കും അരിക്കൊമ്പനായി വാഴിക്കപ്പെട്ടു. ആനയെ കൂട്ടിലടക്കണമെന്നും, അവന്റെ ആവാസവ്യവസ്ഥയിൽ അവനെ തുടരാൻ അനുവദിക്കണമെന്നും രണ്ടു വാദങ്ങൾ ഉണ്ടായി. നിയമവഴികൾ തേടിയതോടെ രണ്ടു വാദങ്ങളും ഭാഗീകമായി വിജയിക്കുകയും ചെയ്തു. ശേഷം നടന്നതെല്ലാം ഈ നാട്ടിലെ കൊച്ചുകുട്ടികൾക്ക് വരെ അറിയാം. പിന്നീട് മാധ്യമങ്ങൾ അരിക്കൊമ്പനൊപ്പം സ്ഥലം വിട്ടു. പക്ഷേ, അതിനുശേഷം ചില മാധ്യമങ്ങളിൽ ചിത്രങ്ങൾ സഹിതം ഒരു വാർത്ത വന്നു. അത്, അരിക്കൊമ്പൻ നാടുവിട്ടതിൽ ആശ്വസിച്ച് സ്വസ്ഥമായി ഉറങ്ങുന്ന ഒരു ഗ്രാമത്തിന്റേതോ, അവൻ ഇനി വരില്ലെന്ന് ഉറപ്പിച്ച് തുറന്ന പുതിയ അരി ഗോഡൗണിന്റേതോ, അതുമല്ലെങ്കിൽ പ്രതീക്ഷയോടെ മണ്ണിൽ കൃഷി ഇറക്കിയ കർഷകന്റേതോ ആയിരുന്നില്ല. അത് പുറമ്പോക്ക് ഭൂമിയിലടക്കം ടൂറിസം മാഫിയ ടെന്റുകൾ അടിച്ച് പുതിയ മേച്ചിൽപ്പുറങ്ങൾ തുറന്നതിന്റെ വാർത്തയും ചിത്രങ്ങളുമായിരുന്നു. ടെന്റുകൾ നീക്കം ചെയ്യാൻ അധികൃതർ നടപടി ആരംഭിച്ചതായും വാർത്തയിലുണ്ട്. തുടർ നടപടികൾ എവിടെയെത്തി എന്നറിയില്ല. അതുകൊണ്ടാണ് അരിക്കൊമ്പൻ ഒരു മുന്ന

www.malankaralibrary.com



റിയിപ്പാകുന്നത്. വന്യജീവി ഭീഷണി നേരിടുന്ന കർഷകരുടെ, വനത്തോട് ചേർന്ന് അധിവസിക്കുന്നവരുടെ അശാന്തമായ രാത്രികളുടെ നേർചിത്രം സൃഷ്ടിക്കുന്ന അസ്വസ്ഥത. അതോടൊപ്പം അവരുടെ ലേബലിൽ പ്രക്ഷോഭങ്ങൾ ഉണ്ടാക്കി തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന ടൂറിസം ലോബിയുടെ ഗൂഢലക്ഷ്യങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ്.

## മനുഷ്യജീവനേക്കാൾ വില വന്യജീവിക്കോ?

ഒരു വശത്ത് വനം – വന്യജീവി സംരക്ഷണത്തിന്റെ ആവശ്യകത വെളിപ്പെടുത്തുന്ന പഠന റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. മറുവശത്ത് അതിനെതിരായ വ്യാജപ്രചരണങ്ങളും. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികൾ ജനങ്ങൾക്ക് ഉണ്ടാക്കുന്ന പ്രശ്നങ്ങളേക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുമ്പോൾത്തന്നെ വളരെ സുശക്തമായ വന്യജീവി ആവാസവ്യവസ്ഥയിലൂടെ ഒട്ടും അനിവാര്യമല്ലാത്ത, ഒരുപക്ഷേ, ഒരു കർഷകനേയും സഹായിക്കാതെ ടൂറിസത്തിന്റെ വളർച്ചയ്ക്ക് മാത്രം ഉതകുന്ന, അതോടൊപ്പം ആവാസവ്യവസ്ഥ തകർക്കപ്പെടുന്നതോടെ അത് കടന്നുപോകുന്ന പ്രദേശങ്ങളിലെ മുഴുവൻ ജനങ്ങളുടേയും ഉറക്കം കെടുത്തുന്ന രീതിയിൽ വന്യജീവികളുടെ വിഹാരത്തിന് കാരണമായേക്കുമെന്ന് ഉറപ്പുള്ള പുതിയ സമാന്തര പാതകൾക്ക് വേണ്ടിയുള്ള മുറവിളികൾ കേട്ട് മൗനം പാലിക്കുന്നതിൽ ഒരു ദുരൂഹത സംശയിച്ചാൽ കുറ്റം പറയാനാകുമോ? ഇങ്ങനെ ദുരൂഹതകളും വെല്ലുവിളികളും നിറഞ്ഞ വനം – വന്യജീവി – പരിസ്ഥിതി സംരക്ഷണ മേഖലയെക്കുറിച്ചും അതിന്റെ പ്രസക്തിയേക്കുറിച്ചുമുള്ള ഒരു ചിന്ത പരിസ്ഥിതിയുമായി ബന്ധപ്പെട്ട് ഒരുപാട് ആചരണങ്ങൾ നടക്കുന്ന ഈ കാലയളവിൽ നല്ലതായിരിക്കുമെന്ന് തോന്നുന്നു.

വനം – വന്യജീവി സംരക്ഷണം ഒരാഢംബരമായും അനിവാര്യമല്ലാത്ത ഒരു കാര്യപരിപാടിയായും കുറേയേറെ ജനങ്ങളെ തെറ്റിധരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. സമൂഹത്തിലെ ഒരു വിഭാഗം ഉയർത്തുന്ന ചോദ്യം ഇതാണ്. മനുഷ്യന് ജീവിക്കാനുള്ളതല്ലേ ഭൂമി? മനുഷ്യജീവനേക്കാൾ വില കൽപ്പിക്കേണ്ടതുണ്ടോ വന്യജീവികളുടെ ജീവന്? ഒന്നാമത്തെ ചോദ്യത്തിന്റെ ഉത്തരം മനുഷ്യനും കൂടി ജീവിക്കാനുള്ളത് എന്നാണ്. രണ്ടാമത്തേതിന്റെ ഉത്തരം മനുഷ്യജീവന് തന്നെയാണ് വിലകൽപ്പിക്കുന്നത് എന്നുമാണ്. അതുകൊണ്ടാണ് വനത്തിനും വന്യജീവികൾക്കും ഇത്ര പ്രാധാന്യം നല്കുന്നത്. പക്ഷേ, മനുഷ്യൻ എന്ന പദത്തിനു പകരം മനുഷ്യരാശി എന്ന വിശാലമായ കാഴ്ചപ്പാടിലാണ് കാര്യങ്ങളെ കാണുന്നത് എന്നുമാത്രം. മനുഷ്യരാശിയുടെ നിലനിൽപ്പിനു വേണ്ടിയാണ് വനവും വന്യജീവികളും സംരക്ഷിക്കപ്പെടണമെന്ന നിർബന്ധം പുലർത്തുന്നത്. മനുഷ്യന് ജീവിക്കാൻ കുറച്ച് മണ്ണും താമസിക്കാൻ കുറച്ച് കെട്ടിടങ്ങളും ഉപജീവനത്തിനായി കുറച്ച് തൊഴിലും വ്യവസായങ്ങളും അതുവഴിയുള്ള സാമ്പത്തിക വളർച്ചയും മാത്രം മതിയാകു

www.malankaralibrary.com

മോ? അവന് ശ്വസിക്കാൻ ശുദ്ധവായുവും കുടിക്കാനും കുളിക്കാനും കൃഷിക്കുമെല്ലാം ശുദ്ധജലവും ആവശ്യമില്ലേ? ആരോഗ്യത്തോടെ ജീവിക്കാൻ ആരോഗ്യമുള്ള ഒരു അന്തരീക്ഷം ആവശ്യമില്ലേ? ഉണ്ട്. അതുകൊണ്ടാണ് ശുദ്ധവായുവും ശുദ്ധജലവും പ്രദാനം ചെയ്യുന്ന, പരിസ്ഥിതിയെ, ഭൂമിയെ മനുഷ്യവാസയോഗ്യമാക്കുന്ന വനങ്ങളും വനങ്ങളുടെ നിലനിൽപ്പിൽ സുപ്രധാന പങ്കുവഹിക്കുന്ന വന്യജീവികളും സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യതയായി മാറുന്നത്. ജീവന്റെ നിലനിൽപ്പിന് ആവശ്യമായ ഓക്സിജന്റെ ഏറിയപങ്കും ഉത്പാദിപ്പിക്കപ്പെടുന്നത് സമുദ്രത്തിലെ പ്ലവകങ്ങളിലല്ലേ എന്ന മറുചോദ്യമുണ്ടാകാം. പക്ഷേ, ആരോഗ്യമുള്ള സമുദ്രം ആരോഗ്യമുള്ള നദികളുടെ സംഭാവനയാണ്. ആരോഗ്യമുള്ള നദികൾ ആരോഗ്യമുള്ള വനത്തിന്റേയും ഉയർന്ന സംസ്കാരമുള്ള ജനതയുടേയും സംഭാവനയാണ്. തന്നെയുമല്ല, അന്തരീക്ഷത്തിലെ കാർബൺ സംയുക്തങ്ങളുടെ അളവ് ക്രമീകരിച്ച് നിർത്താൻ മരങ്ങൾക്കല്ലാതെ മറ്റെന്തിനാണ് കഴിയുക?

## പരസ്പര പൂരകങ്ങൾ

വനത്തിന്റെയും വന്യജീവികളുടെയും നിലനില്പ് പരസ്പര പൂരകങ്ങളായ രണ്ട് ഘടകങ്ങളാണ്. സൂക്ഷ്മജീവികൾ മുതൽ ആന പോലുള്ള വലിയ വന്യജീവികളുടെവരെ ഇടപെടലുകൾ കൊണ്ടാണ് അനേകായിരം വർഷങ്ങളിലൂടെ രൂപപ്പെട്ട ഒരു വനം സമ്പുഷ്ടമായിത്തീരുന്നതും നിലനിൽക്കുന്നതും. പരാഗണം, വിത്തുവിതരണം, പുനരുത്ഭവം, വളർച്ച, നിലനില്പ് എന്നിങ്ങനെ ഒരു വനം വനമായി നിലനിൽക്കുന്നതിന്റെ ഓരോ ഘടകത്തിലും ഈ ജീവിവർഗങ്ങളുടെ വ്യക്തമായ ഇടപെടലുകളുണ്ട്. ഒന്നു ചിന്തിക്കുക, സസ്യഭുക്കുകളായ മൃഗങ്ങളും പക്ഷികളുമാണ് ഏറിയ പങ്കും വിത്തുവിതരണം നടത്തുന്നത്. അതേസമയം തൈകൾ ഭക്ഷിക്കുന്നതും സസ്യഭുക്കുകളാണ്. സസ്യഭുക്കുകളുടെ എണ്ണത്തിൽ ക്രമാതീതമായി ഉണ്ടാകുന്ന വർധനവ് കാടിനെ നശിപ്പിക്കും. അത് സംഭവിക്കാതിരിക്കുന്നത് മാംസഭുക്കുകൾ സസ്യഭുക്കുകളുടെ എണ്ണം ക്രമീകരിക്കുന്നതുകൊണ്ടാണ്. മറിച്ച് സസ്യഭുക്കുകളുടെ നാശത്തോടെ മാംസഭുക്കുകൾ നശിക്കുകയും ചെയ്യുന്നു. അപ്പോൾ നിലനിൽപ്പിന് എല്ലാം ക്രമമായി ഉണ്ടാകണം. അത് പ്രകൃതി തന്നെ ഏർപ്പെടുത്തിയിരിക്കുന്ന ഒരു സംവിധാനമാണ്. വനമില്ലാതെ വന്യജീവികൾക്കും നിലനിൽപ്പില്ല. അതുകൊണ്ടാണ് ഇവ രണ്ടും പരസ്പര പൂരകങ്ങളാണ് എന്നു പറഞ്ഞത്. ഒന്നില്ലാതെ മറ്റൊന്നിന് നിലനിൽപ്പില്ല. ഇവ രണ്ടുമില്ലാതെ മനുഷ്യനും.

## വനനിയമങ്ങളും പരിസ്ഥിതിയും

മനുഷ്യർ താമസിക്കുന്ന/കൃഷി ചെയ്യുന്ന ഭൂമിയെല്ലാം തിരികെ വനമാക്കണമെന്നോ, അത് വന്യജീവികൾക്ക് വിട്ടുനല്കണമെന്നോ അല്ല വനം – വന്യജീവി സംരക്ഷണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിൽ വനമായിട്ടുള്ളവയെ ഒട്ടും കുറയാതെ വനമായിത്തന്നെ നിലനിർത്തണമെന്നും വന്യജീവികളെ അവയുടെ ആവാസവ്യവസ്ഥയിൽ മനുഷ്യ ഇടപെടൽ കൂടാതെ ജീവിക്കാൻ അനുവദിക്കണം എന്നുമാണ്. ഈ ലക്ഷ്യത്തോടെയാണ് വനം–വന്യജീവി സംരക്ഷണത്തിനായി ബൃഹത്തായ ഒരു സംവിധാനം രൂപപ്പെടുത്തിയത്. ഇന്ത്യയിലെ വനസംരക്ഷണ സംവിധാനത്തിന്റെ തുടക്കം 1864–ൽ ആണ്. ഇംപീരിയൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് എന്ന പേരിലായിരുന്നു ആരംഭം. വനങ്ങളുടെ കുത്തക തങ്ങളിൽ നിക്ഷിപ്തമാക്കുകയും, വിലപിടിപ്പുള്ള തടികൾ ശേഖരിച്ച് കടത്തിക്കൊണ്ടുപോവുകയും ചെയ്യുക എന്നതായിരുന്നു ബ്രിട്ടീഷ് കോളനി സർക്കാർ ഇതുവഴി ലക്ഷ്യമിട്ടത്. ഇതിന്റെ തുടർച്ചയായി 1865–ൽ ഇന്ത്യൻ ഫോറസ്റ്റ് ആക്ട് നിലവിൽ വന്നു. 1927–ൽ ഈ നിയമം പരിഷ്കരിച്ച് നിലവിലുള്ള ഇന്ത്യൻ ഫോറസ്റ്റ് ആക്ട് നടപ്പിൽ വരുത്തി. പിന്നീട് ഇതിന്റെ ചുവടുപിടിച്ചാണ് 1961–ലെ കേരള വനനിയമം ഉൾപ്പെടെ സ്വതന്ത്ര ഇന്ത്യയിൽ സംസ്ഥാന വന നിയമങ്ങൾ നിലവിൽ വന്നത്. 1864–ൽ രാജ്യത്ത് വനം വകുപ്പ് നിലവിൽ വന്നെങ്കിലും ആദ്യ ദേശീയ വന നയം രൂപപ്പെടുത്തിയത് 1894–ൽ മാത്രമാണ്. അപ്പോൾ മാത്രമാണ് പരിസ്ഥിതിയ്ക്ക് ആവശ്യമായ വനാവരണം നിലനിർത്തുക എന്ന ലക്ഷ്യം പരിമിതമായെങ്കിലും ഉൾപ്പെടുത്തിയത്. അതോടൊപ്പം പ്രാദേശിക ജനങ്ങളുടെ വനവിഭവ ആവശ്യങ്ങൾ നിറവേറ്റുക എന്നതും പരമാവധി വരുമാനമുണ്ടാക്കുന്ന ഒരു സ്രോതസ്സായും വനത്തെ നിലനിർത്തുക എന്നിവയും ഉദ്ദേശലക്ഷ്യങ്ങളായി. ഇത് സത്യത്തിൽ വനപരിപോഷണത്തിന് പകരം വനശോഷണത്തിനാണ് ഇടയാക്കിയത്. എന്നാൽ ഇന്ത്യ സ്വതന്ത്രയായ ശേഷം 1952–ൽ നമ്മുടെ രാജ്യം ഒരു ദേശീയ വന നയം രൂപപ്പെടുത്തിയപ്പോൾ അതിന്റെ ലക്ഷ്യം രാജ്യത്തിന്റെ ഭൂവിസ്തൃതിയുടെ 33 ശതമാനം വനാവരണത്തിന് കീഴിൽ കൊണ്ടുവരിക അല്ലെങ്കിൽ വനമായി നിലനിർത്തുക എന്നതായിരുന്നു. പക്ഷേ, രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിലെ പ്ര

www.malankaralibrary.com

ശ്നങ്ങൾ, തുടർന്ന് ഇങ്ങോട്ട് ഉണ്ടായ ജനസംഖ്യാ വളർച്ച, വർധിച്ച ഭക്ഷ്യവിഭവ ആവശ്യം നിറവേറ്റുന്നതിനായി ഗ്രോ മോർ ഫുഡ് പോലുള്ള പദ്ധതികൾക്കായി വനം വെട്ടിത്തെളിച്ചത്, ഡാമുകളുടെ നിർമാണം, വനഭൂമിയിലുണ്ടായ കുടിയേറ്റങ്ങൾ, അടിസ്ഥാന സൗകര്യ വികസനം ഇതെല്ലാം മൂലം ഇന്നും ആ ലക്ഷ്യത്തിലെത്താൻ രാജ്യത്തിന് കഴിഞ്ഞിട്ടില്ല. ആദ്യഘട്ടത്തിൽ നേരിയ പുരോഗതി കൈവരിച്ചെങ്കിലും 1970 -കളിൽ നിന്നും 1990 കളുടെ അവസാനത്തിൽ എത്തിയപ്പോൾ മൊത്തം വനാവരണത്തിൽ (Forest Cover) വലിയ തോതിലുള്ള കുറവുണ്ടായതായി കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകും. 1970ലെ 76.5 മില്യൺ ഹെക്ടറിൽ നിന്നും 1999 ആയപ്പോൾ 63.73 മില്യൺ ഹെക്ടറായാണ് കുറഞ്ഞത്. ഇത് റിസർവ് വനങ്ങളുടെ കണക്കല്ല എന്നും മനസ്സിലാക്കണം. 1976-ൽ ഭരണഘടനയുടെ 42-ാം ഭേദഗതിയിലൂടെ വനത്തെ ഇന്ത്യൻ പാർലമെന്റ് കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും 1980-ൽ ഇന്ത്യൻ വനസംരക്ഷണ സംവിധാനത്തിൽ നാഴികക്കല്ലായി മാറിയ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് നടപ്പിൽ വരുത്തുകയും ചെയ്തില്ലായിരുന്നുവെങ്കിൽ സ്ഥിതി ഇതിലും വളരെ ഗുരുതരമാകുമായിരുന്നു. ഈ കാലയളവിൽത്തന്നെയാണ് ഇന്ത്യൻ പാർലമെന്റ് വന്യജീവി സംരക്ഷണ നിയമം പാസ്സാക്കിയത് (1972-ൽ). 1985-ൽ വനം - വന്യജീവി സംരക്ഷണ വിഷയങ്ങളെ കൃഷി മന്ത്രാലയത്തിന് കീഴിൽ നിന്നും വനം - പരിസ്ഥിതി മന്ത്രാലയം എന്ന പുതിയ മന്ത്രാലയത്തിന് കീഴിലേക്ക് മാറ്റുകയും ചെയ്തു (ഈ മന്ത്രാലയമാണ് പിന്നീട് Ministry of Environment, Forest and Climate Change of India എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളത്). വനം - വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം നാം കൂടുതൽ തിരിച്ചറിയുകയായിരുന്നു എന്നുവേണം മനസ്സിലാക്കാൻ. കൂടാതെ ഭൂമിയുടെ വൃക്ഷാവരണം വിപുലപ്പെടുത്തുന്നതിനായി സാമൂഹിക വനവത്കരണം, അഗ്രോ ഫോറസ്ട്രി മുതലായ പദ്ധതികൾ നടപ്പാക്കുകയും 1988-ലെ ദേശീയ വനനയം വഴി ജനങ്ങളെ വനസംരക്ഷണത്തിൽ പങ്കാളികളാക്കുന്ന പങ്കാളിത്ത വനപരിപാലനം (Participatory Forest Management) എന്ന ആശയം നടപ്പിൽ വരുത്തുകയും ചെയ്തു. ഇത്രയൊക്കെ ചെയ്തിട്ടും ഓപ്പൺ ഫോറസ്റ്റ് ഉൾപ്പെടെ രാജ്യത്തിന്റെ ഭൂവിസ്തൃതിയുടെ 21.71 ശതമാനം മാത്രമാണ് ഇപ്പോൾ വനമായി കണക്കാക്കാനാകുന്നത് എന്നാണ് കണക്കുകൾ കാണിക്കുന്നത്.

## ദേശീയ വനനയ ലക്ഷ്യം

രാജ്യത്തെ ജനങ്ങൾക്ക് ആരോഗ്യത്തോടെ ജീവിക്കാനുള്ള പരിസ്ഥിതി സാഹചര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്വതന്ത്ര ഇന്ത്യയുടെ ആദ്യ ദേശീയ വനനയത്തിൽ 33 ശതമാനം ഭൂവിഭാഗം വനമായി സംരക്ഷിക്കുക എന്ന ലക്ഷ്യം മുന്നിൽ വച്ചതെന്നും, 1952 ലെ 37.3 കോടിയിൽ നിന്നും 2023- ൽ 142.86 കോടിയിൽ ജനസംഖ്യ എത്തി എന്നും കൂടി ഓർക്കുക. ഇനി കേരളത്തിലേക്ക് വന്നാൽ, റിസർവ് വനങ്ങളും നിക്ഷിപ്ത വനങ്ങളും പരിസ്ഥിതി ദുർബല പ്രദേശങ്ങളും ഉൾപ്പെടെ സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ 29.65 ശതമാനം വനമുണ്ടെന്ന് കണക്കാക്കപ്പെടുന്നു (11524.149 ച.കിമീ). ഇതിന് വിരുദ്ധമായി സംസ്ഥാനത്ത് വനഭൂമിയുടെ അളവിൽ വൻ വർധന ഉണ്ടായെന്നും, നിലവിൽ 54 ശതമാനത്തിന് മുകളിൽ വനമുണ്ടെന്നും, വനം - വന്യജീവി സംരക്ഷണത്തെ എതിർക്കുന്ന ഒരു വിഭാഗം ആളുകൾ സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നത് അടുത്തിടെ ശ്രദ്ധയിൽപ്പെട്ടു. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ കണക്കുകൾ ഉദ്ധരിച്ചാണ് പ്രചരണം. ആ കണക്കിൽ പറയുന്ന 21253 ചതുരശ്ര കിലോമീറ്ററിൽ 9837 ച.കിമീ ഓപ്പൺ ഫോറസ്റ്റ് ആണ് എന്ന വസ്തുത അവർ മറച്ചുവയ്ക്കുന്നു. ഓപ്പൺ ഫോറസ്റ്റ് എന്നതുകൊണ്ട് 10 ശതമാനം മുതൽ 40 ശതമാനം വരെ വൃക്ഷാവരണം ഉള്ള സംരക്ഷിത വനങ്ങളല്ലാത്ത മുഴുവൻ ഭൂപ്രദേശങ്ങളെയുമാണ് ഉദ്ദേശിക്കുന്നത് എന്നത് മനസ്സിലാക്കേണ്ടതുണ്ട്. വനം വകുപ്പ് സാധാരണക്കാരന്റെ ഭൂമി തട്ടിയെടുത്ത് വനമാക്കിക്കൊണ്ടിരിക്കുന്നു എന്ന് സാധാരണ ജനങ്ങൾ വിശ്വസിച്ചാൽ സ്ഥാപിത താല്പര്യക്കാർക്ക് കാര്യങ്ങൾ എളുപ്പമാകും എന്നതാണ് ഈ പ്രചരണത്തിന്റെ ലക്ഷ്യം. ലോകത്തെ 36 ബയോഡൈവേഴ്സിറ്റി ഹോട്ട് സ്പോട്ടുകളിൽ ഒന്നായ പശ്ചിമഘട്ടത്തിലാണ് കേരളം സ്ഥിതിചെയ്യുന്നത് എന്നതിനാൽ ഈ ശതമാനക്കണക്ക് നമുക്ക് അത്ര ആശ്വാസകരമാണ് എന്ന് പറയാനാവില്ല. പക്ഷേ, കേരളത്തിലെ ജനസാന്ദ്രത പരിഗണിക്കുമ്പോൾ ഇത്രയും നിലനിർത്താനായതിൽ നമുക്ക് ചെറുതായി അഭിമാനിക്കാം. പക്ഷേ, കണക്കുകളിൽ ആശ്വസിക്കുമ്പോഴും 1977-ന് മുൻപുള്ള വനഭൂമി കയ്യേറ്റങ്ങൾ ക്രമീകരിച്ച് പതിച്ചു നല്കിയ ഭൂമിയും ഇതുവരെ ക്രമീകരിക്കപ്പെടാത്ത കൈയേറ്റങ്ങളും റിസർവ് വനം എന്ന സ്റ്റാറ്റസിൽ നിലനിൽക്കുന്നു എന്നതും അറിയേണ്ടതുണ്ട്.

www.malankaralibrary.com

## ആവാസവ്യവസ്ഥയുടെ തകർച്ച

അടുത്ത കാലത്തായി കേരളത്തിലെ വനസംരക്ഷണ പ്രവർത്തനങ്ങൾക്കും പ്രവർത്തകർക്കുമെതിരെ ഒരു വലിയ പ്രതിരോധം ഉയർന്നുവരുന്നുണ്ട്. ഇതിന് നിരവധി കാരണങ്ങളുണ്ട്. സംസ്ഥാന രൂപീകരണത്തിന് ശേഷം വനഭൂമിയിൽ കുടിയിരുത്തപ്പെട്ടവരും കുടിയേറിയവരുമായ ജനങ്ങൾ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന വനഭൂമിക്ക് ചുറ്റും താമസിക്കുന്നവരും, അല്ലെങ്കിൽ വനത്താൽ ചുറ്റപ്പെട്ട് താമസിക്കുന്നവരുമാണ്. ഇത്തരം ഒരുപാട് പ്രദേശങ്ങളിൽ ഇന്ന് വന്യജീവികൾ നാട്ടിലിറങ്ങി വിളകൾ നശിപ്പിക്കുന്നതും, ജീവനും സ്വത്തിനും ഹാനിയുണ്ടാക്കുന്നതും പതിവായിട്ടുണ്ട്. അനേകം മനുഷ്യജീവനുകളും അപഹരിച്ചു. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഇത് വളരെയധികം വർധിച്ചു. കാട്ടാനയും കാട്ടുപന്നിയും, ഇപ്പോൾ കാട്ടുപോത്തും മലയോര മേഖലകളിൽ ഭീതി പരത്തുന്നു, നാശനഷ്ടങ്ങൾ വരുത്തുന്നു. ചിലപ്പോൾ മനുഷ്യരുടെ ജീവനെടുക്കുന്നു. കാട്ടുപന്നികളുടെ ശല്യം ഇത്രത്തോളം ഇല്ലെങ്കിലും പണ്ടേ ഉള്ളതാണ്. അത് നിയന്ത്രിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളിൽ ജനങ്ങൾ തൃപ്തരല്ല എന്നത് വിസ്മരിക്കുന്നില്ല. മാനുകളും മ്ലാവുകളും കുരങ്ങ്, മലയണ്ണാൻ തുടങ്ങിയവയും കുറഞ്ഞ തോതിൽ വിളനാശം വരുത്തുന്നുണ്ടെങ്കിലും മറ്റ് ഭീഷണികൾ ഉയർത്തുന്നില്ല എന്നാണ് അനുഭവം. കാട്ടുപോത്തുകൾ അടുത്തിടെയാണ് കാര്യമായി വനം വിട്ട് ഇറങ്ങാൻ തുടങ്ങിയത്. കടുവയും പുലിയും വനാതിർത്തി ഗ്രാമങ്ങളിൽ ഇറങ്ങുന്നു. ഈ കാടിറക്കത്തിന്റെ കാരണങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതോടൊപ്പം ജനങ്ങളുടെ ഭീതി അകറ്റാൻ വേണ്ട നടപടികൾ സത്വരമായി സ്വീകരിക്കേണ്ടതുമുണ്ട്. പക്ഷേ, പലപ്പോഴും വ്യാപകമായ ഭീഷണി ഉയർത്തുന്നത് കാട്ടാന തന്നെയാണ്. ഇതിന്റെ കാരണങ്ങൾ നിഷ്പക്ഷമായി വിലയിരുത്തിയാൽ, മാറിയ കാർഷിക രീതികൾക്കും വലിയ പങ്കുണ്ട് എന്ന് പറയേണ്ടിവരും. മറ്റ് കൃഷികൾ നഷ്ടമായതുകൊണ്ടോ, അല്ലെങ്കിൽ കൂടുതൽ ലാഭം പ്രതീക്ഷിച്ചോ വനാതിർത്തികളിലെ കൃഷിഭൂമികളിൽ പൈനാപ്പിളും വാഴയും കൃഷി ചെയ്യാൻ തുടങ്ങി, കുരുമുളക് ചെടികൾക്ക് താങ്ങായി മുരിക്കിന് പകരം പ്ലാവുകൾ നട്ടും. കാലാവസ്ഥാ വ്യതിയാനവും കാട്ടുതീയും വേട്ടയും മനുഷ്യരുടെ വനത്തിനുള്ളിലെ മറ്റ് ഇടപെടലുകളും എല്ലാം ചേർന്ന് തകർത്തുകളഞ്ഞ ആവാസവ്യവസ്ഥയിൽ നിന്ന് ഭക്ഷണവും വെള്ളവും സുരക്ഷിതത്വവും തേടി നാട്ടിലെത്തിയ കാട്ടാനകൾ ധാരാളം ജലാംശമുള്ളതും രുചികരവുമായ ഈ കൃഷികളെ ഭക്ഷണമാക്കിയതോടെ തിരികെ കാടുകേറാതായി. ഒരുവിധം അവയെ തുരത്തിയാൽ മറ്റൊരു കൂട്ടം വരും. പിന്നീട് കാട്ടിലെ ഭക്ഷണത്തിന്റെ ദൗർലഭ്യത്തിലുപരി ശീലിച്ച രുചികരമായ ഭക്ഷണത്തോടുള്ള ആസക്തിയിലാണ് ഇവ കാടിറങ്ങുന്നത് എന്നാണ് മനസ്സിലാകുന്നത്. കാരണം കാട്ടിൽ ഭക്ഷണവും വെള്ളവും സുലഭമായ വർഷകാലത്തും ഇപ്പോൾ കാട്ടാനകൾ കാടിറങ്ങുന്നു. പക്ഷേ, കൃഷിരീതികൾ മാറ്റണമെന്ന് ഇനി കർഷകരോട് പറയാൻ കഴിയില്ല. അതിൽ വലിയ എതിർപ്പ് നേരിടാം എന്നുമാത്രമേയുള്ളൂ. വന്യജീവികളെ എങ്ങിനെ കാട്ടിനുള്ളിൽ തടയാം എന്ന് നോക്കുക മാത്രമാണ് പരിഹാരം. സോളാർ ഫെൻസിംഗുകൾ കുറേയൊക്കെ ഫലപ്രദമാണ്, സുതാര്യവും കാര്യക്ഷമവുമായി പദ്ധതി നടപ്പിൽ വരുത്തിയാൽ. അതിന് ഔദ്യോഗിക തലത്തിലും ഭരണ – രാഷ്ട്രീയ തലങ്ങളിലും മതിയായ ഇച്ഛാശക്തി ഉണ്ടാകണം. കൂടാതെ നല്ല പൊതുജന സഹകരണവും വേണം. മുഖ്യ വനപാലകൻ മുതൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, റിസർവ് ഫോറസ്റ്റ് വാച്ചർ തുടങ്ങിയ മുഴുവൻ തസ്തികകളിലും കൂടി ആറായിരത്തിൽ താഴെ സംരക്ഷണ വിഭാഗം ജീവനക്കാരുള്ള ഒരു വകുപ്പിൽ നിന്നുമാണ് സംരക്ഷണവുമായി നേരിട്ട് ബന്ധപ്പെടാത്ത വിഭാഗങ്ങളിലേക്കും ഉദ്യോഗസ്ഥരെ വിന്യസിക്കുന്നത്. അതുകൊണ്ടുതന്നെ ജീവനക്കാരെക്കൊണ്ട് മാത്രം സംസ്ഥാനത്തെ മുഴുവൻ വനം–വന്യജീവി സംരക്ഷണവും, മനുഷ്യ – വന്യജീവി സംഘർഷ പരിഹാരവും നടപ്പിലാക്കാൻ കഴിയില്ല. അവിടെ സ്വാഭാവികമായും പ്രാദേശികമായി ജനങ്ങളുടെ പിന്തുണ അനിവാര്യമാണ്. അങ്ങനെ ലഭിക്കുന്ന ഇടങ്ങളിൽ പദ്ധതികൾ വിജയിക്കുന്നുമുണ്ട്. കാട്ടാനകൾ സാധാരണ വൈദ്യുതി ഫെൻസിംഗുകൾ പരാജയപ്പെടുത്തുന്നുണ്ട്. പകരം ഹാങ്ങിങ് ഫെൻസിങ്, റെയിൽ ഫെൻസിങ് തുടങ്ങിയ മാർഗങ്ങളും നടപ്പാക്കിവരുന്നു. എന്നാൽ പൊതുവെ ജനങ്ങൾ ആവശ്യപ്പെടുന്ന ട്രഞ്ച് എന്ന ആവശ്യം നിറവേറ്റാൻ

www.malankaralibrary.com



സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ ഒരുപാട് കാത്തിരിക്കേണ്ടിവന്നേക്കാം. കാരണം, ചെയ്തുതീർക്കേണ്ട ജോലിയുടെ അളവ് തന്നെ. കാലാനുസൃതമായി കാര്യങ്ങൾ നടത്താനുള്ള ബജറ്റ് വിഹിതം വനം വകുപ്പിന് നല്കുന്നില്ല എന്ന് വിമർശനവും ജനങ്ങളുടെ ഇടയിലുണ്ട്. അതും പരിഹരിക്കപ്പെടണം. അതേ സമയം മുൻപ് ജനങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന സഹകരണം പോലും അവരിൽ നിന്ന് ലഭിക്കാത്തവിധം ജനങ്ങളെ വനം വകുപ്പിന്റെ ശത്രുക്കളും വികസന വിരോധികളും ആയി ചിത്രീകരിക്കാൻ ചില സംഘടനകൾ ശ്രമിക്കുന്നത് സംരക്ഷണ പ്രവർത്തനങ്ങൾക്ക് തിരിച്ചടിയാകുന്നുണ്ട്. അതിൽ ഒരുപാട് ഗൂഢലക്ഷ്യങ്ങളുണ്ടോ എന്ന സംശയവും ബലപ്പെട്ടുവരുന്നു. മലയോര കാർഷിക മേഖലയിലും വനാതിർത്തി ഗ്രാമങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലും പരിഹരിക്കപ്പെടാത്ത, എന്നാൽ അടിയന്തരമായി പരിഹരിക്കപ്പെടേണ്ട വന്യജീവി ശല്യം പോലുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. പക്ഷേ, അതിന്റെ പരിഹാരം ഒരു ജനതയ്ക്കും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടവർക്കും ഇടയിൽ ശത്രുതയുണ്ടാക്കലല്ല എന്ന് ഇക്കൂട്ടർ മനസ്സിലാക്കേണ്ടതുണ്ട്. വനം – വന്യജീവി നിയമങ്ങൾ പഴഞ്ചനാണെന്നും, അവയെല്ലാം മാറ്റേണ്ടതുണ്ടെന്നും വാദിക്കുന്ന ഇക്കൂട്ടർ ഒരു തുറന്ന വനവും വന്യജീവികളുടെമേൽ നിയന്ത്രണമില്ലാത്ത അവകാശങ്ങളുമാണ് വേണ്ടതെന്ന് ജനങ്ങളെ പഠിപ്പിക്കാൻ ശ്രമിക്കുന്നു.

## ജീവി വർഗങ്ങളുടെ നാശം

പലപ്പോഴും ഉയർന്നുവരാറുള്ള ഒരു നിർദേശം, വന്യജീവികളെ നിയന്ത്രിതമായി കൊന്നൊടുക്കുക, ലൈസൻസുള്ളവർക്ക് വേട്ടയാടാൻ അനുമതി നല്കുക, അവയുടെ മാംസം ഭക്ഷണമാക്കാൻ അനുവദിക്കുക എന്നതൊക്കെയാണ്. അങ്ങനെ സംഭവിച്ചാൽ, വന്യജീവി സംരക്ഷണ നിയമത്തിന്റെ പ്രസക്തി എന്ത് എന്ന് ചിന്തിക്കേണ്ടതുണ്ട്. ഇത്രയും കർശനമായ നിയമങ്ങളുണ്ടായിട്ടും ഇത്രമാത്രം വന്യജീവി കുറ്റകൃത്യങ്ങൾ ഉണ്ടാകുന്ന ഒരു നാട്ടിൽ നിയമങ്ങളിൽ ഇളവ് വരുത്തി വന്യജീവികളെ വെടിവച്ച് കൊല്ലാനും അവരുടെ മാംസം ഉപയോഗിക്കാനും അനുവദിച്ചാൽ അതിന്റെ പ്രത്യാഘാതം എന്തെന്ന് പ്രവചിക്കാനാകുമോ? വിദേശരാജ്യങ്ങളിൽ ഇത് നടക്കുന്നു എന്നാണ് വാദം. അവിടെ വേട്ടയാടാൻ അനുവദിക്കപ്പെടുന്ന ജീവിവർഗങ്ങളുടെ പോപ്പുലേഷൻ, വാർഷിക വർധനവ്, നിയമങ്ങളോടുള്ള പൗരന്റെ ബഹുമാനം ഇവയെല്ലാം കണക്കിലെടുക്കേണ്ടതല്ലേ? ഇവിടെ പൊതു നിരത്തുകളിൽ നമ്മൾ ട്രാഫിക് നിയമങ്ങൾ പാലിക്കുന്ന രീതിയും, ഈ പറയുന്ന രാജ്യങ്ങളിൽ പൗരൻമാർ അത് പാലിക്കുന്നതും ഒന്ന് താരതമ്യം ചെയ്താൽത്തന്നെ ഈ നിർദേശങ്ങളുടെ പ്രായോഗികത എത്രയെന്ന് ബോധ്യപ്പെടും. പ്രായോഗികതലത്തിൽ വരുമ്പോൾ നമ്മുടെ രീതികൾ വച്ച് ചിലപ്പോൾ ചില ജീവിവർഗങ്ങൾ ഭൂമുഖത്തുനിന്നും തുടച്ചുനീക്കപ്പെടുന്നതിന് ഈ തുറന്നിടൽ കാരണമായേക്കാം. അതിന് ഉദാഹരണമാണ് കഴിഞ്ഞ നൂറ്റാണ്ടിൽ ഇന്ത്യയിൽ നിന്ന് ഇല്ലാതായിപ്പോയ ചീറ്റകളും മലബാർ വെരുകുകൾക്ക് വന്ന നാശവും. കണക്കിൽപ്പെടാതെ നശിച്ചുപോയവ എത്രയുണ്ടെന്ന് ആർക്കറിയാം.

മറ്റൊരു നിർദേശം, കാട്ടിനുള്ളിൽത്തന്നെ വന്യജീവികൾക്ക് ആവശ്യത്തിന് ഭക്ഷണം ഒരുക്കുക, അതിനായി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക എന്നതാണ്. ഇത് വളരെ ദുഷ്കരമായ ഒരു പ്രവർത്തിയാണ്. സ്വാഭാവികമായും വച്ചുപിടിപ്പിക്കുന്ന തൈകൾ മൃഗങ്ങൾ തിന്നുനശിപ്പിക്കും. അപ്രായോഗികം എന്നല്ല ഈ പറഞ്ഞതിനർഥം. വളരെ ആവർത്തി ചെയ്യേണ്ടി വന്നേക്കാവുന്ന, ഒരുപാട് സമയം എടുത്തേക്കാവുന്ന ഒരു പ്രവർത്തിയാകും അത്. വന്യജീവി സാന്നിധ്യമുള്ള മേഖലകളിൽ വച്ചുപിടിപ്പിക്കുന്ന പുതിയ പ്ലാന്റേഷനുകളിലെ അനുഭവം അതാണ് തെളിയിക്കുന്നത്.

## നഷ്ടപ്പെടുന്ന ആവാസവ്യവസ്ഥ

ചിലർ പറയുന്നത്, മനുഷ്യനെ സംരക്ഷിക്കുന്നതിനായി തയ്യാറാക്കിയ നിയമങ്ങളേക്കാൾ ശക്തമാണ് വനം – വന്യജീവി സംരക്ഷണ നിയമങ്ങൾ എന്നാണ്.

www.malankaralibrary.com

അത് തെറ്റിധാരണയാണ്. മനുഷ്യർക്കെതിരെയുള്ള അതിക്രമങ്ങൾക്ക് നല്കുന്നത്ര ശിക്ഷ നല്കാവുന്ന ഒരു വകുപ്പും വനം – വന്യജീവി നിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ശിക്ഷാനിരക്ക് കൂടുന്നതിലാകാം അത്തരം ഒരു വിമർശനം. ശിക്ഷാനിരക്ക് കൂടുന്നത് നിരവധി ഘടകങ്ങളെ ആശ്രയിച്ചാണ്. അതോടൊപ്പം നാം ഓർക്കേണ്ടത് വന്യജീവികളുടെ എണ്ണം മനുഷ്യരുമായി താരതമ്യം ചെയ്യുമ്പോൾ എത്ര പരിമിതമാണെന്നും, കർശന നിയമങ്ങളില്ലെങ്കിൽ അവ എത്ര വേഗം നശിപ്പിക്കപ്പെടുമെന്നുമാണ്. ആദ്യഘട്ടത്തിൽ പറഞ്ഞതുപോലെ ഓരോ ജീവിവർഗത്തിന്റേയും നിലനിൽപ്പിനെ ആശ്രയിച്ചുതന്നെയാണ് മനുഷ്യവർഗത്തിന്റെ നിലനിൽപ്പും. മനുഷ്യന് മാത്രമായി ഈ ഭൂമിയിൽ ജീവിച്ചുപോകാനൊന്നും കഴിയില്ല. ഓരോന്നിന്റെയും നാശത്തിന്റെ പ്രത്യാഘാതങ്ങൾ നാം നേരിട്ട് അനുഭവിക്കുന്നുണ്ട്, ശ്രദ്ധിക്കപ്പെടുന്നില്ല എന്നുമാത്രം. നാട്ടിൽ സർവസാധാരണമായി കണ്ടുവന്നിരുന്ന ചേരകളുടെ എണ്ണത്തിൽ വന്ന കുറവ് എലികൾ പെരുകാൻ ഇടയാക്കി. ഫലം മരണകാരണമാകുന്ന രോഗങ്ങൾ. കാക്കകളും പരുന്തുകളും മൂങ്ങയും കഴുകനുമെല്ലാം ഭീഷണിയിലാണ്. പണ്ട് നെൽപ്പാടങ്ങളിൽ തെങ്ങിൻമടലുകൾ കുത്തി നിർത്തിയിരുന്ന കാഴ്ചകൾ കാണാമായിരുന്നു. കൃഷി നശിപ്പിക്കുന്ന എലികളെ പിടിക്കാൻ മൂങ്ങകൾക്ക് ഒരുക്കിയ ഇരിപ്പിടങ്ങളായിരുന്നു അവ. ഇന്ന് നെൽവയലുകൾ അപ്രത്യക്ഷമായതിനാൽ അതേക്കുറിച്ചുള്ള ആധി വേണ്ട. ഇന്നത്തെ എത്ര കുട്ടികൾ മരം കൊത്തിയെ കണ്ടിട്ടുണ്ട്? അപ്പോൾ, ആവാസവ്യവസ്ഥ നഷ്ടപ്പെട്ടുതന്നെ ജീവിവർഗങ്ങൾ നശിക്കുന്നുണ്ട്. അങ്ങിനെയെങ്കിൽ കൊന്നൊടുക്കുന്ന കാലം ബാക്കിവയ്ക്കുന്നത് എന്തായിരിക്കും എന്ന് ചിന്തിക്കുക.

## ജലശോഷണത്തിന്റെ മുന്നറിയിപ്പ്

ഇതൊക്കെ വെറും ഭീഷണിയാണെന്നോ, ഇതൊന്നും നമ്മളെ ബാധിക്കുകയില്ല എന്നോ നാം കരുതേണ്ടതില്ല. കഴിഞ്ഞ വർഷം സൂചിമുഖി പരിസ്ഥിതി മാസികയിൽ വന്ന ഒരു വാർത്തയുടെ ചുരുക്കം ഇങ്ങനെയാണ്. കേരളത്തേക്കാൾ 20 ഇരട്ടിയോളം വിസ്തൃതിയും പകുതിയിൽ അല്പം കൂടുതൽ മാത്രം ജനസംഖ്യയും, 562 നദികളും (കേരളത്തിൽ 44 നദികളാണ് ഉള്ളതെന്ന് ഓർക്കണം) ഉള്ള ചിലി എന്ന രാജ്യത്ത് അനിയന്ത്രിത ഖനനത്തിന്റെയും വനനശീകരണത്തിന്റെയും അനന്തര ഫലമായി ഇപ്പോൾ കുടിവെള്ളത്തിന് റേഷനിംഗ് ഏർപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ ഒരു കുടുംബത്തിന് ഇത്രയധികം വെള്ളം ആവശ്യമുണ്ടോ എന്ന ഒരു മന്ത്രിയുടെ ചോദ്യം കേട്ടപ്പോൾത്തന്നെ വിറളിപിടിച്ച നാം ഈ അനുഭവത്തിലേക്ക് വന്നാൽ എന്താകും സ്ഥിതി? ഇപ്പോൾത്തന്നെ വേനൽക്കാലം ആകുമ്പോഴേക്ക് നാം കുടിവെള്ളത്തിന് നെട്ടോട്ടമോടുകയാണല്ലോ. നമ്മുടെ വിരൽത്തുമ്പിൽ ലഭ്യമാകുന്ന മറ്റൊരു വാർത്ത, കസാക്കിസ്ഥാനും ഉസ്ബസ്ക്കിസ്ഥാനും ഇടയിൽ സ്ഥിതിചെയ്തിരുന്ന അരാൽ കടലിൽ (Aral Sea) 1960കളിൽത്തന്നെ ജലശോഷണം ആരംഭിച്ച് 2010-ൽ അത് വറ്റിവരണ്ടു എന്നതാണ്. അതിന്റെ ചിത്രങ്ങളിൽ ചെടികൾ വളർന്നുതുടങ്ങിയ കടലിന്റെ അടിത്തട്ടിൽ ജലയാനങ്ങൾ കരയിൽ എന്നപോലെ കിടക്കുന്ന കാഴ്ച കാണാം. ഇതൊന്നും നമുക്ക് സംഭവിക്കില്ല എന്ന് കരുതുന്നത് ചൈനയിൽ കോവിഡ് രോഗം പടർന്നപ്പോൾ അതൊന്നും നമ്മെ ബാധിക്കില്ല എന്ന് ചിന്തിച്ചതുപോലെയുള്ള മറ്റൊരു മൗഢ്യമാണ്.

അതുകൊണ്ട് നമ്മൾ ഏകപക്ഷീയമായി നമ്മേക്കുറിച്ചും നമ്മുടെ ഭൗതീക സുഖങ്ങളേക്കുറിച്ചും മാത്രം ചിന്തിക്കാതെ നമ്മുടെ വരും തലമുറകൾക്കുവേണ്ടി കുറച്ചൊക്കെ ത്യജിക്കാനും സാഹചര്യങ്ങളോട് പൊരുത്തപ്പെടാനും ശ്രമിക്കേണ്ടിവരും. അല്ലെങ്കിൽ നാം സമ്പാദിച്ചുവയ്ക്കുന്ന ധനവും നാം നേടിയെടുക്കുന്ന/നേടിക്കൊടുക്കുന്ന വിദ്യയും വരും തലമുറകൾക്ക് പ്രയോജനപ്പെടാതെ വന്നേക്കാം. കൂടെക്കൂടെ ഉണ്ടാകുന്ന കടൽക്ഷോഭങ്ങൾക്ക് കാരണം ഉയരുന്ന അന്തരീക്ഷ താപനിലയാണെന്ന് ശാസ്ത്രലോകം കണ്ടെത്തിയിരിക്കുന്നു. നമ്മുടെ നാട്ടിൽ ആകെ മഴയുടെ അളവ് കുറയാതിരിക്കുമ്പോഴും വിതരണം വ്യത്യാസപ്പെടുന്നതിനാൽ കാലവർഷത്തിൽ അതിതീവ്ര മഴയും വെള്ളപ്പൊക്കവും വേനലിൽ വരൾച്ചയും പതിവാകുന്നു. ഇതൊക്കെ മുന്നറിയിപ്പുകളാണ്. നമുക്ക് ചെയ്യാൻ കഴിയുന്നത് പ്രകൃതിയെ ഈ രീതിയിലെങ്കിലും നിലനിർത്തുക എന്നതാണ്, അല്ലെങ്കിൽ പ്രകൃതി നമ്മളെ തോല്പിക്കും, തീർച്ച. ബൈബിളിൽ പറയുന്നതുപോലെ ഒരു മനുഷ്യൻ സർവലോകവും നേടിയിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം എന്ന് നാം ഓരോരുത്തരും ചിന്തിക്കുക. നമ്മുടെ വരും തലമുറകൾക്ക് വേണ്ടി, മൊത്തം മനുഷ്യരാശിക്കുവേണ്ടി നമുക്ക് ഉറപ്പായി കരുതിവയ്ക്കാവുന്നതും കരുതിവയ്ക്കേണ്ടതും ആവാസയോഗ്യമായ ഒരു ഭൂമി മാത്ര

www.malankaralibrary.com

മാണ്. അതാണ് അവർക്ക് അധ്വാനിച്ച് ഉണ്ടാക്കാൻ കഴിയാത്തത്.

## വനനശീകരണത്തിലെ പങ്കാളിത്തം

നമ്മൾ എന്ത് ചെയ്യാനാണ്? നമുക്ക് എന്ത് ചെയ്യാൻ കഴിയും? എന്ന് പറഞ്ഞ് ഒഴിഞ്ഞുമാറാം. പക്ഷേ, അത് പരിഹാരമല്ല. വനസംരക്ഷണത്തിൽ പങ്കാളിയാകുന്നതുപോലെതന്നെയാണ് വനനശീകരണത്തിൽ പങ്കാളിയാകാതിരിക്കുന്നതും. കേരളത്തിൽ ഒരു വർഷം എത്രമാത്രം വനഭൂമിയാണ് കത്തിനശിക്കുന്നത്. കാട്ടുതീ എന്ന് പറയുമ്പോഴും, നമ്മുടെ കാടുകളിൽ ഒരിടത്തും സ്വയമേവ തീ ഉണ്ടാകുന്നില്ല. മുഴുവനും മനുഷ്യനിർമിതമാണ്. അറിഞ്ഞുകൊണ്ട് ചെയ്യുന്നതും അബദ്ധത്തിൽ സംഭവിക്കുന്നതുമായവ. ഒന്ന് മനസ്സുവച്ചാൽ മാത്രം ഒഴിവാകുന്നതാണെങ്കിൽ രണ്ടാമത്തേതിന് മുൻകരുതൽ ആണ് വേണ്ടത്. ഇതോടൊപ്പം ചേർത്ത് ഒരു കാര്യം പറയാം. ഗ്രാമാതിർത്തികളിൽ കത്തിയമരുന്ന കാടുകളിൽ ചാരവും പിന്നീട് ഇളംപുല്ലും തേടിയെത്തുന്ന വന്യജീവികളാണ് പലപ്പോഴും പിന്നീട് കൃഷിഭൂമികളിലേക്ക് ഇറങ്ങുന്നതും പിന്നീട് മടങ്ങിപ്പോകാതെ വനാതിർത്തികളിൽ തമ്പടിക്കുന്നതും എന്ന് പറയുമ്പോൾ എല്ലാറ്റിനും ന്യായീകരണം കണ്ടെത്തുകയാണ് എന്ന് പരിഭവിക്കരുത്. വളരെക്കാലം വനപാലകനായിരുന്ന ഒരു വ്യക്തിയ്ക്ക് അല്പം പക്ഷപാദിത്വം ഉണ്ടായാലും കുറ്റം പറഞ്ഞുകൂടല്ലോ. പക്ഷേ, വനാശ്രിത സമൂഹം അവരുടെ അനുഭവത്തിൽ നിന്നും പറഞ്ഞുതന്നത് ഞാൻ ഇവിടെ എഴുതിയെന്നേയുള്ളൂ. കാട്ടുതീയിലൂടെ നഷ്ടപ്പെടുന്നത് നമ്മുടെ പരമ്പരാഗത ഔഷധ കലവറയാണെന്ന അറിവും ഒരു വേദനയാണ്. മറ്റൊന്ന് മാലിന്യങ്ങൾ വനത്തിൽ നിക്ഷേപിക്കാതിരിക്കുക എന്നതാണ്. ആനയും കാട്ടുപന്നിയുമെല്ലാം മാലിന്യത്തോടൊപ്പം നിക്ഷേപിക്കപ്പെടുന്ന ഭക്ഷ്യാവശിഷ്ടങ്ങളുടേയോ, ജൈവാവശിഷ്ടങ്ങളുടേയോ ഉപ്പുരസമുള്ള എന്തിന്റെയെങ്കിലുമോ രുചിയറിഞ്ഞാൽ ആ രുചി തേടി വീണ്ടും വരും. പിന്നീട് ശല്യക്കാരായി മാറുകയും ചെയ്യും. ഒരുപാട് കാര്യങ്ങൾ നമുക്ക് ചെയ്യാനുണ്ടെങ്കിലും, ഇത്തരം കൊച്ചുകാര്യങ്ങൾ നമുക്ക് നിഷ്പ്രയാസമായി ചെയ്യാവുന്നതാണ്.

വനം – വന്യജീവി – പരിസ്ഥിതി സംരക്ഷണം ഒരു ആഡംബരമാണെന്നും അത് കുറച്ചുപേരുടെ ഉദരപൂരണത്തിനുള്ള മാർഗം മാത്രമാണെന്നുമുള്ള കുപ്രചാരണത്തെ അത് അർഹിക്കുന്ന അവജ്ഞയോടെ ജനങ്ങൾ തള്ളിക്കളയണം. അതേസമയം ഇതൊക്കെ സംരക്ഷിക്കപ്പെടുമ്പോൾത്തന്നെ മനുഷ്യന്റെ ജീവനും ജീവനോപാദികൾക്കും മതിയായ സംരക്ഷണം സർക്കാർ ഉറപ്പുവരുത്തുകയും വേണം. നഗരങ്ങളുടെ വികസനം, അല്ലെങ്കിൽ വ്യാവസായിക വളർച്ച മാത്രം ലക്ഷ്യം വച്ച് ഭരണകർത്താക്കൾ മുന്നോട്ടുപോകുമ്പോൾ വനം – വന്യജീവി സംരക്ഷണത്തിന്റെ ബാധ്യതകൾ നേരിട്ട് അനുഭവിക്കുന്ന ഒരു ജനത ഇവിടെയുണ്ടെന്ന് മറന്നുപോകരുത്. ഇതിൽ ഏതിൽ തെറ്റ് പറ്റിയാലും അതിന്റെ പരിണിതഫലം പ്രകൃതിയ്ക്ക് പ്രതികൂലവും ആത്യന്തികമായി മനുഷ്യരാശിയുടെ നിലനിൽപ്പിന് ഭീഷണിയായിത്തീരുന്നതുമായിരിക്കും. ■

*പേജ് 10–ൽ നിന്ന് തുടർച്ച ......*

കണ്ടുകൊണ്ട് ആ ഒരു ചിന്തയോടുകൂടി വിശാലമായ കാഴ്ചപ്പാടിൽ അവരുടെ ജീവനും സ്വത്തിനും അവകാശങ്ങൾക്കും പ്രാധാന്യം നല്കാനുള്ള കടമ നമുക്കുണ്ട്. അതിന് നിയമപരമായ പരിരക്ഷ ഉറപ്പുവരുത്തേണ്ടതും സുഗമമായ പുരോഗതിക്കും സമഗ്രമായ വളർച്ചയ്ക്കും അനിവാര്യം എന്ന് തോന്നുന്നവ ഊന്നി പറയാനും നാം ശ്രമിക്കേണ്ടിയിരിക്കുന്നു. അഭിമാനകരമായ ഒരു ഭരണഘടന നമ്മുടെ ഭാരതത്തിനുണ്ട്. അത് ജനാധിപത്യവും മതേതരത്വവും മതസൗഹാർദവും വൈവിധ്യങ്ങളുമെല്ലാം ഊട്ടി ഉറപ്പിക്കുന്നതും സംരക്ഷിക്കുന്നതും ആണ്. ആ ഭരണഘടന വിഭാവനം ചെയ്യുന്ന ഉന്നതമായ ദർശനങ്ങൾ പാലിക്കപ്പെടുക തന്നെ വേണം. അവിടെ ഒരിക്കലും വർഗീയതയോ മറ്റു വിഭാഗീയതകളോ ഏതെങ്കിലും തരത്തിലുള്ള വിധ്വംസക പ്രവർത്തനങ്ങളോ ഒന്നും ആശാസ്യമല്ല. അതിനൊക്കെ ഉപരിയായി ചിന്തിക്കുന്ന, പരസ്പര സാഹോദര്യത്തിൽ സഹവർത്തിത്വത്തിൽ ജീവിക്കുന്ന ഒരു സമൂഹമാണ് ഇവിടെ ഉണ്ടാവേണ്ടത്. അതിന് നമുക്ക് നല്ലൊരു കാഴ്ചപ്പാട് ഉണ്ടാവേണ്ടത് അനിവാര്യമാണ്. ചുരുക്കത്തിൽ എല്ലാ ജീവനെയും സംരക്ഷിക്കണം മനുഷ്യജീവന്റെ വില തിരിച്ചറിഞ്ഞുകൊണ്ട് അതിന് പ്രാധാന്യം കൊടുക്കണം. എല്ലാവരെയും സഹോദരങ്ങളായി കണ്ടു മുന്നേറുന്ന ഒരു നവസംസ്കൃതി രൂപപ്പെടുത്തി കൊണ്ടുവരാൻ നമുക്ക് സാധിക്കട്ടെ. ■

www.malankaralibrary.com

# വന്യജീവികൾ നാടുവാഴുമ്പോൾ

ഇന്ത്യയിൽ വിശിഷ്യാ കേരളത്തിൽ നടക്കുന്ന സമകാലിക വന്യമൃഗ ആക്രമണങ്ങളെക്കുറിച്ചും സർക്കാർ നടപ്പാക്കിയിട്ടുള്ള പ്രതിവിധികളെക്കുറിച്ചുമുള്ള മാധ്യമനിരീക്ഷണം. വനം, വന്യമൃഗസംരക്ഷണ നിയമങ്ങൾ മനുഷ്യരെ ക്രൂശിക്കാനാണോയെന്ന് വിശകലനം ചെയ്യുന്നതോടൊപ്പം കർഷകർ അനുഭവിക്കുന്ന പ്രതിസന്ധികളെയും കുടിയിറക്കത്തെയുംകുറിച്ച് വിലയിരുത്തുകയും പ്രശ്നപരിഹാരത്തിലെ പിഴവുകളെ അനാവരണം ചെയ്യുകയും ചെയ്യുന്നു ലേഖകൻ.



**റെജി ജോസഫ്**
*സ്പെഷൽ കറസ്പോണ്ടന്റ്, ദീപിക*

കർഷക കുടിയേറ്റത്തിന്റെയും കുടിയിറക്കിന്റെയും കാലവും കഥയും കഴിഞ്ഞു. ഇത് കുടിയിറക്കത്തിന്റെ കാലമാണ്. മുൻപ് സർക്കാരായിരുന്നു കുടിയിറക്കാൻ കച്ചകെട്ടിയിറങ്ങിയിരുന്നതെങ്കിൽ ഇക്കാലത്ത് കാട്ടുമൃഗങ്ങളാണ് കർഷകരെ അവരുടെ വാസസ്ഥലത്തുനിന്ന് പുറത്താക്കുന്നത്. സംസ്ഥാനത്ത് ആലപ്പുഴ ഒഴികെ പതിമൂന്നു ജില്ലകളിലും വന്യമൃഗഭീഷണിയിൽ കർഷകർ വലയുകയാണ്. വന്യജീവികൾ ജീവിക്കാൻ അനുവദിക്കില്ലെന്നുവന്നതോടെ അവരുടെ പാർപ്പിടവും കൃഷിയും നിസ്സാരവിലയ്ക്ക് വനംവകുപ്പിന് തീറെഴുതി ഓടിമാറുകയാണ്. അതിജീവനത്തിനായി മലകയറിവന്ന കുടിയേറ്റ ജനത മണ്ണിൽ വിയർപ്പൊഴുക്കി കരുപ്പിടിപ്പിച്ച വികസനത്തിന്റെ പ്രതിഫലനമായി മലയോരഗ്രാമങ്ങളുടെ ഭൗതിക-സാമൂഹിക സാഹചര്യങ്ങൾ ഘട്ടംഘട്ടമായി വികസിക്കുന്നതായിരുന്നു മുൻകാല കാഴ്ചകൾ. മലയോരഗ്രാമങ്ങളുടെ ഇന്നത്തെ ചിത്രം മറ്റൊന്നാണ്. വൻകിട തോട്ടം ഉടമകൾ ഒഴികെയുള്ള ഇടത്തരം കർഷകരെല്ലാം കൃഷി മുന്നോട്ടുകൊണ്ടുപോകാനാകാത്ത സാഹചര്യത്തിലാണ്.

കാട്ടാനയും കടുവയും പുലിയും അരുംകൊല ചെയ്ത നിസ്സഹായരുടെ കണക്കുപട്ടിക കൂടി അറിയുമ്പോഴാണ് ഭയാനകമായ സ്ഥിതിവിശേഷം തിരിച്ചറിയുക. മനുഷ്യരെ ശിക്ഷിക്കാൻ കോടതിയുണ്ട്. അതേ സമയം വന്യജീവികൾ കൊലയും കൊള്ളയും നടത്തിയാൽ ശിക്ഷിക്കാൻ നിയമമില്ല. ഭയാനകമായ സ്ഥിതിവിശേഷത്തിന്റെ കണക്കുപട്ടിക ഇങ്ങനെയാണ്.

2008 മുതൽ 2021 വരെ സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങളിൽ 1423 പേർ കൊല്ലപ്പെട്ടു. മൂന്നുവർഷത്തിനിടെ കാട്ടാന 57 പേരെ കൊലപ്പെടുത്തി. 34,875 വന്യജീവി ആക്രമണങ്ങളാണ് പത്ത് വർഷത്തിനിടെ മാത്രം കേരളത്തിൽ റിപ്പോർട്ട് ചെയ്തത്. സംസ്ഥാനത്ത് 1004 പ്രദേശങ്ങളിൽ മനുഷ്യ വന്യജീവി സംഘർഷങ്ങൾ നിലനിൽക്കുന്നുവെന്നിരിക്കെ അതിഭയാനകമായ പ്രതിസന്ധിയാണ് ഉടലെടുത്തിരിക്കുന്നത്. കേരളത്തിന്റെ 29.1 ശതമാനം പ്രകൃതി വനമാണെന്നിരിക്കെ 198 പഞ്ചായത്തുകളിലെ 29 ലക്ഷം ജനങ്ങളാണ് വന്യമൃഗ ഭീതിയിൽ കഴിയുന്നത്.

## കാടുനിറഞ്ഞു നാട്ടിലേക്ക്

വന്യമൃഗങ്ങളുടെ എണ്ണം വനത്തിന് ഉൾക്കൊള്ളാവുന്നതിലും പെരുകിയിരിക്കെയാണ് ഇവയൊക്കെ നാട്ടിൽ ഇര തേടിയിറങ്ങാൻ തുടങ്ങിയത്. വയനാട് വന്യജീവി സങ്കേതത്തിൽ 135 കടുവകളുണ്ടെന്നാണ്

www.malankaralibrary.com

കണക്ക്. ഒരു കടുവയ്ക്കു വിഹരിക്കാൻ 20 ചതുരശ്ര കിലോമീറ്റർ കാടു വേണമെന്നിരിക്കെ 18 കടുവകൾക്കുള്ള ഇടമേ വയനാട്ടിലുള്ളു. ഇന്ത്യയിലെ ഇരുപത്തയ്യായിരം കാട്ടാനകളിൽ ഏഴായിരം എണ്ണവും ഭൂവിസ്തൃതിയിൽ 1.18 ശതമാനം മാത്രമുള്ള കേരളത്തിലാണ്. ഒരാനയ്ക്ക് മേയാൻ കുറഞ്ഞത് 25 ഏക്കർ കാടുവേണം. ഇത്തരത്തിൽ സംസ്ഥാനത്ത് അഞ്ഞൂറിൽ താഴെയേ പാടുള്ളു കാട്ടാനകൾ. നിലവിൽ വയനാട്ടിൽ മാത്രമുണ്ട് ആയിരത്തിലേറെ കാട്ടാനകൾ.

പല വന്യമൃഗങ്ങളുടെയും സ്വാഭാവിക പെരുകൽ നിരക്കിൽ കേരളം ഒന്നാമതാണ്. ആനയുടെ പെരുകൽ കർണാടകത്തിൽ 3.5 ശതമാനവും തമിഴ്നാട്ടിൽ 19.7 ശതമാനവുമാണ്. കേരളത്തിലാവട്ടെ 63 ശതമാനം. കാട്ടാനകളുടെ എണ്ണത്തിൽ രണ്ടാമതുള്ള അസമിൽ 3.5 ശതമാനം മാത്രമാണ് വളർച്ച. കടുവ, പുലി എന്നിയുടെ എണ്ണത്തിലും വലിയ വർധനവുണ്ട്. കേരളത്തിൽ കാട്ടുപോത്തുകളുടെ എണ്ണം നാൽപതിനായിരത്തിലേറെയാണ്. കാട്ടുപന്നിയും കുരങ്ങും ഏറ്റവുമധികം പെരുകുന്ന സംസ്ഥാനമാണ് കേരളം. ഓരോ പെൺകുരങ്ങും വർഷം തോറും ആറേഴു കുഞ്ഞുങ്ങളെ വീതം പ്രസവിക്കും. കാട്ടുപന്നിയുടെ പെരുകൽ ഇതിനേക്കാൾ എണ്ണത്തിലാണ്.

## പരിഹാരം കള്ളിംഗ്

വന്യജീവികളുടെ അനിയന്ത്രിതമായ വർധന തടയാൻ വിദേശ രാജ്യങ്ങൾ തുടങ്ങി ലോകരാഷ്ട്രങ്ങൾ കാട്ടുമൃഗങ്ങളുടെ ദയാവധം നടപ്പാക്കി വരുന്നുണ്ട്. ആസ്ത്രേലിയ കംഗാരുക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും ആഫ്രിക്കൻ രാജ്യങ്ങൾ ആനകളുടെ വംശവർധന തടയുന്നതിനുമാണ് ഇത് നടപ്പാക്കുന്നത്. ദേശീയമൃഗമോ പക്ഷിയോ എന്തുമാവട്ടെ, പെരുകൽ നിയന്ത്രിക്കാൻ വിദേശരാജ്യങ്ങളിൽ വേട്ടയാടൽ അനുവദിക്കാറുണ്ട്. ഓസ്ട്രേലിയയിൽ കംഗാരുവിനെയും കടൽപ്പന്നിയെയും സ്രാവുകളെയും അമേരിക്കയിൽ കലമാനിനെയും ആഫ്രിക്കയിൽ കാട്ടാനെയെയുമൊക്കെ എണ്ണം നിയന്ത്രിക്കാൻ സർക്കാർ വേട്ടക്കാരെ അനുവദിക്കും. അവയുടെ മാസം വിൽക്കുന്നതിലും ഭക്ഷിക്കുന്നതിലും തടസ്സമില്ല.

ഇന്ത്യയിൽ 2013-ൽ കള്ളിംഗ് സുപ്രീം കോടതി തടഞ്ഞപ്പോൾ കേരളം ഉൾപ്പെടെ പതിമൂന്ന് സംസ്ഥാനങ്ങൾ അപ്പീൽ നൽകിയെങ്കിലും ഇളവു ലഭിച്ചില്ല. അമേരിക്കയിൽ മാനിന്റെ എണ്ണം കണക്കിലേറെ വർധിച്ചപ്പോൾ അധികമുള്ളവയെ കൊല്ലുകയായിരുന്നു. ഓസ്ട്രേലിയയിൽ കങ്കാരുവിന്റെ വർധന പലതരം പ്രശ്നങ്ങളുണ്ടാക്കിയപ്പോഴും അധികമുള്ളവയെ കൊന്നു. ശല്യക്കാരായ മൃഗങ്ങളെ മാറ്റിപ്പാർപ്പിക്കുക, ജനനിയന്ത്രണ ഉപാധികൾ സ്വീകരിക്കുക തുടങ്ങിയ നടപടികളുണ്ടായേ തീരു. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുകയെന്ന നയം പ്രായോഗികമല്ല. മനുഷ്യന്റെ ജീവനും സ്വത്തത്തിനുമാണോ പ്രധാനം അതോ കാട്ടുമൃഗങ്ങൾ നാട്ടിലെത്തി ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നതാണോ എന്നതാണ് കർഷകർ ഉയർത്തുന്ന ചോദ്യം.

ചെറിയ സംസ്ഥാനമായ കേരളത്തിൽ മനുഷ്യരും മൃഗങ്ങളും തമ്മിലെ സംഘർഷം ലഘൂകരിക്കുക എളുപ്പമല്ല. കാട്ടുമൃഗങ്ങളുടെ നാടുവാഴ്ച പ്രതിരോധിക്കാൻ മതിലിനും വേലിക്കും കിടങ്ങിനും ജൈവവേലിക്കുമാകുന്നില്ല. ആനയെയും കടുവയെയും മതിൽകെട്ടി നിയന്ത്രിക്കാമെന്നു വയ്ക്കാം. മരംചാടി കുരങ്ങനെയും മലയണ്ണാനെയും പറക്കുന്ന മയിലിനെയും ആര്, എങ്ങനെ ചെറുക്കും. ഇത്തരം ജീവികൾ എന്തു നാശം വരുത്തിയാലും നഷ്ടപരിഹാരം ലഭിക്കാൻ വകുപ്പില്ല.



www.malankaralibrary.com

## വരും ഭക്ഷ്യക്ഷാമം

കാട്ടുമൃഗഭീഷണിയിൽ കൃഷിയിടം തരിശാക്കിയിടുന്നതും നാടുവിട്ടോടുന്നതുമൊക്കെ ഭക്ഷ്യോല്പാദനത്തിൽ ഗണ്യമായ ഇടിവുണ്ടാക്കും. കാട്ടുപന്നിക്കൂട്ടം ഏറ്റമധികം കുത്തിമറിക്കുന്നത് കപ്പയും ചേനയും ചേമ്പുമാണ്. കുരങ്ങ് തേങ്ങ അപ്പാടെ പിഴുതെറിയും. മലയണ്ണാനും പ്രിയം കരിക്കാണ്. ഒരേക്കർ പച്ചക്കറിത്തോട്ടം ഒരു മണിക്കൂറിനുള്ളിൽ അൻപതോ നൂറോ മൈലുകളുടെ കൂട്ടം തിന്നുതീർക്കും. റബർ, വാഴ, തെങ്ങിൻതൈകൾ മാനുകൾ നാമാവശേഷമാക്കും. വനയോരങ്ങളിലെ ചക്ക അപ്പാടെ പറിച്ചുതിന്നുന്നത് കാട്ടാനകളാണ്. മനുഷ്യരെ കിട്ടിയില്ലെങ്കിൽ കടുവയും പുലിയും ആടുമാടുകളെ തിന്നും. കുറുക്കനും നരിക്കും വേണ്ടത് നാട്ടിലെ കോഴികളെയാണ്. ഇത്തരമൊരു സാഹചര്യത്തിൽ കൃഷിയിടത്തെ കാട്ടിൽ നിന്ന് സുരക്ഷിതമാക്കാനുള്ള ഒരു സംവിധാനവും സർക്കാരിനില്ല. റബർ തോട്ടത്തിൽ കാട്ടുപന്നികളും തേയിലത്തോട്ടത്തിൽ കാട്ടാനകളും പട്ടാപ്പകൽ മേഞ്ഞുനടക്കുന്നത് കാഴ്ചയാകുമ്പോൾ പുരമുകളിൽ മൈലും കുരങ്ങും സ്ഥിരവാസമാക്കിയതും പതിവുകാഴ്ചകളാണ്.

ആസന്നഭാവിയിൽ പുതിയ തലമുറ കൃഷി അപ്പാടെ ഉപേക്ഷിക്കും. വനമേഖലയിലുള്ളവർ കൃഷിയിടം തരിശിടുമ്പോൾ അവിടം കുട്ടിവനമായി മൃഗങ്ങൾ സ്ഥിരവാസം തുടങ്ങും. മനുഷ്യനും വളർത്തുമൃഗങ്ങൾക്കും നേരേ കാട്ടുമൃഗങ്ങളുടെ ആക്രമണം കൂടും. ഇവയെ ചെറുക്കാൻ നിയമവും നടപടിയും ഇല്ലാത്തിടത്തോളം കാലം ഒട്ടേറെ ഹതഭാഗ്യരുടെ ജീവനും ജീവിതവും നഷ്ടപ്പെട്ടുകൊണ്ടിരിക്കും. ഏറെപ്പേരും കൃഷിയിടം കൈമാറിയോ ഉപേക്ഷിച്ചോ വാസം മാറും. ഉപേക്ഷിക്കപ്പെടുന്ന വൻകിട തോട്ടങ്ങളിൽ മൃഗങ്ങൾ നിറയും. ഇവ ജനവാസമേഖലകളിലേക്ക് കടന്നുവരും.

ഏറെ സാമ്പത്തിക ചെലവുള്ളതും കായികാധ്വാനം വേണ്ടതുമായ നിക്ഷേപമാണ് കൃഷി. റബറും തെങ്ങും കവുങ്ങും നട്ടാൽ എട്ടും പത്തും വർഷങ്ങൾക്കുശേഷമാണ് വരുമാനം ലഭിക്കുന്നത്. ഒറ്റ കാടിറക്കത്തിൽ ഇവ ചവിട്ടിമെതിക്കുകയും വിളവു നശിപ്പിക്കുകയും ചെയ്യുമ്പോൾ തലമുറയുടെ അധ്വാനവും പ്രതീക്ഷയുമാണ് മണ്ണടിയുന്നത്. തോട്ടങ്ങളിലെ തൈമരങ്ങളിൽ കുറെയെണ്ണം നശിപ്പിക്കപ്പെട്ടാൽ പകരം തൈകൾ ഒരേ തരത്തിൽ വളർത്തിയെടുക്കാനാവില്ല. അത്രയും സ്ഥലത്ത് മറ്റൊരു കൃഷിക്കു സാധ്യതയുമില്ല. പതിവായി കൃഷിനാശം വരുത്തുന്ന ജന്തുക്കളാണ് കുരങ്ങും മയിലും മലയണ്ണാനും. ഇവ കൃഷി നശിപ്പിച്ചാൽ യാതൊരു നഷ്ടപരിഹാരവും ലഭിക്കില്ല. മരംചാടിയും പറന്നുവരുന്ന ജീവികളുമുണ്ടാക്കുന്ന നാശത്തിന് ഒരു വകുപ്പിനും ഉത്തരവാദിത്വമില്ല. അതേസമയം അവയെ കൈചൂണ്ടാൻ പോലും കർഷകന് അധികാരമില്ല.

പലയിടങ്ങളിലും കൊക്കൊ, കവുങ്ങ് തുടങ്ങിയ കൃഷികൾ നിലയ്ക്കാൻ കാരണം അണ്ണാനും കുരങ്ങുമാണ്. രാവും പകലും ക്ഷുദ്രജീവികളെയും വന്യമൃഗങ്ങളെയും തുരത്താൻ ജീവൻ പണയപ്പെടുത്തി കൃഷിയിടങ്ങളിൽ കാവലിരിക്കുന്ന ഒട്ടേറെ കർഷകരുണ്ട്. കൃഷിനാശം മൂലം കടബാധ്യതയിൽ നാടുവിട്ടവരും ജീവനൊടുക്കിയവരും നിരവധി പേരാണ്.

## കപട പരിസ്ഥിതി വാദികൾ

പരിസ്ഥിതിവാദികളെയും മൃഗസ്നേഹികളെയും കൊണ്ടു തോറ്റതേറെയും കർഷകരാണ്. ചിന്നക്കനാലിനെ വിറപ്പിച്ച അരിക്കൊമ്പനെ പിടിക്കുന്നതിലും കുങ്കിയാനയാക്കുന്നതിലും ഇക്കൂട്ടർ കോടതി കയറി. മുൻപ് നിരവധി പേരെ കൊല ചെയ്തിട്ടുള്ള പിടി സെവൻ, വടക്കനാട് കൊമ്പൻ, കല്ലൂർ കൊമ്പൻ തുടങ്ങിയവയൊക്കെ മുത്തങ്ങ ആനപ്പന്തിയിൽ ഇപ്പോൾ കുങ്കിയാനകളാണ്. ആക്രമണകാരികളായ മൃഗങ്ങളെ പിടികൂടാനും പായിക്കാനുമുള്ള പരിശീലനം ഇവയ്ക്ക് ലഭിച്ചിട്ടുണ്ട്.

കാട്ടാനകളുടെ എണ്ണം നിയന്ത്രിക്കാൻ മറ്റ് സംസ്ഥാനങ്ങൾക്കോ രാജ്യങ്ങൾക്കോ വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യാൻ നടപടിയുണ്ടാകേണ്ടിയിരിക്കുന്നു.

## മാറ്റങ്ങളുടെ ദുരിതകാലം

കാലാവസ്ഥാ വ്യതിയാനം, ഭക്ഷ്യ ജല ശോഷണം, അധിനിവേശ സസ്യങ്ങളുടെ വ്യാപനം തുടങ്ങിയവ കാടിന്റെ ആവാസ വ്യവസ്ഥയിൽ മാറ്റം വരുത്തുന്നു.

പരമ്പരാഗത കാട്ടുമരങ്ങൾക്കു പകരം യൂക്കാലി, അക്കേഷ്യ, മാഞ്ചിയം, തേക്ക് തുടങ്ങിയവ നട്ടുവളർത്തിയതോടെ വനത്തിൽ തീറ്റ കുറഞ്ഞു. കുടമരം, ഇലപ്പുള്ളി തുടങ്ങിയവയുടെ വ്യാപനവും ആഘാതമായി. പുൽമേടുകളെ ഇല്ലാതാക്കി മഞ്ഞക്കൊന്ന അതിവേഗം പടർന്നുകൊണ്ടിരിക്കുന്നു.

മഞ്ഞക്കൊന്ന അലങ്കാര സസ്യമായി സോഷ്യൽ ഫോറസ്റ്ററിയുടെ ഭാഗമായി വച്ച മരമാണ്. സസ്യഭുക്കുകൾ ഇത് ഭക്ഷണമാക്കാറില്ല. വെട്ടിക്കളഞ്ഞാൽ

www.malankaralibrary.com

വീണ്ടും മുളക്കുകയും പിഴുതെടുത്താൽ കിളിർക്കുകയും ചെയ്യുന്ന മരമാണിത്. പിഴുതെടുത്താൽ അത് കാടിനെ മുഴുവൻ ബാധിക്കും. താപനിലയിൽ അടുത്ത കാലത്തായി അനുഭവപ്പെടുന്ന ക്രമാതീത വർധന വനങ്ങളെയും സാരമായി ബാധിച്ചിട്ടുണ്ട്.

## നഷ്ടപരിഹാരം തുച്ഛം

വന്യമൃഗശല്യത്തിൽ ജീവൻ നഷ്ടമായാൽ ലഭിക്കുന്ന നഷ്ടപരിഹാരം തുലോം തുച്ഛമാണ്. ആനയും കടുവയുമൊക്കെ കാട്ടിലേക്കിറങ്ങി മനുഷ്യരെ കൊലചെയ്താൽ പത്ത് ലക്ഷം രൂപയാണ് നഷ്ടപരിഹാരം.

വന്യജീവി ലിസ്റ്റിൽ തേനീച്ചയെയും കടന്നലിനെയും ഉൾപ്പെടുത്തിയതോടെ ഇവയുടെ ആക്രമണത്തിൽ മരിക്കുന്നവരുടെ ആശ്രിതർക്കും 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുമെന്നാണ് പ്രഖ്യാപനം. പരിക്കേൽക്കുന്നവർക്ക് ചികിത്സയ്ക്ക് പരമാവധി ഒരുലക്ഷം രൂപവരെ ലഭിക്കും. വനത്തിനകത്തോ പുറത്തോ ആക്രമണം നേരിടുന്നവർക്ക് നഷ്ടപരിഹാരത്തിന് അർഹതയുണ്ടാകും.

വനത്തിനുള്ളിൽ പാമ്പുകടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിനുപുറത്താണെങ്കിൽ രണ്ടുലക്ഷവുമാണ് നിലവിൽ നഷ്ടപരിഹാരം. വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്കും 10 ലക്ഷം നഷ്ടപരിഹാരം നൽകണമെന്ന് വനംവകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണത്തിൽ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചവർക്ക് രണ്ടുലക്ഷമാണ് നിലവിലുള്ള നഷ്ടപരിഹാരം. വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടായ മരണം, പരിക്ക്, വീടുകൾക്കുണ്ടായ കേടുപാടുകൾ, കൃഷിനാശം തുടങ്ങിയവയ്ക്കുള്ള നഷ്ടപരിഹാര വിതരണം അകാലമായി നീളുകയാണ്. വന്യമൃഗഭീഷണിയിൽ കഴിയുന്ന ജനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നല്കുന്നതിൽ സർക്കാരിന് എന്താണ് തടസ്സം. വനമേഖലയിലെ കൃഷിയിടങ്ങൾ ഇൻഷ്വർ ചെയ്യാൻ വനംവകുപ്പിന്റെ നിർദേശമുണ്ട്. കൂലിച്ചെലവുപോലും കൃഷിയിൽ നിന്നു കിട്ടാത്ത ഇക്കാലത്ത് ഇൻഷ്വറൻസുകൊണ്ട് എന്തിരിക്കുന്നു നേട്ടം. പോളിസിക്കുള്ള തുകയും പ്രീമിയവും മുടക്കാൻ കർഷകന് വകയില്ല. ജീവൻതന്നെ അപകടത്തിലായിരിക്കെ കൃഷി എന്നെന്നേക്കുമായി ഉപേക്ഷിക്കുകയേ തരമുള്ളു.

തലമുറയുടെ അധ്വാനഫലമാണ് റബർ, കൊക്കോ, കവുങ്ങ്, തെങ്ങ് തുടങ്ങിയ ദീർഘകാല വിളകൾ. കാട്ടുമൃഗങ്ങളും ക്ഷുദ്രജീവികളും കൃഷി നശിപ്പിച്ചാൽ വിള ഇൻഷുറൻസ് പദ്ധതിയിലെ നഷ്ടപരിഹാരം നിസ്സാരമാണ്.

**വനമേഖലയിലെ കൃഷിയിടങ്ങൾ ഇൻഷ്വർ ചെയ്യാൻ വനംവകുപ്പിന്റെ നിർദേശമുണ്ട്. കൂലിച്ചെലവുപോലും കൃഷിയിൽ നിന്നു കിട്ടാത്ത ഇക്കാലത്ത് ഇൻഷ്വറൻസുകൊണ്ട് എന്തിരിക്കുന്നു നേട്ടം. പോളിസിക്കുള്ള തുകയും പ്രീമിയവും മുടക്കാൻ കർഷകന് വകയില്ല. ജീവൻതന്നെ അപകടത്തിലായിരിക്കെ കൃഷി എന്നെന്നേക്കുമായി ഉപേക്ഷിക്കുകയേ തരമുള്ളു.**

ഒരു സെന്റ് സ്ഥലത്തെ കപ്പ നശിപ്പിച്ചാൽ കിട്ടാവുന്നത് 165 രൂപ. ടാപ്പിംഗ് നടത്തുന്ന റബർ മരത്തിന് 350 രൂപ. കായുള്ള തെങ്ങിന് 770 രൂപ, തൈത്തെങ്ങിന് 110 രൂപ, കുലച്ച വാഴയ്ക്ക് 110 രൂപ, കുലയ്ക്കാത്തതിന് 84 രൂപ, കവുങ്ങിന് 110 രൂപ എന്നിങ്ങനെ പോകുന്നു നിരക്ക്. നെൽകൃഷി ഹെക്ടറിന് 35,000 രൂപ വരെയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതൊക്കെ ലഭ്യമാകണമെങ്കിൽ വിളനാശം സംഭവിച്ച സ്ഥലത്തെത്തി ഉദ്യോഗസ്ഥർ നഷ്ടം സാക്ഷ്യപ്പെടുത്തണം. അവരുടെ വരവ് വൈകിയാൽ തെളിവുകളില്ലാതാകും. ഫലമോ നഷ്ടപരിഹാരം ലഭ്യമല്ലാതാകും.

## കാട്ടുപന്നി ശല്യം

ഒറ്റ വർഷത്തിൽ രണ്ടു പ്രസവം. ഇരുപതിലേറെ കുഞ്ഞുങ്ങൾ. ഈ നിരക്കിൽ നാട്ടിൽ പെരുകുകയാണ് കാട്ടുപന്നി. കേരളത്തിലെ 406 വില്ലേജുകളാണ് രൂക്ഷമായ കാട്ടുപന്നി ശല്യം നേരിടുന്നത്.

ഏറ്റവും കൃഷിനാശം വരുത്തുന്ന ഈ ജന്തുവിനെ കൊല്ലാനുള്ള തീരുമാനമെടുക്കാൻ സംസ്ഥാന സർക്കാരിന് വർഷങ്ങളോളം ആലോചനകൾ വേണ്ടിവന്നു. തദ്ദേശ സ്ഥാപന അധ്യക്ഷൻമാർക്ക് അനുമതി നല്കിയെങ്കിലും ഇവയെ എങ്ങനെ കൊല്ലണമെന്ന്

www.malankaralibrary.com

നിർദേശമില്ല. വിഷം, സ്ഫോടകവസ്തുക്കൾ, വൈദ്യുതി ഷോക്ക് എന്നിവ ഉപയോഗിക്കരുതെന്നും ജഡം ശാസ്ത്രീയമായി മറവുചെയ്യണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കാട്ടുപന്നിയെ ക്ഷുദ്രജീവി ലിസ്റ്റിൽപ്പെടുത്തിയാൽ വനമേഖലയ്ക്കു പുറത്ത് എപ്പോൾ വേണമെങ്കിലും ഇവയെ കൊല്ലാം. ജഡം മറവുചെയ്യാൻ വനംവകുപ്പിന്റെ അനുമതിയും വേണ്ട. നിലവിൽ സംസ്ഥാനത്ത് 406 വില്ലേജുകളിലാണ് കാട്ടുപന്നിയുടെ ശല്യം നേരിടുന്നത്.

കാക്ക, എലി, പഴംതീനി വവ്വാൽ എന്നിവയെ സംരക്ഷിത ജന്തുവിഭാഗമായി ഷെഡ്യൂൾ രണ്ടിൽപ്പെടുത്തി ജനുവരിയിൽ കേന്ദ്രസർക്കാർ വിജ്ഞാപനമിറക്കിയിരുന്നു. ഇവയെ കൊന്നാൽ മൂന്നു വർഷം വരെ തടവും കാൽ ലക്ഷം രൂപവരെ പിഴയുമാണ് ശിക്ഷ.

## തുടരും കുടിയിറക്കം

വന്യമൃഗശല്യം രൂക്ഷമായ വനാതിർത്തികളിൽ വനം വകുപ്പ് റീബിൽഡ് കേരള പദ്ധതിയിൽ കൃഷിയിടം ഏറ്റെടുക്കുന്നുണ്ട്. രണ്ടര ഹെക്ടർവരെ സ്ഥലവും വീടും ഒഴിയുന്നതിന് സർക്കാർ നല്കുന്ന നഷ്ടപരിഹാരം വെറും 15 ലക്ഷം രൂപയാണ്. തലമുറകളുടെ അധ്വാനത്തിന് നല്കുന്ന ഈ നഷ്ടപരിഹാരം തുലോം നിസ്സാരമാണ്.

വനത്തോടു ചേർന്ന ഗ്രാമങ്ങളിലെ കർഷകർ ഇത്ര വലിയ പ്രതിസന്ധി നേരിടുമ്പോഴും അവയ്ക്ക് പരിഹാരം കാണാൻ ശ്രമിക്കാതെ വീണ്ടും വന്യജീവി സങ്കേതങ്ങളോട് ചേർന്നുവരുന്ന ഒരു കിലോമീറ്റർ ചുറ്റളവുകൂടി ബഫർസോണാക്കാനാണ് സർക്കാർ നീക്കം.

## വന്യജീവികൾ വജ്രായുധങ്ങൾ

കൃഷിയിടം വനമാക്കി മാറ്റാൻ വനംവകുപ്പിന്റെ വജ്രായുധമാണ് വന്യജീവികൾ.

കേരളത്തിന്റെ വനവിസ്തൃതി 29. 65 ശതമാനത്തിൽനിന്ന് 33 ശതമാനമാക്കുകയെന്നത് വനംവകുപ്പിന്റെ പ്രഖ്യാപിത നയമാണ്. ഇത്രയും വർധന വരുത്താൻ നാലു ലക്ഷം എക്കർകൂടി കൈവശപ്പെടുത്തണം. നയാ പൈസ നല്കാതെ കൃഷിയിടം ഏറ്റെടുക്കാനുള്ള കൊടുംചെയ്തിയാണ് കാട്ടുമൃഗങ്ങളെ തുറന്നുവിട്ടുള്ള നരനായാട്ട്. ഒപ്പം വനമേഖലയിലുള്ളവരെ കള്ളക്കേസുകൾ ചുമത്തി മർദിക്കുകയും കോടതി കയറ്റുകയും ചെയ്യുന്ന കാടൻനയവും. വനം തുറന്നുവച്ച് ആനകളെയും കടുവകളെയും കാട്ടുജീവികളെയും ജനവാസമേഖയിലേക്കും കൃഷിടങ്ങളിലേക്കും ഇറക്കിവിടുന്ന ക്രൂരത. വന്യമൃഗങ്ങൾ ജനവാസമേഖലയിലിറങ്ങി സൃഷ്ടിക്കുന്ന ഭീകരതയെ മനുഷ്യ-വന്യമൃഗ സംഘട്ടനം എന്നു വിശേഷിപ്പിക്കുന്നത് തെറ്റാണ്.

വന്യജീവി നിയമം സെക്ഷൻ 62 പ്രകാരം കാട്ടുപന്നി, കുരങ്ങ് തുടങ്ങിയവയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാം. കർണാടക, ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ്, ബീഹാർ, മഹാരാഷ്ട്ര സംസ്ഥാനങ്ങളെല്ലാം ഇവയെ ക്ഷുദ്രജീവികളായി പ്രഖ്യാപിച്ചിട്ടുണ്ട്.

മനുഷ്യജീവൻ നഷ്ടപ്പെട്ടാൽ പരമാവധി പത്തു ലക്ഷം രൂപ കൊടുത്ത് ബാധ്യത ഒഴിയാം. വനം സംരക്ഷിക്കുക മാത്രമല്ല വന്യമൃഗങ്ങളെ വനത്തിനുള്ളിൽ നിറുത്താനും നാടിറക്കം തടയാനുമുള്ള ചുമതല വനംവകുപ്പിനുണ്ട്.

ജനാധിപത്യരാജ്യത്ത് നിയമമുണ്ടാക്കുന്നത് ജനപ്രതിനിധികളാണ്. വന്യമൃഗങ്ങൾ ഉയർത്തുന്ന തീവ്രവാദത്തെയാണ് കർഷകജനത നിരായുധരായി നേരിട്ടുകൊണ്ടിരിക്കുന്നത്. ഇവരുടെ ജീവനും സ്വത്തും സംരക്ഷിക്കാനുള്ള നിയമം പാസ്സാക്കേണ്ടത് ജനപ്രതിനിധികളാണ്. പെരുകി നിറയുന്ന കാട്ടുമൃഗങ്ങളെ കൊന്നോ വേട്ടയാടിയോ വന്ധ്യംകരിച്ചോ എണ്ണം കുറയ്ക്കാനും വനത്തിനുള്ളിൽ തന്നെ നിറുത്താനും ഒപ്പം കർഷകരെ അവരുടെ മണ്ണിലും പാർപ്പിടത്തിലും സുരക്ഷിതരാക്കാനുമുള്ള നിയമമാണുണ്ടാക്കേണ്ടത്.

## തെരുവുനായകൾ

വന്യമൃഗങ്ങളെപ്പോലെ നാട്ടിൽ ഭീതി ജനിപ്പിക്കുകയാണ് തെരുവുനായകൾ. സംസ്ഥാനത്ത് രണ്ടു ലക്ഷം തെരുവുനായകളുണ്ടെന്നാണ് വിലയിരുത്തൽ. പേവിഷബാധയേൽക്കുന്ന നായകൾ മനുഷ്യരെയും മൃഗങ്ങളെയും കടിക്കുന്ന സാഹചര്യം. സുരക്ഷിതമായി സഞ്ചരിക്കാൻ പോലും ഭയപ്പെടുന്ന സ്ഥിതിവിശേഷം. ഇവയെ വന്ധ്യംകരിച്ച് എണ്ണം കുറയ്ക്കാനുള്ള പദ്ധതിയും ഷെൽറ്റർ ഹോമുകളിൽ പാർപ്പിക്കാനുള്ള നടപടിയും എങ്ങുമെത്തിയിട്ടില്ല. വികസിത രാജ്യങ്ങളിലൊരിടത്തും വളർത്തുമൃഗങ്ങൾ ഇന്നാട്ടിലേതുപോലെ അലഞ്ഞുതിരിയുന്നില്ല. നായകൾക്ക് പ്രതിരോധകുത്തിവയ്പ് നടത്തി മരുന്നുകളും തീറ്റയും നല്കി വീടുകളിൽ സംരക്ഷിക്കുന്ന സാഹചരവും സംസ്കാരവും ഇവിടെ കുറവാണ്. നായ വന്യമൃഗമല്ലെങ്കിലും കേരളം നേരിടുന്ന ഭയാനകമായ സ്ഥിതിവിശേഷമാണ് നായകളുടെ പെരുകലും അലഞ്ഞുതിരിയലും. ■

www.malankaralibrary.com

# വനസംരക്ഷണത്തിന് കർഷകരെ കൂടെ നിർത്തണം

അധികാരി വർഗത്തിന്റെ അശാസ്ത്രീയ നയങ്ങളും മാഫിയകളുടെ അധിനിവേശവുമെല്ലാം വനസംരക്ഷണത്തിന്റെയും വന്യജീവിസംരക്ഷണത്തിന്റെയും അപാകതകളാണ്. പരിസ്ഥിതി സൗഹൃദമായ ഒരു നയരൂപീകരണത്തിലൂടെ കർഷകരെ ചേർത്തുനിർത്തിക്കൊണ്ട് വനസംരക്ഷണവും മൃഗസംരക്ഷണവും സാധ്യമാക്കണം. പ്രമുഖ പരിസ്ഥിതി പ്രവർത്തകനും നിരീക്ഷകനുമായ ലേഖകൻ മൃഗസൗഹൃദമാകേണ്ട കേരളത്തെക്കുറിച്ച് വിലയിരുത്തുന്നു.



**സി.ആർ.നീലകണ്ഠൻ**
***പരിസ്ഥിതി പ്രവർത്തകൻ***

കേരളത്തിന്റെ പല ഭാഗത്തു നിന്നും മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം സംബന്ധിച്ച വാർത്തകൾ നിരന്തരം വന്നുകൊണ്ടിരിക്കുന്നു. മനുഷ്യജീവനും കൃഷിയിടങ്ങളും വീടും മറ്റും നശിക്കുന്നു എന്നതിനേക്കാൾ മനസമാധാനത്തോടെ ജീവിക്കാൻ കഴിയാത്ത സാഹചര്യങ്ങൾ ആ മേഖലകളിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇത് പല തരത്തിൽ അപകടകരമായ, വിനാശകരമായ പ്രവണതയാണ്. ഇതിനു അടിയന്തര പരിഹാരം കണ്ടെത്തിയേ പറ്റൂ. ഇതിനെ കർഷകരും വനം വകുപ്പും പരിസ്ഥിതി സംഘടനകളുമൊക്കെ തമ്മിലുള്ള സംഘർഷമായി മാറ്റിക്കൊണ്ട് സർക്കാരും രാഷ്ട്രീയ നേതൃത്വങ്ങളും രക്ഷപ്പെടുകയാണ്. ആൾക്കൂട്ടം പ്രതിഷേധത്തിനെത്തുമ്പോൾ അതിന്റെ മുന്നിൽ നിന്നും മുദ്രാവാക്യം വിളിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന ഈ നേതാക്കൾ, ഈ വിഷയത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ പരിശോധിക്കാൻ ഇന്നുവരെ തയ്യാറായിട്ടില്ല. ഏതെങ്കിലും ഒരു ശത്രുവിനെ മുന്നിൽ ഉയർത്തിക്കാട്ടി രക്ഷപ്പെടുകയാണ് അവരെല്ലാം. 'മുല്ലപെരിയാർ സിൻഡ്രോം' എന്നാണു ഇതിനെ വിളിക്കുക. ഒരു ഘട്ടത്തിൽ കേരളമാകെ ഇളക്കി മറിച്ച മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വിഷയത്തെ ഇന്നെത്ര പേര് ഓർക്കാറുണ്ട്? അണക്കെട്ടിന്റെ പ്രായം ഓരോ വർഷവും കൂടുന്നു. അതുകൊണ്ടുതന്നെ അതിന്റെ അപകട സാധ്യതയും കൂടുന്നുവെന്ന സത്യം നമ്മൾ ഓർക്കാറില്ല. തുലാവർഷം വരുകയും അവിടെ ജലനിരപ്പ് 142 അടിക്കടുത്താകുകയും ചെയ്താൽ ഉടനെ വാർത്തകൾ വരും, പ്രസ്താവനകൾ വരും. വെള്ളം താഴ്ന്നാൽ എല്ലാവരും മറക്കും. വന്യമൃഗങ്ങളുടെ ആക്രമണം എന്ന പ്രശ്നത്തിന്റെ യഥാർഥ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാതെ മലയോരത്തെ മനുഷ്യർക്ക് (ഇപ്പോൾ ഇടനാട്ടിലെ മനുഷ്യരും ഇരകളാണ്) ശാശ്വതമായ സമാധാനം ഉണ്ടാകില്ല.

ഒന്നാമതായി, ഇത് സങ്കീർണമായ ഒരു വിഷയമാണെന്ന് മനസ്സിലാക്കണം. ഇത് ഒരു പ്രാദേശികവിഷയമായി മാത്രമേ ഇപ്പോഴും നമ്മുടെ ഭരണകർത്താക്കളും മാധ്യമങ്ങൾപോലും കാണുന്നുള്ളു. മറിച്ച് ഇത് കേരളത്തെ ആകെ ബാധിക്കുന്നതും ഭാവിയിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നതുമായ ഒന്നാണെന്നു തിരിച്ചറിയണം. വിവിധ കക്ഷികളും (രാഷ്ട്രീയ കക്ഷികളല്ല ) താല്പര്യങ്ങളും ഇതിലുണ്ടാകും. അവയുടെ ന്യായാന്യായങ്ങളെ പരിശോധിക്കണം. നിയമത്തിന്റെ കുരുക്കുകൾ ഉണ്ട്. പ്രശ്നം എല്ലായിടത്തും എല്ലാ

www.malankaralibrary.com



സമയത്തും ഒരേപോലെയല്ല. അതുകൊണ്ടുതന്നെ പരിഹാരങ്ങളും ഒരേ രൂപത്തിലാകില്ല. ഏതെങ്കിലും ഒറ്റമൂലി കൊണ്ട് ഇതിനു പരിഹാരവും ഉണ്ടാകില്ല. ഇത് കേരളത്തിൽ മാത്രമുള്ള ഒരു പ്രശ്നമല്ല, ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും (രാജസ്ഥാൻ, യുപി, ഉത്തരാഖണ്ഡ്,ഛത്തീസ്ഗഡ്, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ) മറ്റു പല രാജ്യങ്ങളിലും ഉള്ളതാണ്. അവിടങ്ങളിൽ ഏതൊക്കെ പരിഹാരങ്ങൾ തേടുന്നു, അവയെല്ലാം എത്രമാത്രം ഫലപ്രദമാണ് തുടങ്ങിയ അനുഭവങ്ങളുടെ പരിശോധനയും അനിവാര്യമാണ്. ഇവയോരോന്നും സംബന്ധിച്ചുള്ള വിശദമായ അന്വേഷണം ഈ ലേഖനത്തിൽ കഴിയില്ല. എങ്കിലും ചില സൂചനകൾ മാത്രം നല്കാൻ ശ്രമിക്കാം.

## മനുഷ്യാവകാശവിഷയം

കർഷകരും ആദിവാസികളുമാണ് ഇതിന്റെ പ്രത്യക്ഷ ഇരകൾ. എന്നാൽ മറ്റു ജനവിഭാഗങ്ങൾക്കും ഇതിന്റെ ദുരിതങ്ങൾ അനുഭവിക്കേണ്ടി വരാറുണ്ട്. കർഷകർ ആകെയും , പ്രത്യേകിച്ചും മലയോര കർഷകർ ഇന്ന് നിരവധി പ്രതിസന്ധികൾ നേരിടുന്നുണ്ട്. വിവിധ സർക്കാരുകളുടെ നയങ്ങൾ മൂലം തങ്ങളുടെ ഉത്പന്നങ്ങൾക്ക് കൃഷിച്ചെലവിനു ആനുപാതികമായ വില കിട്ടുന്നില്ല എന്നതിനാൽ തന്നെ സാമ്പത്തികമായി അവർ തകരുകയാണ്. ഒപ്പം കാലാവസ്ഥാമാറ്റം മൂലം കൃഷിനാശം മാത്രമല്ല ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലമുള്ള ദുരിതങ്ങളും ഉണ്ട്. അതിനെല്ലാം മീതെയാണ് കൃഷിതന്നെ അസാധ്യമാക്കുന്ന വന്യജീവി ആക്രമണങ്ങൾ വരുന്നത്. ഈ നാശം മൂലം കാർഷികവൃത്തിയിൽ നിന്നും ഒട്ടനവധി പേർ വിട്ടു നിൽക്കുന്നു. കൃഷിഭൂമി തരിശാകുന്നു. ഒരു കർഷകസുഹൃത്ത് നല്കിയ കണക്കു ഇവിടെ സൂചിപ്പിക്കുകയാണ്. കേരളത്തിലെ വനാതിർത്തി ഏതാണ്ട് 16400 കി. മി. ആണ്. ഇതിനു ചുറ്റുമായി ഏതാണ്ട് 3000 ചതു. കിമിയിലാണ് കൃഷി മുടങ്ങുന്നത്. അതായത് മൂന്ന് ലക്ഷം ഹെക്ടർ. ഒരു ഹെക്ടറിൽ ഒരു ദിവസം ശരാശരി ഒരാൾക്ക് തൊഴിൽ എന്ന് കണക്കാക്കിയാൽ തന്നെ പ്രതിവർഷം നഷ്ടമാകുന്നത് 11 കോടി തൊഴിൽ ദിനങ്ങൾ. അത് സൃഷ്ടിക്കാവുന്ന സാമ്പത്തിക ചലനം കേരളത്തെ എങ്ങനെയൊക്കെ വളർത്തുമായിരുന്നു? സർക്കാരിന്റെ വരുമാനത്തിൽ തന്നെ എത്ര വർധനവ് ഉണ്ടാക്കുമായിരുന്നു? ഇങ്ങനെ ചിന്തിക്കുമ്പോഴാണ് ഇത് കേരളത്തെ ആകെ ബാധിക്കുന്ന ഒരു വിഷയമാകുന്നത്. ഇതൊരു മനുഷ്യാവകാശവിഷയമാണ് എന്നും കണ്ട് ഇടപെടണം.

## സെൻസേഷൻ മാത്രമാകുന്ന അരിക്കൊമ്പൻ

എന്നാൽ ഇന്നും കേരളീയ പൊതുസമൂഹത്തിനു ഇത് ഇടക്കിടക്ക് വരുന്ന ഒരു വാർത്ത മാത്രം. അരിക്കൊമ്പൻ പോലുള്ള ചില സെൻസേഷൻ മാത്രം. ഇതിൽ മാറ്റം വരണം. വനം സരക്ഷിക്കാനുള്ള ചുമതല മുഴുവൻ സമൂഹത്തിനാണ്, കർഷകർക്ക് മാത്രമല്ല. ഇടനാട്ടിലും തീരപ്രദേശത്തുമുള്ളവരും ഇതിന്റെ ഒരു പങ്കു വഹിക്കണം. എങ്കിൽ മാത്രമേ ഇതിനു പരിഹാരം തേടാൻ സർക്കാരും രാഷ്ട്രീയകക്ഷികളും തയ്യാറാകുകയുള്ളൂ.വന്യമൃഗങ്ങളെ മുഴുവൻ ഇല്ലാതാക്കിക്കൊണ്ടുള്ള ഒരു പരിഹാരം ആർക്കും നിർദ്ദേശിക്കാൻ കഴിയില്ല. അത് പാരിസ്ഥിതിക സന്തുലനത്തെ തകർക്കും. വന്യമൃഗങ്ങൾ എന്നത് ഒരൊറ്റ സ്വഭാവമുള്ളവയല്ല. അവരെ വ്യത്യസ്തമായ രീതിയിൽ പരിഗണിക്കേണ്ടതുണ്ട്. അതുപോലെ തന്നെ വനങ്ങൾക്കടുത്തു നിന്നും എല്ലാ മനുഷ്യരെയും ഒഴിപ്പിച്ചു കൊണ്ടുള്ള പരിഹാരവും നിർദ്ദേശിക്കപ്പെടാൻ പാടില്ല. വനങ്ങളും കർഷകരും (മനുഷ്യരാകെ തന്നെയും) പരസ്പരപൂരകങ്ങളാണ് എന്നതാണ് ശാസ്ത്രീയ സത്യം. രണ്ടിന്റെയും അതിജീവനം. അഥവാ സഹജീവനം സാധ്യമാകണം. അതിനുള്ള സഹിഷ്ണുത മനുഷ്യർക്കുണ്ടാകണം. കാരണം

www.malankaralibrary.com

നമ്മളാണ് ആവാസവ്യവസ്ഥയിൽ ഇടപെടുന്നത്.

## രോഗമറിയാതെയുള്ള ചികിത്സ

വന്യമൃഗങ്ങൾ എന്തുകൊണ്ട് പുറത്തേക്കു വരുന്നു എന്നത് സംബന്ധിച്ചുള്ള വ്യക്തമായ പഠനങ്ങളൊന്നും ഇതുവരെ നടന്നിട്ടില്ല. ലഭ്യമായ വിവരങ്ങൾ ഭാഗികവും പലപ്പോഴും തെറ്റും ആണ്. ഓരോരുത്തർ തങ്ങളുടെ സൗകര്യത്തിനനുസരിച്ചുള്ള വിവരങ്ങൾ ഉപയോഗിക്കുകയാണ്. രോഗവിവരങ്ങൾ കൃത്യമായി ലഭ്യമാക്കാതെ ഒരു രോഗവും ചികിൽസിക്കാൻ കഴിയില്ല. മിക്കവാറും എല്ലാ വന്യമൃഗങ്ങളും വനത്തിനകത്തുള്ള തങ്ങളുടെ ആവാസവ്യവസ്ഥയിൽ ജീവിക്കാൻ ആഗ്രഹിക്കുന്നവയാണ്. മനുഷ്യരെ ഭയമുള്ളവയാണ്. ആന പോലുള്ള ചില മൃഗങ്ങൾ മാത്രമാണ് സാധാരണയായി ദീർഘദൂരം സഞ്ചരിക്കാറുള്ളത്. എന്നിട്ടും ധാരാളം വന്യമൃഗങ്ങൾ പുറത്തിറങ്ങുന്നു എങ്കിൽ വനത്തിനകത്തു അവർക്കു ജീവിക്കാനാവശ്യമായ സാഹചര്യങ്ങളിൽ കുറവുണ്ടാകണം. വനത്തിന്റെ കേവല വിസ്തീർണ്ണം വർധിക്കുന്നത് കൊണ്ട് മാത്രം ഈ സാഹചര്യങ്ങൾ ഉണ്ടാകണമെന്നില്ല. വനം വകുപ്പ് തന്നെ പല രീതികളിൽ ഇവരുടെ ആവാസവ്യവസ്ഥ തകർത്തു കളഞ്ഞിട്ടുണ്ട് എന്ന് നമുക്കറിയാം. ഏറെ ചർച്ച ചെയ്യപ്പെട്ട, വിമർശിക്കപ്പെട്ട യൂക്കാലി, അക്കേഷ്യ തുടങ്ങിയവ വനത്തിനകത്തു വളർത്തിയത് വനം വകുപ്പ് തന്നെയാണ്. മണ്ണും സസ്യവൈവിധ്യവും ജലലഭ്യതയും ഇത് മൂലം എത്ര നശിച്ചു എന്നും ഇന്ന് നമുക്കറിയാം. അങ്ങനെ വരുമ്പോൾ മൃഗങ്ങൾ വെള്ളവും ഭക്ഷണവും തേടി പുറത്തുവരാം.

## അശാസ്ത്രീയ നയങ്ങൾ

ചില കേന്ദ്രങ്ങളിൽ ആവർത്തിച്ചു പറയുന്നതുപോലെ വന്യമൃഗങ്ങളുടെ എണ്ണത്തിൽ ക്രമാതീതമായ വർധനവുണ്ടായിട്ടുണ്ടെങ്കിൽ അത് ശാസ്ത്രീയമായി പരിശോധിക്കണം. പഴയ കാലത്തു നായാട്ടും മറ്റും നിയന്ത്രിതമായി ഉണ്ടായിരുന്നിട്ടും വനം നിലനിന്നിരുന്നതാണ്. അങ്ങനെ ഉണ്ടെന്നു കണ്ടെത്തിയാൽ ലോകത്തിന്റെ പല ഭാഗത്തുമെന്ന പോലെ അത്തരം വന്യമൃഗങ്ങളെ തെരഞ്ഞു പിടിച്ചു നശിപ്പിക്കുന്ന രീതികൾ തേടാൻ കഴിയും. അതിനും ഗഹനമായ പഠനങ്ങൾ വേണം. അത് നടപ്പിലാക്കാൻ സംവിധാനങ്ങൾ കാര്യക്ഷമമായിരിക്കണം. കാട്ടുപന്നികളെ നാട്ടിലിറങ്ങിയാൽ വെടിവച്ച് കൊല്ലാമെന്ന ഉത്തരവ് നിലവിലുണ്ട്. പക്ഷേ, അതുകൊണ്ടൊന്നും ഒരിടത്തും പന്നികളുടെ ശല്യം കാര്യമായി കുറഞ്ഞതായി കാണുന്നില്ല. നമ്മുടെ ഭരണസംവിധാനങ്ങൾ തന്നെയാണ് പ്രശ്നം. വനത്തിന്റെ വിസ്തൃതി എന്നതുപോലെ പ്രധാനമാണ് അതിന്റെ തുടർച്ചയും, പ്രത്യേകിച്ചും ആനകൾ പോലുള്ള ജീവികൾക്ക്. ഇന്ന് വനങ്ങൾ വളരെയേറെ ശകലീകൃതമാണ് (fragmented) വനങ്ങൾക്കു തൊട്ടടുത്തു മനുഷ്യരുടെ ആവാസപ്രദേശങ്ങൾ നിലവിൽ വന്നത് അതാതു കാലത്തെ സർക്കാരുകളുടെ അനാസ്ഥകൊണ്ടും അഴിമതികൊണ്ടും അജ്ഞതകൊണ്ടുമാണ്. അതിന്റെയും ഇരകളാകുന്നത് സർക്കാർ തന്നെ മുൻകൈയെടുത്തു കൊണ്ടുവന്നവരും അവരുടെ പുതിയ തലമുറകളുമാണ്. വനത്തിന്റെ ജൈവ വൈവിധ്യഘടനയിൽ വന്ന മാറ്റങ്ങളും ചില ജീവികളുടെ വർധനവിന് കാരണമാകാറുണ്ട്. അതിനുള്ള ഒരു ഉദാഹരണമാണ് കാട്ടിൽ കുറക്കന്റെ എണ്ണം കുറയുക വഴി പന്നികളുടെ എണ്ണം കൂടിയെന്നത്.

## എങ്ങനെയാകണം പരിഹാരങ്ങൾ?

തങ്ങളെ സംരക്ഷിക്കാൻ ഭരണകൂടം ഇല്ല എന്ന തോന്നൽ മനുഷ്യരിൽ ഉണ്ടാകുന്നതാണ് പ്രധാന പ്രശ്നം. വനം വകുപ്പുമായി കർഷകർ പലപ്പോഴും സംഘർഷത്തിലാണ്. കർഷകർ ദശാബ്ദങ്ങളായി കൃഷി ചെയ്തുവരുന്ന ഭൂമിയിൽ നിന്നും അവർക്കു മരം മുറിക്കാനുള്ള അനുവാദമില്ല. വന്യമൃഗങ്ങൾ പുറത്തു വരുമ്പോൾ വകുപ്പിന് ഒരു ചുമതലയുമില്ല. മറുവശത്തു ആനത്താരയിൽ ടെൻറ് കെട്ടി രാത്രി താമസം ഒരുക്കുന്നവരെ, തടയണകൾ നിർമിക്കുന്നവരെ ഒക്കെ ഒന്നും ചെയ്യാറില്ല. കർഷകർക്കുള്ള നഷ്ടപരിഹാരം നല്കുന്നതിലെ കുറവും കാലതാമസവും ഇന്നേറെ വിമർശിക്കപ്പെടുന്നതാണ്. പഞ്ചായത്തു പോലുള്ള സംവിധാനങ്ങൾക്കു ഇതിൽ ഒരു പങ്കുമില്ല. ജനങ്ങളിൽ ആത്മവിശ്വാസം ഉണ്ടാക്കുക എന്നത് അനിവാര്യവും അടിയന്തരവുമായ ആവശ്യമാണ്.

കർഷകരെ കയ്യേറ്റക്കാരായി ഒരു യഥാർഥ പരിസ്ഥിതി സ്നേഹിയും കാണുന്നില്ല. കർഷകരെ കൂടെ നിർത്തിക്കൊണ്ട് മാത്രമേ കയ്യേറ്റക്കാരെ ഒഴിപ്പിച്ച് വനം സംരക്ഷിക്കാൻ കഴിയൂ. വനവും കാലാവസ്ഥയും ജലസ്രോതസ്സുകളും ജൈവവൈവിധ്യങ്ങളും എന്നേക്കും സംരക്ഷിക്കുക എന്നത് മറ്റാരെയുംകാൾ കർഷകരുടെ ആവശ്യമാണ്. ഇപ്പോൾ കർഷകരെ സംരക്ഷിക്കാൻ എന്ന പേരിൽ കയ്യേറ്റക്കാരാണ്

..... ശേഷം പേജ് 31-ൽ

www.malankaralibrary.com





Since 1987
Madonna® ELECTRONICS
ISO 9001-2008 COMPANY

## പഞ്ചാബ് ബുംഗാ മൗണ്ട് കാർമൽ സ്കൂളിലെ സ്റ്റേജ് കർട്ടൻ പൾസേറ്റർ ഓട്ടോമേഷൻ സംവിധാനത്തിൽ !

പഞ്ചാബ് ഹോസിയാപ്പൂർ ജില്ലയിലെ ബുംഗാ മൗണ്ട് കാർമൽ സ്കൂളിലെ 80 അടി നീളമുള്ള രണ്ട് സ്റ്റേജ് കർട്ടനുകൾ **PULSATOR** കർട്ടൻ ഓട്ടോമേഷൻ സംവിധാനത്തിൽ പ്രവർത്തിക്കുന്നു. കേരളത്തിലെ 14 ജില്ലകളിലും ഭാരതത്തിൽ 20 സംസ്ഥാനങ്ങളിലുമായി ഇപ്പോൾ 600-ൽപരം പള്ളിമണികളും **PULSATOR** സംവിധാനത്തിൽ ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നുണ്ട്.

**PULSATOR:** നിലവിലുള്ള പള്ളിമണികൾ ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും അടിപ്പിക്കുന്ന സംവിധാനം.

**CHANT:** പള്ളികളിലെ നിലവിലുള്ള ആംപ്ലിഫയറിലൂടെ പള്ളിമണി ശബ്ദങ്ങൾ, പ്രാർത്ഥനകൾ, ഗാനങ്ങൾ എന്നിവ ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും പ്രവർത്തിക്കുന്ന സംവിധാനം.

**ALTAR CURTAIN AUTOMATION :** നിലവിലുള്ള അൾത്താര കർട്ടൻ (തിരുശ്ശീല) മാനുവലായും റിമോട്ടുപയോഗിച്ചും മാറ്റുന്ന ഓട്ടോമാറ്റിക് സംവിധാനം.

**MADONNA CHURCH BELLS :** യൂറോപ്യൻ ഗുണനിലവാരവും ആകൃതിയുമുള്ള പള്ളിമണികൾ നിർമ്മിച്ചുനൽകുന്നു.

**SCHOOL BELL AUTOMATION:** നിലവിലുള്ള സ്കൂൾ ബെല്ലുകൾ ഓട്ടോമാറ്റിക്കായി അടിപ്പിക്കുന്ന സംവിധാനം.

**THURICOAL :** കരിയും തീയും നിലനിർത്തിക്കൊണ്ട് ധൂപാർച്ചനയിൽ ഓട്ടോമേഷൻ.

**HOLY WATER TOUCHLESS:** കരസ്പർശമില്ലാതെ ഹോളിവാട്ടർ ഓട്ടോമാറ്റിക്കായി കിട്ടുന്ന സംവിധാനം.

**Call: Felix Madonna - 98953 99881, 98952 98951**
Watch Pulsator channel in Youtube or visit: www.madonnapulsator.com

Pulsator® Patent
The Church Bell Ringer
*ISO 9001-2008 Certified Company*

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com

www.malankaralibrary.com

# ചാത്യാത്ത് മൗണ്ട് കാർമ്മൽ ദേവാലയത്തിൽ
# പരിശുദ്ധ കർമ്മല മാതാവിന്റെ
# 350-ാം കൊമ്പ്രേര്യ തിരുനാൾ

ത്രിശതോത്തര സുവർണ്ണ ജൂബിലി 1673~2023

## 2023 ജൂലൈ 10 മുതൽ 16 വരെ

**നവനാൾ തിരുക്കർമ്മങ്ങൾ 2023**
**ജൂലൈ 1 മുതൽ 9 വരെ**
**എട്ടാമിടം തിരുനാൾ ജൂലൈ 22 & 23**

തിരുനാൾ ദിനങ്ങളിൽ എല്ലാ ദിവസവും പതിവുപോലെ രാവിലെ 6നും 7.15നും ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്.





മരിയാവൂസ് പാതിരി
ചാത്യാത്ത് സ്ഥാപകൻ

### 10/7/2023 തിങ്കൾ ഒന്നാം ദിനം

5.30ന് : **കൊടികയറ്റം**
Rev. Fr. പോൾസൺ കൊറ്റിയത്ത് ചാത്യാത്ത് ഇടവക വികാരി
**പൊന്തിഫിക്കൽ ദിവ്യബലി, ലദീഞ്ഞ**
മുഖ്യകാർമ്മികൻ : Most Rev. Dr. ഫ്രാൻസിസ് കല്ലറക്കൽ
ആർച്ച് ബിഷപ് എമിരിറ്റസ്, വരാപ്പുഴ അതിരൂപത
വചനപ്രഘോഷണം : Rev. Fr. ആന്റണി ഷൈൻ കാട്ടുപറമ്പിൽ
വികാരി, സേക്രഡ് ഹാർട്ട് ചർച്ച്, തേവർക്കാട്
രാത്രി 8.00ന് : **ചെണ്ട & വയലിൻ ഫ്യൂഷൻ**



### 11/7/2023 ചൊവ്വ രണ്ടാം ദിനം

5.30ന് : **ദിവ്യബലി (ലാറ്റിൻ), ലദീഞ്ഞ**
മുഖ്യകാർമ്മികൻ : Rt. Rev. Dr. പോൾ ആന്റണി മുല്ലശ്ശേരി
കൊല്ലം രൂപത ബിഷപ്
വചനപ്രഘോഷണം : Rev. Dr. ജേക്കബ് പ്രസാദ്
K.C.B.C. ...., P.O.C. ...
രാത്രി 7.30ന് : **ഊട്ടുനേർച്ച**



### 12/7/2023 ബുധനാഴ്ച്ച മൂന്നാം ദിനം

5.30ന് : എലക്തോർമാരുടെ വാഴ്ച തുടർന്ന്
**ദിവ്യബലി, ലദീഞ്ഞ**
മുഖ്യകാർമ്മികൻ : Very Rev. Msgr. മാത്യു കല്ലിങ്കൽ
വികാരി ജനറാൾ, വരാപ്പുഴ അതിരൂപത
വചനപ്രഘോഷണം : Rev. Fr. ജോൺ ക്ലാപ്പിസ്റ്റൻ ലോപ്പസ്
രാത്രി 8.00ന് : **ചവിട്ടു നാടകം 'മാർ ഔസേപ്പ് പുണ്യവാൻ'**
സെന്റ് റോക്കീസ് ....., പള്ളിപ്പുറം



### 13/7/2023 വ്യാഴാഴ്ച്ച നാലാം ദിനം

രാവിലെ 7.15ന് : ദിവ്യബലി – എലക്തോർമാർക്ക് വേണ്ടി
8.00ന് : പ്രസുദേന്തി തെരഞ്ഞെടുപ്പ്
5.30ന് : **ദിവ്യബലി, ലദീഞ്ഞ**
മുഖ്യകാർമ്മികൻ : Rt. Rev. Msgr. സെബാസ്റ്റിൻ ലൂയീസ്
വികാരി & റെക്ടർ, സെന്റ് ഫിലോമിനാസ് ചർച്ച്, കൂനമ്മാവ്
വചനപ്രഘോഷണം : Rev. Fr. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
വികാരി, സെന്റ് ജോസഫ് ചർച്ച്, ....
രാത്രി 8.00ന് : **മാർഗ്ഗം കളി** ....., ....പുരം പള്ളി



### 14/7/2023 വെള്ളിയാഴ്ച്ച അഞ്ചാം ദിനം

5.30ന് : **ദിവ്യബലി, ലദീഞ്ഞ**
മുഖ്യകാർമ്മികൻ, വചനപ്രഘോഷണം : Rt. Rev. Dr. ജെയിംസ് റാഫേൽ ആനാപറമ്പിൽ
ആലപ്പുഴ രൂപത ബിഷപ്
രാത്രി 8.00ന് : **ബൈബിൾ നാടകം 'വിശുദ്ധ പത്രോസ്'**
കൊച്ചിൻ ..... കമ്മ്യൂണിക്കേഷൻ, കൊരട്ടി



### 15/7/2023 ശനിയാഴ്ച്ച ആറാം ദിനം

5.30ന് : **ദിവ്യബലി, പ്രദക്ഷിണം**
മുഖ്യകാർമ്മികൻ : Rt. Rev. Dr. ജോസഫ് കരിയിൽ
കൊച്ചി രൂപത ബിഷപ്
വചനപ്രഘോഷണം : Rev. Fr. അലക്സ് സ്റ്റാൻലി ചിറക്കലാനിൽ P.M.I.
സെന്റ് ജോസഫ് ആശ്രമം, കാവനാട്, കൊല്ലം
തുടർന്ന് : **പ്രദക്ഷിണം**
ചാത്യാത്ത് പള്ളിയിൽ നിന്ന് ക്വീൻസ് വാക്ക്‌വേ വഴി തിരിച്ച് പള്ളിയിലേക്ക്
രാത്രി 8.30ന് : **ചെണ്ട & ബാന്റ് ഫ്യൂഷൻ തുടർന്ന് വർണ്ണക്കാഴ്ചകൾ**




### 16/7/2023 ഞായറാഴ്ച്ച ഏഴാം ദിനം

9.30ന് : **ആഘോഷമായ തിരുനാൾ ദിവ്യബലി**
മുഖ്യകാർമ്മികൻ : Most Rev. Dr. ജോസഫ് കളത്തിപ്പറമ്പിൽ
മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്, വരാപ്പുഴ അതിരൂപത
വചനപ്രഘോഷണം : Rev. Dr. തോമസ് മരോട്ടിക്കാപറമ്പിൽ O.C.D.
....., മഞ്ഞുമ്മൽ

രണ്ട് വീടുകളുടെ താക്കോൽ ദാനകർമ്മവും

ചാത്യാത്ത് പള്ളി സ്ഥാപകനും ആദ്യവികാരിയുമായ മരിയാവൂസ് പാതിരി O.C.D.യുടെ സ്മാരകശിലയും ..... തിരുമേനി ....

തുടർന്ന് : **പ്രദക്ഷിണം** ചാത്യാത്ത് പള്ളിക്കു ചുറ്റും
5.30ന് : **ദിവ്യബലി, ലദീഞ്ഞ**
മുഖ്യകാർമ്മികൻ : Very Rev. Dr. അഗസ്റ്റിൻ മുള്ളൂർ O.C.D.
പ്രൊവിൻഷ്യൽ സുപ്പീരിയർ, മഞ്ഞുമ്മൽ പ്രൊവിൻസ്
ആമുഖ പ്രസംഗം : Rev. Fr. ജോഷി ജോർജ് കൊടിയത്തറ O.C.D.
വചനപ്രഘോഷണം : Rev. Fr. സൈറസ് കാരിക്കാശ്ശേരി O.C.D.
7.30ന് : **കൊടിയിറക്കം**
Rev. Fr. പോൾസൺ കൊറ്റിയത്ത്
ചാത്യാത്ത് ഇടവക വികാരി
രാത്രി 8.00ന് : **ലൈവ് മ്യൂസിക്**









Fr. പോൾസൺ കൊറ്റിയത്ത് വികാരി



2023 ജൂലൈ 19-ാം തീയതി
ദൈവദാസനായി ഉയർത്തപ്പെടുന്ന ചാത്യാത്ത് ഇടവകാംഗമായ
**മോൺ. ഇമ്മാനുവൽ ലോപ്പസച്ചന്**
പ്രാർത്ഥനാശംസകൾ

തിരുനാൾ ദിനങ്ങളിലെ എല്ലാ ചടങ്ങുകളുടെയും ഓൺലൈൻ ലൈവ് കേരള വാണിയിലും, തിരുനാൾ കമ്മിറ്റിയുടെ വെബ് പേജിലും, ഫേസ്ബുക് പേജിലും ഉണ്ടായിരിക്കുന്നതാണ്.

https://www.facebook.com/mccc350 https://mccc350.com/ https://keralavani.com/

www.malankaralibrary.com



# മോൺ. ഇമ്മാനുവൽ ലോപ്പസിന്റെ

**ദൈവദാസ പ്രഖ്യാപനത്തിൽ**

**വേലിയാത്ത് ലോപ്പസ് കുടുംബാംഗങ്ങളുടെ**


**പ്രാർഥനാശംസകൾ!**

ജനനം : 1908 മെയ് 10
പൗരോഹിത്യ സ്വീകരണം : 1934 ആഗസ്റ്റ് 26
മരണം : 2004 മാർച്ച് 20
ദൈവദാസ പ്രഖ്യാപനം : 2023 ജൂലൈ 19

## VELIYATH LOPEZ FAMILY MEMBERS

CHATHIATH, PACHALAM, KOCHI 682012

www.malankaralibrary.com





# THE CONTEMPORARY FAMILY

## What Parents and Children Need to Know

Editor: Dr. Thomas Kuzhinapurath

₹ 300/- (including Postage)




This book is unique and profound in its analysis of the foundation of the family and in looking at the family unit from different perspectives. It is an effort to confront the challenges and pressing issues that families face today by firmly adhering to the teachings of the Church.

Cardinal Oswald Gracias, Archbishop of Bombay



Let this book be instrumental in shedding light on the various aspects of family life. I do appreciate this great work.

Cardinal George Alencherry, Major Archbishop of the Syro-Malabar Church



Let this book be a guide and reference for the contemporary Christian family as it authentically teaches about the value of human life, family relationships, and the challenges to be overcome in childhood, adolescence and youth.

CardinalBaselios Cleemis, Catholicos of the Syro-Malankara Church & Major Archbishop of Trivandrum



This quintessential book, which should be owned and studied by every home, is a valuable asset to society itself.

Justice J B Koshy, Former Chief Justice, Patna High Court

**For Copies Contact: 9745448182, 8129482279**



# വിശുദ്ധ ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്ന്യാസ സഭാ സ്ഥാപിക

## ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ, ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നുകൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമലമായ ഹൃദയത്തിൽനിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.



### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരെയും പ്രത്യേകിച്ച് പാവപ്പെട്ടവരെ, ഈശോയെയും മാതാവിനെയും അറിയാനും സ്നേഹിക്കാനും പഠിപ്പിക്കുക എന്നതായിരുന്നു.

നിങ്ങൾ ഒരു കത്തോലിക്കാ യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനുംവേണ്ടി സേവനം അനുഷ്ഠിക്കാൻ സ്വയം സമർപ്പിതയാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒരു പ്രാർത്ഥനാജീവിതത്തിന്, ഒരു സമ്പൂർണ സാമൂഹിക സേവനത്തിന്, ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ...

**വരൂ ഞങ്ങളോടു കൂടെ ചേർന്ന് ജീസസ് ആന്റ് മേരി സന്ന്യാസസഭാംഗമാകൂ!**

**എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും സ്വാഗതം.**

വിശദവിവരങ്ങൾക്ക്:

Vocation Promoter
CONVENT OF JESUS AND MARY
Bangla Sahib Marg,
New Delhi - 110 001
Tel: 011-23747868, Mob: 8800574893

Sr. Superior
CONVENT OF JESUS AND MARY
Gopalapetta P.O, Chalil, Thalassery- 670 102
Kannur Dist, Kerala
Ph: 0490-2322822, Mob: 8527703922

www.malankaralibrary.com

***പേജ് 26-ൽ നിന്ന് തുടർച്ച .......***

മുന്നിൽ നിൽക്കുന്നത്. മറ്റാരും കൂടെയില്ലാത്തതിനാലാണ് കർഷകർ ഇതിനു കൂട്ട് നിൽക്കുന്നത്. ഇതിലെ അപകടം സർക്കാരും പൊതുസമൂഹവും തിരിച്ചറിയണം. കർഷകരാണ് ഭൂമിയിൽ പച്ചപ്പ് നിലനിർത്തുന്ന പ്രധാന വിഭാഗം. കർഷകരും പരിസ്ഥിതി സംരക്ഷകരാണ് എന്നുള്ള തിരിച്ചറിവ് പൊതുസമൂഹത്തിനു അനിവാര്യമാണ്. അടുത്ത കാലത്തായി മാത്രം ഇത്രയധികം വന്യജീവികൾ പുറത്തുവരുന്നതിനു പിന്നിൽ കയ്യേറ്റ മാഫിയകളുടെ പങ്കു എത്രയെന്നും കണ്ടെത്തണം. എന്നാൽ വനം വകുപ്പും മറ്റും ഇവരോട് മൃദുസമീപനമാണ് സ്വീകരിക്കുന്നത്.

പരിഹാരങ്ങൾ ഹൃസ്വകാലം, ദീർഘകാലം എന്നിങ്ങനെ വേർതിരിച്ചു കാണണം. ഒറ്റമൂലി പരിഹാരങ്ങൾ ഇല്ല എന്ന് മുൻകാല അനുഭവങ്ങൾ കാണിക്കുന്നു. ചില നടപടികൾ തൽക്കാലം പരിഹാരമാണെന്നു കാണും. കാലം കഴിയുമ്പോൾ അത് മാറാം. മൃഗങ്ങൾ അത് മറികടന്നേക്കാം. സ്വയം പരിണാമങ്ങൾ സംഭവിക്കുന്നവയാണ് ഈ മൃഗങ്ങൾ. പരമ്പരാഗതമായി മൃഗങ്ങളെ ഓടിക്കാൻ ഉപയോഗിക്കുന്ന ശക്തമായ ശബ്ദം, വെളിച്ചം, പടക്കം എന്നിവയുടെ പ്രയോഗം ഒരിക്കലും ദീർഘകാല പരിഹാരമല്ല. ഉദാ. കുരങ്ങുകൾ പെട്ടെന്ന് തന്നെ ഇതിനെ തിരിച്ചറിയും.

## പ്രകൃതിദത്ത വേലികൾ

മുള്ളുകൊണ്ടും മറ്റും വനാതിർത്തിയിൽ ഉള്ള വേലികൾ ഉണ്ടാക്കിയാൽ . ഇവയിലെ മുള്ളുകൾ കുരങ്ങു പോലുള്ള മൃഗങ്ങളെ ഒരു പരിധി വരെ തടയുന്നു.

## തേനീച്ച വേലികൾ

ആനകളെ പ്രതിരോധിക്കാൻ നല്ലതാണ്. പക്ഷേ, കരടികളെ ആകർഷിക്കുന്നു. ശക്തമായ സൈറൺ മുഴക്കൽ ചിലയിടങ്ങളിൽ ഫലപ്രദമാകാറുണ്ട്. ഇത് ഗവേഷണങ്ങൾക്കു ശേഷം സ്ഥാപിക്കേണ്ടതാണ്.

ആധുനിക കാലത്തു സ്വീകരിക്കുന്ന വൈദ്യുത വേലികൾ ഫലപ്രദമാണ്. നിരന്തരം അറ്റകുറ്റപ്പണികൾ വേണം. ചിലവും കൂടുതലാണ്.

## വൈദ്യുതീകരിച്ച മനുഷ്യക്കോലങ്ങൾ സ്ഥാപിക്കൽ

കടുവക്കും പുലിക്കും കാട്ടുപോത്തിനും കരടിക്കും മനുഷ്യരെ ആക്രമിക്കുന്നതിൽ നിന്നുള്ള പ്രതിരോധമാണിത്. ഒരിക്കൽ ഷോക്ക് കിട്ടിയാൽ പിന്നെ മനുഷ്യരെ ആക്രമിക്കില്ല കിടങ്ങുകൾ ചില പ്രദേശങ്ങളിൽ ഫലപ്രദമാകാറുണ്ട്. പുത്തൻ സാകേതിക വിദ്യകൾ ഉപയോഗിച്ചുള്ള പരിഹാരങ്ങളും സാധ്യമാണ്. ആധുനിക കാലത്തു സ്വീകരിക്കുന്ന വൈദ്യുത വേലികൾ ഫലപ്രദമാണ്. നിരന്തരം അറ്റകുറ്റപ്പണികൾ വേണം. സൗരോർജ വൈദ്യുതവേലികളും റെയിൽപ്പാള മതിലുകളുമൊക്കെ നിർദ്ദേശിക്കപ്പെടുന്നുണ്ട്. പ്രധാന വിഷയം ഇക്കാര്യത്തിൽ സർക്കാരുകൾ പുലർത്തുന്ന ജാഗ്രത തന്നെയാണ്. സൗരോർജ വേലികൾ പോലെ സ്ഥിരമായി അറ്റകുറ്റപ്പണികൾ ആവശ്യമാകുന്ന ഇടങ്ങളിൽ അതിനൊന്നും സർക്കാർ മിനക്കെടാറില്ല. വനം പരിസ്ഥിതി സംരക്ഷണത്തിനായുള്ള ഫണ്ടുകൾ ഇന്ന് ധാരാളമായി ലഭിക്കാൻ സാധ്യതയുണ്ട്. പലപ്പോഴും ഈ ഫണ്ടുകൾ വേണ്ട രീതിയിൽ ഉപയോഗിക്കാറുമില്ല.

ചില അടിസ്ഥാനവിഷയങ്ങളിൽ കൃത്യമായ വിവരങ്ങൾ ഇല്ലാതെ ശാശ്വത പരിഹാരം സാധ്യമാകില്ല. കർഷകരടക്കം മലയോരത്തു ജീവിക്കുന്നവർക്കുള്ള അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. താൽക്കാലിക പരിഹാരങ്ങൾക്കപ്പുറം ശാശ്വതമായ വഴികൾ തേടാൻ നമ്മൾ തയ്യാറാകണം. മുൾമുനയിൽ നിന്നുകൊണ്ട് ഒരു വിഭാഗം മനുഷ്യർക്ക് ജീവിക്കാൻ കഴിയില്ലല്ലോ. ശാസ്ത്രീയമായ പഠനങ്ങൾ ഉടനെ നടക്കണം. മുമ്പ് സൂചിപ്പിച്ചതു പോലെ വനത്തിന്റെ അവസ്ഥ, വന്യമൃഗങ്ങളുടെ എണ്ണം, മൃഗങ്ങളെ ഉൾക്കൊള്ളാൻ വേണ്ട സംവഹന ശേഷി, ശാസ്ത്രീയമായ സഞ്ചാരപഥങ്ങൾ. ഇങ്ങനെ പലതും പഠനവിധേയമാക്കണം. ആനകൾ പോകുന്ന എല്ലാ വഴികളും ആനത്താരയല്ല. മറിച്ച് മനുഷ്യർ ജീവിക്കുന്ന ചില ഇടങ്ങൾ ആനത്താരയാണെന്നു കണ്ടാൽ അത് ആനകൾക്കു വിട്ടു കൊടുക്കുകയും വേണം. ഇനി അവശേഷിക്കുന്ന വനങ്ങൾ അതിന്റെ സ്വാഭാവിക ശേഷിയിൽ സംരക്ഷിക്കപ്പെടണം. കർഷകർക്ക് സ്വന്തം ഭൂമി ഇത് പുനഃസ്ഥാപിക്കാനായി വിട്ടു നല്കാൻ കഴിയില്ല. ഇതിൽ സർക്കാർ ഇടപെടണം. ഏറ്റവും ന്യായമായ നഷ്ടപരിഹാരവും പുനരധിവാസവും നല്കണം. നിയമവിരുദ്ധമായ എല്ലാ ഇടപെടലുകളും അവസാനിപ്പിക്കണം. അങ്ങനെ നമുക്കെത്താൻ കഴിയുന്ന തീരുമാനങ്ങൾ നടപ്പാക്കണം. നേരത്തെ സൂചിപ്പിച്ചതു പോലെ വന്യമൃഗങ്ങളുടെ എണ്ണത്തിൽ കാര്യമായ വർധനവുണ്ടായിട്ടുണ്ടെന്നു കണ്ടാൽ അവയെ നിയന്ത്രിക്കണം. ഇതിനെല്ലാം സർക്കാർ മുൻ കൈയെടുക്കണം. അതിനായി മുഴുവൻ സമൂഹവും കർഷകർക്കൊപ്പം നിൽക്കണം. ■

www.malankaralibrary.com

# ജനപ്പെരുപ്പം നിയന്ത്രിക്കാൻ മൃഗപ്പെരുപ്പമോ?

കാട്ടുമൃഗങ്ങളുടെ ആക്രമണം ഈയടുത്ത നാളുകളിൽ മുമ്പെന്നത്തേതിനേക്കാൾ കൂടുതലാണ്. പണ്ട് അതിർത്തി പ്രദേശങ്ങളിൽ മാത്രം കണ്ടിരുന്ന വന്യമൃഗങ്ങൾ നാട്ടിൻപുറങ്ങളിലേക്കും ധാരാളമായി വന്നുതുടങ്ങിയിരിക്കുന്നു. വന്യമൃഗങ്ങൾ അമിതമായി പെരുകുന്നതിൽ നിസ്സംഗതാഭാവം പുലർത്തുന്നത് ജനപ്പെരുപ്പം നിയന്ത്രിക്കുന്നതിനാണോയെന്ന ആശങ്ക പങ്കുവയ്ക്കുകയാണ് വിശ്വധർമം പത്രാധിപരായ ലേഖകൻ.



**മാർഷൽ ഫ്രാങ്ക്**
*മാധ്യമപ്രവർത്തകൻ*

അച്ചടി ദൃശ്യമാധ്യമങ്ങളിൽ 2023 ഏപ്രിൽ മെയ് മാസങ്ങളിൽ ഏറ്റവും കൂടുതൽ സമയം ചർച്ച ചെയ്യപ്പെട്ട കഥാപാത്രങ്ങൾ അരിക്കൊമ്പനും ചക്കക്കൊമ്പനുമായിരുന്നു. രണ്ടും ആനകൾ; കാട്ടാനകൾ. കേരളത്തിന്റെ മലയോരവാസികൾ ദീർഘനാളായി ഉയർത്തുന്ന പരിദേവനങ്ങൾക്കു പരിഹാരമെന്നോണം ഒടുവിൽ അധികാരികൾ അനങ്ങിവന്നു. വനമൃഗസംരക്ഷണ പൊലീസ് വകുപ്പുകൾ ഏകോപിപ്പിച്ച് കൂടുതൽ അപകടകാരിയായ അരിക്കൊമ്പനെ തളയ്ക്കുവാനെടുത്ത തീരുമാനം ആശ്വാസത്തോടും ആഹ്ലാദത്തോടും കൂടിയാണ് കർഷകജനത വരവേറ്റത്.

വളരെയേറെ കടമ്പകൾ കടന്ന് കാടും മേടും താണ്ടിയാണ് മലയോരത്ത് ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ ചെറുകിട വ്യാപാരികൾ എത്തിക്കുന്നത്. സിവിൽ സപ്ലൈസ് വകുപ്പിന്റെ റേഷൻ കടകളും ഇതിനായി പ്രവർത്തിച്ചുവരുന്നു. ഒരു ആന രാത്രിയെന്നോ പകലെന്നോ ഇല്ലാതെ കാട്ടിൽ നിന്നുമിറങ്ങി നാട്ടിൽ വന്ന് റേഷൻ കടകളും പലചരക്ക് കടകളും തകർത്ത് അരിച്ചാക്കുകൾ കുത്തിപ്പൊളിച്ച് അരി ആവശ്യാനുസരണം തിന്ന് തിരിച്ചുപോകുന്ന ഒരു കലാപരിപാടി ഏറെ നാളായി തുടർന്നു വന്നിരുന്നു. അരി മാത്രം ലക്ഷ്യമിടുന്ന ഈ കരിവീരനെ നാട്ടുകാർ അരിക്കൊമ്പൻ എന്ന വട്ടപ്പേരു നല്കി ബഹുമാനിച്ചിരുന്നു. ആദ്യമൊക്കെ ഈ പ്രക്രിയ വല്ലപ്പോഴുമായിരുന്നെങ്കിൽ, പിന്നീട് നിത്യാഭ്യാസമായി വന്നതോടുകൂടി ജനം പൊറുതിമുട്ടി. വരുമ്പോഴും പോകുമ്പോഴും വഴിയിൽ കാണുന്ന ഒറ്റപ്പെട്ട ആളുകളെ ആക്രമിക്കുന്നതും ഈ കാട്ടാനയുടെ ഒരു വികൃതിയായിരുന്നു. ഇതുവഴി ജനങ്ങളുടെ സ്വത്ത് മാത്രമല്ല ജീവനും നഷ്ടപ്പെട്ട സംഭവങ്ങൾ ഉണ്ടായപ്പോൾ ജനങ്ങൾ പ്രക്ഷോഭത്തിന്റെ പാതയിലേക്കു തിരിഞ്ഞതിന്റെ ബാക്കിപത്രമാണ് അരിക്കൊമ്പനെ തളയ്ക്കാനുള്ള തീരുമാനം. സർവസന്നാഹങ്ങളോടുകൂടിയുള്ള തയ്യാറെടുപ്പിനൊടുവിൽ മയക്കുവെടി വച്ച് അരിക്കൊമ്പനെ തളച്ച് വണ്ടിക്കൂട്ടിൽ കയറ്റി അങ്ങു ദൂരെ തമിഴ്നാട്ടിലെ ഉൾവനത്തിൽ കൊണ്ടുപോയി സ്വതന്ത്രനാക്കി വിട്ടു. എന്നാൽ, ആഴ്ചകൾക്കുശേഷം ഇവൻ വീണ്ടും തിരിച്ചുവന്ന് പഴയ താവളത്തിൽ ആക്രമണം തുടങ്ങിയതിനെ തുടർന്ന് വീണ്ടും പിടിച്ച് കൂട്ടിലാക്കി മറ്റൊരിടത്തേക്ക് കയറ്റിവിട്ടതും പിന്നീടുള്ള ചരിത്രം.

ഏവർക്കും അറിവുള്ള ഈ ചരിത്രം അസാരം നീട്ടിപ്പറഞ്ഞതിൽ പൊറുക്കുക. വെട്ടിക്കിളച്ച്, നട്ടുനനച്ച് ഫലമെടുക്കാൻ പാകത്തിൽ വിളഞ്ഞു നിൽക്കുന്ന നേരത്ത് രാത്രിയും പകലും ആനയും പന്നിയും ഒറ്റയ്ക്കും കൂട്ടമായും വന്ന് ഞൊടിയിടയിൽ ആവശ്യത്തിനു തിന്നും ബാക്കിയുള്ളവ ചവിട്ടി മെതിച്ചും കർഷകന്റെ ഇടനെഞ്ചിൽ തീ കോരിയിടുന്ന കാഴ്ചകൾ കാലങ്ങളായി തുടർന്നുവരുന്നു. ഈ വന്യമൃഗ


www.malankaralibrary.com

ങ്ങളെ തടയാൻ ശ്രമിക്കുന്ന കർഷകനെ അതിൽ നിന്നും നിരോധിക്കുന്ന ഒട്ടേറെ നിയമങ്ങൾ അധികാരികൾ നിർമിച്ചു പാസ്സാക്കി വച്ചിരിക്കുന്നു. കോടമഞ്ഞും പേമാരിയും കുളയട്ടയും മലമ്പനിയും ഒപ്പം വന്യമൃഗങ്ങളും തീർക്കുന്ന ദുരന്തങ്ങളെ തൃണവത്ഗണിച്ച് അന്തിക്കഞ്ഞിക്കു വകതേടാൻ അഹോരാത്രം എല്ലുമുറിയെ പണിയെടുക്കുന്ന കർഷകന്റെ ദീനരോദനങ്ങൾ പലപ്പോഴും വനരോദനങ്ങളായി അധികാരികളുടെ ബധിരകർണങ്ങളിൽ പതിക്കുന്ന കാഴ്ചയാണ് സാധാരണ കണ്ടുവരുന്നത്.

വിളവു നശിപ്പിക്കാൻ വരുന്ന വന്യമൃഗത്തിനു മുമ്പിൽ കൈക്കൂപ്പി വണങ്ങി, അന്നത്തിനുള്ള വക ചവിട്ടി മെതിക്കുന്ന ജീവികളെ ഭയഭക്തി ബഹുമാനത്തോടെ മാത്രം കാണാൻ വിധിക്കപ്പെട്ട ഒരു ജനത, കേരളത്തിന്റെ മലയോരത്ത് ഉണ്ടെന്നുള്ള യാഥാർഥ്യം മറന്നുകൊണ്ടുള്ള ഒരുപറ്റം ആളുകളുടെ ജല്പനങ്ങളാണ് ഈ മൃഗങ്ങളുടെ പ്രവൃത്തികളെക്കാൾ കഠിനകഠോരം. പട്ടണത്തിലെ ശീതികരിച്ച മുറികളിലിരുന്ന് പ്രകൃതി പരിസ്ഥിതികളെപ്പറ്റി താളുകൾ എഴുതിമറിക്കുകയും, ദൃശ്യമാധ്യമങ്ങളിൽ നിറഞ്ഞുനിന്ന് ഘോരഘോരമായി പ്രസംഗിക്കുകയും ചെയ്യുന്ന ഇക്കൂട്ടർ പണിയെടുക്കുന്ന പാവപ്പെട്ടവന്റെ നിലവിളികളെ സൗകര്യപൂർവം കണ്ടില്ലെന്നു നടിക്കുന്നു! ഒപ്പം പലതും ഓർക്കാൻ മടിക്കുന്നു.

1947-ൽ സൂര്യനസ്തമിക്കാത്ത സാമ്രാജ്യക്കാർ ഇവിടെ നിന്നു തിരിച്ചുപോകുമ്പോഴുള്ള ഇന്ത്യയുടെ അവസ്ഥയെപ്പറ്റി ഒന്നോർത്തെടുക്കുന്നത് ഉചിതമെന്നു തോന്നുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ, അപര്യാപ്തതകളുടെ ഒരു പെരുമഴ തന്നെയായിരുന്നു ഇന്ത്യക്കാരന്റെ മേൽ നിരന്തരം പെയ്തിറങ്ങിക്കൊണ്ടിരുന്നത്. അതിലേറ്റവും രൂക്ഷമായിരുന്നത് നമ്മുടെ ഭക്ഷണക്കാര്യങ്ങളായിരുന്നു. മൂന്നുനേരവും അരിയാഹാരം ശീലിച്ചുവന്നിരുന്ന മലയാളിക്ക് ചോറു കഴിക്കാൻ ആവശ്യമായ ധാന്യത്തിന് ഭീകരമായ കുറവു അനുഭവപ്പെട്ടിരുന്നു. സംസ്ഥാന പുനരേകീകരണം വന്നതിനെതുടർന്ന് തിരുവിതാംകൂറിന്റെ നെല്ലറയായ നാഞ്ചിനാട് തമിഴ്നാടിന് നല്കി തികച്ചും ഊഷരഭൂമിയായ കുറെ പ്രദേശങ്ങൾ മദ്രാസിൽ നിന്നും മൈസൂരിൽ നിന്നും അടർത്തിയെടുത്താണ് ഇന്നത്തെ കേരളം രൂപീകരിച്ചത്. അങ്ങനെ കൂട്ടിച്ചേർക്കപ്പെട്ട മലബാർ മേഖയിലെ വയനാട് പ്രദേശം ഘോരവനവും പാറക്കെട്ടുകളും നിറഞ്ഞതായിരുന്നു. റവന്യു രേഖയിൽ ഈ ദേശമൊക്കെ സവർണരായ പ്രമാണിമാരുടെയും ചെറുകിട നാട്ടുരാജാക്കന്മാരുടെയും അവരുടെ സിൽബന്ധികളുടെയും പേരിലായിരുന്നു. ഇതിന്റെ ജന്മികൾ ഒരിക്കൽ പോലും അവിടങ്ങളിൽ പോകുകയോ ഭൂമി ഏതെന്ന് കാണുകയോ ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. ഈ ഭൂമിയിൽ മനുഷ്യന്റെ പാദസ്പർശം ഏറ്റിട്ടുമുണ്ടായിരുന്നില്ല. വളക്കൂറുള്ള കന്നി മണ്ണിൽ നട്ടുവിതച്ചു നനച്ചാൽ കനകം കൊയ്യാൻ കഴിയുമായിരുന്നു. മേലനങ്ങാതെ ഉണ്ടുറങ്ങലും ശിഷ്ടസമയം വെടിവട്ടത്തിലും മറ്റു സുഖഭോഗങ്ങളിലും മുഴുകി കാലം കഴിച്ചിരുന്ന ജന്മികൾക്ക് അധ്വാനവും കൃഷിയും തീർത്തും അന്യമായിരുന്നു. ഇത്തരുണത്തിൽ അന്നത്തെ കേന്ദ്ര-സംസ്ഥാന ഭരണാധികാരികൾ ഈ വക ഭൂമിയിൽ കൃഷി ചെയ്യുന്നതിനായി ജനങ്ങളെ പ്രേരിപ്പിച്ചു. എന്നാൽ, അപകടകാരികളായ കാട്ടുമൃഗങ്ങളും ഒട്ടേറെ പകർച്ചവ്യാധികൾക്ക് കാരണമായ ജന്തുജീവജാലങ്ങളുടെയും വിഹാരകേന്ദ്രമായ ഇവിടേയ്ക്ക് കാലുകുത്താൻ പോലും ഭൂമിയുടെ ഉടമകളായ ജന്മിമാർ തയ്യാറായില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് തിരുവിതാംകൂറിലെ അധ്വാനികളായ കർഷകർ അവന്റെ നാട്ടിലെ തുണ്ടുഭൂമികൾ കിട്ടിയ വിലയ്ക്ക് വിറ്റ് കൂടും കുടുക്കയും കുഞ്ഞുകുട്ടി പരാധീനങ്ങളുമായി കാൽനടയായും കാളവണ്ടിയിലും മലകയറിയത്. യാത്രയ്ക്ക് നടപ്പാതയും, വെട്ടം കാണാൻ വൈദ്യുതിയും, പശിയടക്കാൻ ആഹാരവും, രോഗത്തിന് മരുന്നും, തമ്മിൽതമ്മിൽ ബന്ധപ്പെടാൻ വാർത്താവിനിമയ സൗകര്യവും, എന്തിനെറേ കുടിവെള്ളം പോലും, അന്ന് ലഭ്യമായിരുന്നില്ലെന്ന് ഓർക്കണം. ഒപ്പം ഉഗ്രവിഷമുള്ള ഇഴജന്തുക്കളും, പേ വിഷമുള്ള നായ് തുടങ്ങിയ മൃഗങ്ങളും സ്പർശനവേളയിൽ തന്നെ ശരീരം ചൊറിഞ്ഞു തടിക്കുന്ന ചിലതരം ചെടികളും,

www.malankaralibrary.com

രക്തം ഊറ്റിക്കുടിക്കുന്ന വിഷ അട്ടകളും അതുപോലുള്ള മറ്റു കൃമി കീടങ്ങളും ഒക്കെയായിരുന്നു ഈ കർഷകരെ അവിടെ വരവേറ്റത്. ഈ പ്രതിസന്ധികളെയെല്ലാം നിശ്ചയദാർഢ്യത്തോടെ എതിരേറ്റ് തടസ്സങ്ങളെ വകഞ്ഞുമാറ്റി കന്നിമണ്ണ് ഉഴുതു മറിച്ച് അവിടെ കപ്പ നട്ടു വളർത്തി തുടങ്ങിവച്ച കാർഷികവിപ്ലവമാണ് ഇന്ന് സംസ്ഥാനത്താകമാനം ഭക്ഷണവസ്തുവായും ട്രഷറിയിൽ കുന്നുകൂടുന്ന സമ്പത്തായും മലബാർ മേഖല നിർലോപം നല്കിക്കൊണ്ടിരിക്കുന്നത്.

പനിയും അതിസാരവും ബാധിച്ച് ശരീരം വിറയ്ക്കുന്ന പിഞ്ചു മക്കൾക്ക് ഒരു ഗുളികപോലും വാങ്ങിക്കൊടുക്കാൻ കർഷകർക്ക് അന്ന് സാഹചര്യമുണ്ടായിരുന്നില്ല. ആ കുഞ്ഞുങ്ങൾ അപ്പനെയും അമ്മയെയും ദൈന്യതയോടെ നോക്കി മിഴികളടച്ച് പരലോകത്തേക്ക് പോയതിന് സാക്ഷ്യം വഹിച്ച പഴയ തലമുറയുടെ ഇത്തരത്തിലുള്ള അവസ്ഥയെപ്പറ്റി നമ്മളിൽ എത്രപേർക്ക് ബോധ്യങ്ങളുണ്ട്. ഇങ്ങനെ പറഞ്ഞുപോകാൻ പാകത്തിൽ ശോകരസം കരകവിയും എത്രയെത്ര സംഭവങ്ങളാണ് കർഷകരുടെ മനോമുകുരങ്ങളിൽ ഇന്നും സജീവമായി തെളിഞ്ഞു നില്ക്കുന്നത്. ഇന്ന് ഫാസ്റ്റ് ഫുഡും ജങ്ക് ഫുഡും കഴിച്ച് മൊബൈലും ഇന്റർനെറ്റും ലാപ്ടോപ്പുമായി ചങ്ങാത്തം കൂടി, ലോകത്തെ വിരൽത്തുമ്പിന്റെ സ്പർശനം കൊണ്ട് വരുതിയിലാക്കി, അടച്ചിട്ട മുറിക്കുള്ളിലിരുന്ന് വിദേശരാജ്യങ്ങളിലെ ബന്ധുക്കളും സുഹൃത്തുക്കളുമായി നേരിട്ട് നർമഭാഷണങ്ങളിൽ ഏർപ്പെട്ട്, സല്ലാപങ്ങളിൽ അഭിരമിക്കുന്ന, പട്ടണവാസികളിൽ എത്രപേർക്ക് ഒരുനാൾ ഇവരുടെ പൂർവികരുടെ വിശപ്പിന് പരിഹാരം കണ്ടിരുന്ന അന്നദാതാക്കളായ മണ്ണിന്റെ മക്കളുടെ ത്യാഗത്തെ സംബന്ധിച്ച് എത്രത്തോളം അറിവുണ്ട്. നാല്പതുകളിലും അൻപതുകളിലും മലയോര കർഷകർ ഈ നാടിന് ചെയ്ത സേവനങ്ങളെപ്പറ്റി കടുകുമണിയോളം അറിവുണ്ടായിരുന്നെങ്കിൽ കൊലയാളി കാട്ടാനയുടെ ദേഹരക്ഷയ്ക്കുവേണ്ടി കേരളത്തിലെ കോടതികളിലും പോരാഞ്ഞിട്ട് തമിഴ്നാട്ടിലെ മധുരക്കോടതികളിലും പോകുന്നതിനു മുമ്പായി 'പ്രകൃതി പരിസ്ഥിതിവാദി'കളായ തമ്പ്രാക്കന്മാരും കൊച്ചമ്മമാരും രണ്ടാമതൊന്ന് ആലോചിക്കുമായിരുന്നു.

ആനയും പുലിയും കരടിയും കടുവയും കാട്ടുപന്നിയും കുരങ്ങും തുടങ്ങിയ എല്ലാ വന്യജീവികളും നമുക്ക് ആവശ്യമാണ്! അവ സംരക്ഷിക്കപ്പെടേണ്ടതാണ്. തർക്കമില്ല. എന്നാൽ, ഇവയിൽ ചുരുക്കം ചിലരെങ്കിലും ചില നേരമെങ്കിലും അപകടകാരികളായി ഭവിക്കുന്നതിന്റെ നേർച്ചിത്രം നമ്മുടെ മുമ്പിലുണ്ട്. അവയെ നിർമാർജനം ചെയ്യേണ്ടത് ഇവയ്ക്കുവേണ്ടി വാദിക്കുന്ന 'സ്നേഹികളുടെയും കൂടി നിലനില്പിന് ആവശ്യമാണെന്നുള്ളത് മറ്റൊരു യാഥാർഥ്യം. എന്നാൽ, ഈ പച്ചയായ പരമാർഥങ്ങളെ സൗകര്യപൂർവം പരണത്തുവയ്ക്കുന്നു. എന്നിട്ട് ഇവർ മാത്രമാണ് കാടിന്റെയും നാടിന്റെയും സംരക്ഷകർ എന്ന് മേനി നടിച്ച് ഞെളിയുന്നു. ഈ വന്യജീവികൾ കുത്തിയും കടിച്ചും ചവിട്ടിയും കൊന്നു തള്ളിയ കർഷകന്റെ നിലവിളിയും ശേഷം വർഷങ്ങളോളം ഇവരുടെ ബന്ധുക്കളിൽ നിന്നു വിട്ടുപോകാത്ത വ്യഥകളും ദീനരോദനങ്ങളും ഇക്കൂട്ടർ ശ്രദ്ധിക്കുന്നതേയില്ല. ആട്, പശു, കോഴി, താറാവ് തുടങ്ങിയ വളർത്തുജീവികളെ തേടിവരുന്ന വന്യജീവികൾ പ്രതിരോധിക്കാൻ ശ്രമിക്കുന്ന കർഷകനെയും കുടുംബാംഗങ്ങളെയും കടിച്ചുകീറുന്ന എത്രയോ സംഭവങ്ങൾക്ക് മലയോരം സാക്ഷികളായിട്ടുണ്ട്. കർഷകന്റെ കൊലപാതകം അറിയുന്ന മാത്രയിൽ 'ഞെട്ടുന്ന' അധികാരികൾ പ്രസ്താവനയിൽ പ്രതിരോധവും പ്രതിഷേധവും തീർത്ത് വിഷയത്തെ ദിവസങ്ങൾക്കുള്ളിൽ വിസ്മൃതിയുടെ ആഴക്കയത്തിൽ തള്ളി അടച്ചുറപ്പുള്ള രമ്യഹർമങ്ങളിൽ സുരക്ഷിതരായി സുഖസുഷുപ്തിയിലേക്ക് വഴുതി വീഴുന്നു. അന്നന്നത്തേയ്ക്കുള്ള അപ്പം നഷ്ടപ്പെട്ടവർ, ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവർ, ആവലാതിയുമായി ഉദ്യോഗസ്ഥപ്രഭുക്കളുടെ തിണ്ണ നിരങ്ങി ഒടുവിൽ നിരാശരായി വീണ്ടും മലയടിവാരത്തിലേക്ക് ഒഴിഞ്ഞ കൈകളും കരഞ്ഞുകലങ്ങിയ കുഴിഞ്ഞ കണ്ണുകളുമായി മടങ്ങുന്ന കാഴ്ചകൾ ഇന്നും തുടർന്നുവരുന്നു. മലയോരകർഷകന്റെ കനേഷുമാരിയിൽ ഓരോ വർഷം കാണുന്ന വേലിയിറക്കം എന്തിന്റെ സൂചനയാണെന്നുള്ള കാര്യത്തെ സംബന്ധിച്ച് ഇനിയും ഗൗരവതരമായുള്ള പഠനത്തിന് വേണ്ടപ്പെട്ടവർ തയ്യാറായിട്ടില്ല എന്നുള്ള യാഥാർത്ഥ്യം നമ്മെ തുറിച്ചു നോക്കുന്നു. അരിക്കുവേണ്ടി ആന്ധ്രയെയും തെലുങ്കാനയെയും പച്ചക്കറിക്കുവേണ്ടി തമിഴ്നാടിനെയും നാൾക്കുനാൾ വർധിതവീര്യത്തോടെ ആശ്രയിക്കുന്ന മലയാളി, ആയിടങ്ങളിൽ നിന്ന് അപ്രതീക്ഷിതമായി തിരിച്ചടി ഉണ്ടായാൽ നമ്മുടെ 'തീറ്റക്കാര്യം' എവിടെ ചെന്ന് നിൽക്കും എന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നമുക്കായി അന്നം വിളയിക്കുന്ന മലയോരക്കർഷകർ ഏതോ വലിയ തെറ്റ് ചെയ്യുന്നവരെന്ന രീതിയിൽ ചിത്രീകരിച്ച പരിസ്ഥിതിക്ക് ആഘാതമേല്

www.malankaralibrary.com

പിക്കുന്ന പാതകികളാണെന്ന് ചാപ്പ കുത്തി, സമൂഹ മധ്യത്തിൽ അവരെ അപഹസിച്ച് സായൂജ്യമടയുന്ന വർ, വലിയൊരു 'ഹിഡൻ അജണ്ട'യുടെ വക്താക്ക ളും പ്രയോക്താക്കളുമാണെന്നുമുള്ള യാഥാർഥ്യം ഇവരെ പ്രോത്സാഹിപ്പിക്കുന്ന ഇവരുടെ അപക്വ ജല്പനങ്ങൾക്ക് കൈയടിക്കുന്ന പൊതുസമൂഹം തിരിച്ചറിയേണ്ടിയിരിക്കുന്നു. അപകടകാരികളും കൊലയാളികളുമായ വന്യമൃഗങ്ങളെ ഇല്ലായ്മ ചെ യ്യുക തന്നെ വേണം! ഒപ്പം അല്ലാതുള്ളവയെ സംര ക്ഷിക്കുകയും. അക്കാര്യത്തിൽ മലയോരകർഷകർ ക്ക് മറിച്ചൊരഭിപ്രായമില്ലെന്ന് നാമും തിരിച്ചറിയണം. ജീവൻ പണയം വച്ച് പാഴ്ഭൂമിയിൽ പൊന്നുവിളയിച്ച് നമ്മുടെ വിശപ്പിന് ശമനം നല്കാൻ രാവും പകലും പണിയെടുക്കുന്ന കർഷക മക്കളെ അനുഗ്രഹി ച്ചില്ലെങ്കിലും അപഹസിക്കാതിരിക്കാനുള്ള മനസ്സ് പൊതുസമൂഹത്തിനുണ്ടാകണമേ എന്നപേക്ഷിക്കു ന്നു. പണപ്പെരുപ്പത്തെ തടയാൻ വേണ്ടി മൃഗപ്പെരുപ്പം ഒരു ഒറ്റമൂലിയാണെന്നുള്ള അബദ്ധ പഞ്ചാംഗം ഒരു ന്യൂനപക്ഷമെങ്കിലും മനസ്സിൽ സൂക്ഷിച്ചിരിക്കുന്നു വെന്ന് നിഷ്പക്ഷരായ ആളുകൾക്ക്; മനുഷ്യസ്നേ ഹികൾക്കു തോന്നിയാൽ അവരെ എത്രത്തോളം കുറ്റപ്പെടുത്താനാവും.

കൊല്ലം ജില്ലയിൽ സെക്കൻഡ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയാണ് രംഗം. അനാശാസ്യപ്രവർത്തനത്തിൽ ഏർപ്പെട്ടതിന്റെ പേരിൽ ലോഡ്ജ് റെയ്ഡ് ചെയ്തു പിടിച്ചു കൊണ്ടുവന്ന സ്ത്രീയെ ജഡ്ജി കുറെനേ രം സൂക്ഷിച്ചുനോക്കി. എന്നിട്ട് തുറന്ന കോടതിയിൽ ജഡ്ജി ഉച്ചരിച്ചു:

"ഈ പണി ഇനിയും നിനക്ക് നിറുത്താറായില്ലേ ഞാൻ മുമ്പിരുന്ന മാവേലിക്കര, ആലപ്പുഴ കോട തികളിലും സമാനമായ കുറ്റത്തിന് നിന്നെ പിടിച്ചു കൊണ്ടുവന്നതാണല്ലോ. നിനക്കു നാണമാകുന്നില്ലേ ഇങ്ങനെ വീണ്ടും വീണ്ടും വന്നു നിൽക്കാൻ."

യുവതി ഇങ്ങനെ മറുപടി പറഞ്ഞു:

"ബഹുമാനപ്പെട്ട ജഡ്ജി, അങ്ങ് പറഞ്ഞത് ശരി യാണ്. അങ്ങ് മേൽസൂചിപ്പിച്ച ഇടങ്ങളിൽ കണ്ട തായി ഞാനുമോർക്കുന്നു. ഞാനിത് മനപ്പൂർവമായി ചെയ്യുന്നതല്ല. ആസ്വദിച്ചു ശാരീരിക സുഖത്തിനായി ഏർപ്പെടുന്നതുമല്ല. ഇഷ്ടപ്പെട്ടവന്റെ കൂടെ ഇറങ്ങി പ്പോയവളാണ് ഞാൻ. കുടുംബമഹിമയും വിദ്യാഭ്യാ സവും വേണ്ടുവോളമുണ്ട്. രണ്ടു കുട്ടികളെ സമ്മാ നിച്ചിട്ട് ആ പ്രിയപ്പെട്ടവൻ കൂടുതൽ ചെറുപ്പവും സൗ ന്ദര്യമുള്ളവളുമായി ഈ പട്ടണത്തിൽ തന്നെ സുഖി ച്ചു ജീവിക്കുന്നു. പുകഞ്ഞകൊള്ളി പുറത്ത് എന്ന തീ രുമാനത്തിൽ തറവാട്ടിൽ നിന്ന് പടിയടച്ചു പിണ്ഡം വച്ച് എനിക്കായി ശേഷക്രിയകൾ നടത്തിയിരിക്കുന്നു. മക്കളുടെ പൊരിയുന്ന വയറ്റിൽ ഇത്തിരി കഞ്ഞി കൊടുക്കാനായി തീരുമാനിച്ചുറച്ചതിന്റെ ബാക്കിപ്പത്ര മാണ് ഇപ്പോഴത്തെ ഈ വേഷം. ശിക്ഷ എന്താണെന്നു വച്ചാൽ അങ്ങു പറഞ്ഞാലും. ഞാൻ സ്വീകരിച്ചു കൊള്ളാം. പക്ഷേ, അങ്ങ് ഒന്നുകൂടി ഓർക്കുക, ഞാൻ ഇനിയും വരും ഇതേ വേഷത്തിൽ. ഒരു പ ക്ഷേ, അങ്ങിരിക്കുന്ന മറ്റൊരു കോടതിയിലാകാം. കാരണം, എനിക്ക് ഇതല്ലാതെ മറ്റൊരു മാർഗവും തൽക്കാലം മുന്നിലില്ല."

മലയടിവാരത്ത് ഉരുൾ പൊട്ടി ഒലിച്ചുവരുന്ന മണ്ണിന്റെയും പാറയുടെയും അടിയിൽ ജീവനുള്ള മനുഷ്യൻ അകപ്പെടുമ്പോൾ, പേമാരിയിൽ സകലതും മുങ്ങുമ്പോൾ, അപ്രതീക്ഷിതമായി കരകവിയുന്ന തോടുകളും നദികളും മരണക്കയങ്ങളായി മാറു മ്പോൾ, വന്യമൃഗങ്ങൾ പച്ചമനുഷ്യനെ ചന്നം പിന്നം കടിച്ചുകീറുമ്പോൾ, ഇങ്ങ് തീരപ്രദേശത്ത് കടൽ ക്ഷോഭത്തിലും കൊടുങ്കാറ്റിലും വള്ളം തകർന്ന് മത്സ്യത്തൊഴിലാളികൾ മരിക്കുമ്പോൾ, കൂറ്റൻ തിര മാലകൾ ആഞ്ഞുപതിച്ച് ചെറ്റക്കുടിലുകൾ മൊത്ത മായി കടലമ്മ എടുത്തുകൊണ്ടുപോകുമ്പോൾ, രണ്ടിടങ്ങളിലെയും മലനാട്ടിലെയും തീരദേശത്തി ലെയും നിസ്സഹായരായ മനുഷ്യർ സഹായത്തിനായി കൈകൾ നീട്ടി കരഞ്ഞു വിളിക്കുമ്പോൾ. ഇടനാട്ടിൽ താമസിക്കുന്ന ഇതൊന്നും ബാധിക്കാത്ത സുരക്ഷിത പൗരന്മാർ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്! അവരുടെ പ്രസ്താവനകളുണ്ട്. "എത്ര നാളായി ഇത് ആവർത്തി ക്കുന്നു. നാളുകളായി കൊണ്ടിട്ടും ഇവരൊന്നും പഠിക്കുന്നില്ലേ, ഇവർക്കൊക്കെ ഇവിടം വിട്ട് സ്ഥിര മായി സമതലപ്രദേശങ്ങളിലേക്ക് മാറിക്കൂടേ."

ഇടനാട്ടിലെ 'വിവേക'മതികളായ സഹോദരങ്ങ ളോട് മലനാട്ടിലും തീരത്തുമുള്ള സഹോദരജന തയ്ക്ക് പറയാൻ ഒന്നുമാത്രം-എവിടെ പോകാൻ?

ഞങ്ങളുടെ സ്വർഗവും നരകവും ഇവിടമാണ്. ഞങ്ങൾക്ക് ആകെ അറിയാവുന്നത് മത്സ്യബന്ധന വും കൃഷിയും. പട്ടണമധ്യത്തിലെ ഫ്ളാറ്റിലും ബംഗ്ലാ വുകളിലും താമസിച്ച് ഇതിൽ രണ്ടിലും വ്യാപൃതരാ കാനുള്ള സാഹചര്യം അധികാരികൾക്ക് ഒരുക്കി ത്തരാൻ കഴിയുമോ? ഞങ്ങൾക്ക് അറിയാവുന്ന തൊഴിലും അതിലേർപ്പെടാൻ ഉള്ള സൗകര്യവും ഇവിടെ മാത്രമാണുള്ളതെന്ന യാഥാർഥ്യം എന്തേ നി ങ്ങളറിയുന്നില്ല. പറയുന്നത് അഹന്തയെങ്കിൽ ക്ഷമി ക്കുക! പൊറുക്കുക! ■

www.malankaralibrary.com

# കർമലമണ്ണിലെ വിയാനി ദൈവദാസ പദവിയിൽ

**ജോസ് ക്ലെമന്റ്**
jacychathiath@gmail.com

ഓർമകൾ മധുരിക്കും അത് വിശുദ്ധികലർന്ന ഓർമകളാകുമ്പോൾ മാധുര്യം മാത്രമല്ല ഭയഭക്തിയാദരവും തീക്ഷ്ണമായ സ്നേഹവും ഹൃദയങ്ങളിൽ തുളുമ്പും. ഈ തലമുറയ്ക്കുപോലും ചിരപരിചിതനായി ജീവിച്ചു മൺമറഞ്ഞ ഒരു വിശുദ്ധാത്മാവിനെ ജൂലൈ 19-ന് ദൈവദാസപദവിയിലേക്കുയർത്തുമ്പോൾ ഇടവക ദൈവാലയത്തിന്റെ ത്രിശതോത്തര സുവർണ ജൂബിലിക്ക് ദൈവം നല്കിയ സ്നേഹോപഹാരമായിത്തീരുകയാണ്. ഈ പുരോഹിത ശ്രേഷ്ഠന്റെ പരസ്നേഹത്തിന്റെ കർമവീഥിയിലേക്കൊരു പ്രദക്ഷിണം.

മൂന്നേ മുക്കാൽകോടി ജനങ്ങളുള്ള കേരളത്തിൽ അമ്പതുലക്ഷത്തോളം കത്തോലിക്കർക്കിടയിൽനിന്നും വിശുദ്ധിയുടെ ഉത്തുംഗശൃംഗത്തിലേറിയ വിശുദ്ധരായ അൽഫോൻസാമ്മയ്ക്കും ചാവറ കുര്യാക്കോസിനും എവുപ്രാസ്യാമ്മയ്ക്കും മറിയം ത്രേസ്യയ്ക്കും ദേവസഹായം പിള്ളയ്ക്കും പിന്നാലെ രണ്ടുവാഴ്ത്തപ്പെട്ടവരും എട്ട് ധന്യരും 28 ദൈവദാസരും പുണ്യമകുടം ചാർത്തി നിൽക്കുമ്പോൾ ജൂലൈ 19-ന് ഒരു ദൈവദാസൻകൂടി കേരളസഭയിൽ വിരിയുന്നു- വരാപ്പുഴ അതിരൂപത വൈദികശ്രേഷ്ഠനായിരുന്ന മോൺ. ഇമ്മാനുവൽ ലോപ്പസ്.

കേരളസഭയിലെ 28 ദൈവദാസരിൽ ഇരുപതു പേരും വിവിധകാലങ്ങളിൽ വിളിലഭിച്ച് വിശുദ്ധപൗരോഹിത്യം സ്വീകരിച്ച് ജീവിതം നയിച്ചവരായിരുന്നു. ഇപ്പോൾ ദൈവദാസനായി ഉയർത്തപ്പെടുന്ന മോൺ. ഇമ്മാനുവൽ ലോപ്പസും സംതൃപ്തിയുടെ സമ്പൂർണ വിനിമയമായ സമർപ്പണജീവിതം ആശ്ലേഷിച്ച പുരോഹിതനാണ്. കോട്ടപ്പുറം രൂപതയിലെ ഫാ. തെയോഫിലസ് പാണ്ടിപ്പിള്ളിയായിരുന്നു ഒടുവിൽ (2022 ഡിസംബർ) ദൈവദാസപദവിയിലേയ്ക്കുയർത്തപ്പെട്ട കേരളസഭയിലെ വൈദികോത്തമൻ.

പൗരോഹിത്യത്തെയും സന്ന്യാസത്തെയും അകത്തുനിന്നും പുറത്തുനിന്നും അടച്ചാക്ഷേപിക്കുന്നവർക്കു ഇതൊരു തിരിച്ചറിവും സാക്ഷ്യവുമായിത്തീരുകയാണ്. കേരളസഭ ഒത്തിരിയേറെ വെല്ലുവിളികൾ നേരിടുകയും വേദനകളിലൂടെ കടന്നുപോകുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ജീവിതകാലത്തു തന്നെ പുണ്യതാപസനായി അറിയപ്പെട്ടിരുന്ന മോൺ. ഇമ്മാനുവൽ ലോപ്പസ് ദൈവദാസനായി ആരോഹിതനാകുന്നത്. ദൈവത്തിന്റെ അനന്തമായ സ്നേഹവും കരുണയും ഇതൾവിരിയുന്നതിന്റെ അടയാളമാണ് മോൺ. ലോപ്പസിന്റെ ദൈവദാസപ്രഖ്യാപനം.

## കരുണയുടെ പുഞ്ചിരിക്കുന്ന മുഖം

വാക്കുകളിലൊതുങ്ങുന്നതല്ല മോൺ. ലോപ്പസിന്റെ കരുണയും കരുതലും. അത് പ്രവൃത്തിയായി പരന്നൊഴുകിയപ്പോൾ പരിത്യക്തരും മുറിവേറ്റവരും അശരണരും നിരാലംബരും കുടുംബബന്ധങ്ങളുടെ കണ്ണികളകന്നു പ്രത്യാശ നഷ്ടപ്പെട്ടവരുമൊക്കെ സനാഥരാകുകയും ആശ്വാസത്തിന്റെ കുളിർക്കാറ്റേറ്റ് ദൈവ-മനുഷ്യസ്നേഹത്തിന്റെ കാരുണ്യത്തണലനുഭവിച്ചവരായി മാറി. അനുകമ്പയുള്ളവർക്കു മാത്രമേ വേദനിക്കുന്നവർക്ക് അത്താണിയാകാൻ കഴിയൂ. ഒരു പുരോഹിതൻ, അജപാലക ഭരണാധികാരി എന്നീ നിലകളിലായിരിക്കവേ തന്നെ ജാതിമത ഭേദമെന്യേ രോഗബാധിതർക്കും മുറിവേറ്റവർക്കുമിടയിൽ സാന്ത്വനത്തിന്റെ സമാശ്വാ

www.malankaralibrary.com



സകനായി മാറുകയായിരുന്നു ലോപ്പസച്ചൻ. നീണ്ട കാലം എറണാകുളം ജനറൽ ആശുപത്രിയിലെ രോഗീസന്ദർശകനും ചാപ്ലൈനുമായി പ്രവർത്തിച്ച ഇദ്ദേഹം എല്ലാവർക്കും ദിവ്യകാരുണ്യാനുഭവം പകർന്ന പ്രേഷിതനായിത്തീരുകയായിരുന്നു. ആശുപത്രി കിടക്കകൾക്കരികിലൂടെ ഈ വെൺകച്ച ധാരി നടന്നു നീങ്ങുമ്പോൾ ബാലമനസ്സുകൾപോലും അടക്കം പറഞ്ഞിരുന്നു: 'ദേ, കുർബാന പോകുന്നു'വെന്ന്.

വേദനിക്കുന്ന മനുഷ്യർക്കു മുന്നിൽ താങ്ങും തണലുമാകാൻ ലോപ്പസച്ചന്റെ മുമ്പിൽ ജാതിയും മതവുമൊന്നും വിലങ്ങുതടികളായിരുന്നില്ല. ആത്മസംയമനത്തിന്റെ പ്രതീകമായിരുന്നു മോൺ. ലോപ്പസ്. അഹിതമായ അനുഭവങ്ങൾ വരുമ്പോൾ മൗനത്തെ വാചാലമാക്കുന്നത് സമാധാന ഭദ്രതയ്ക്ക് എത്രമേൽ സഹായകരമാകുമെന്ന് ലോപ്പസച്ചൻ പഠിപ്പിച്ചുകൊടുത്തു.

അടുത്തായിരിക്കാനും ഒരുമിച്ചായിരിക്കാനും ആഗ്രഹമെങ്കിലും എപ്പോഴും അകന്നുപോകുന്ന തിരയും തീരവുംപോലെ മോൺ. ലോപ്പസ്. അകലങ്ങളിലാണെങ്കിലും ഒരു തിരമാലകണക്കേ മനസ്സിൽ ഉയർന്നുനിൽക്കുകയാണിന്നും. വിശുദ്ധ എവുപ്രാസ്യാമ്മയുടെ വാക്കുകൾ കടംകൊണ്ട് കുറിക്കട്ടെ; "മരിച്ചാലും മറക്കില്ലാട്ടോ." "എനിക്കിനി ഒരിടം വരെ പോകാനുണ്ട്- അമേരിക്കവരെ. എന്നുവച്ചാൽ അമ്മ ഇരിക്കുന്നിടം വരെ." നർമത്തിൽ ചാലിച്ച് കുസൃതിച്ചിരിയോടെ ഇതുപറഞ്ഞ് അകലുന്ന മോൺ. ഇമ്മാനുവൽ ലോപ്പസ് ഒരു സ്നേഹനൊമ്പരമായി കൺകോണുകളിൽ ഇപ്പോഴും നിറഞ്ഞുനിൽക്കുകയാണ്. ആയിരം പൂർണചന്ദ്രന്മാരെ ദർശിച്ച സാഫല്യത്തോടെയാണ് നക്ഷത്രങ്ങളെ ഉടയാട ചാർത്തിയും ചന്ദ്രനെ പാദപീഠമാക്കിയവളുമായ പരിശുദ്ധ അമ്മ ഇരിക്കുന്നിടത്തേക്ക് ലോപ്പസച്ചൻ യാത്രയാനായത്. ഇപ്പോഴിതാ അനുഗ്രഹങ്ങളുടെ വരമാരി ഭൂമിയിലേക്ക് വർഷിക്കാൻ തുടങ്ങിയിരിക്കുന്നു ഈ അമേരിക്കക്കാരനിലൂടെ. നിഷ്കളങ്കമായ പുഞ്ചിരിയും പ്രസരിപ്പുനിറഞ്ഞ ചലനങ്ങളും മരണത്തിനിപ്പുറവും തെളിഞ്ഞുനിൽക്കുമ്പോൾ മനസ്സ് മന്ത്രിക്കുന്നു: മോൺ. ലോപ്പസ് അറിവും അനുഭവവും ആത്മീയതയും നുറുങ്ങുകഥകളും പങ്കുവച്ച് സുസ്മേരവദനനായി ഇപ്പോഴും ഇടയചൈതന്യം പ്രസരിപ്പിച്ച് ഇവിടെയൊക്കെയുണ്ടെന്ന്. ദൈവത്തിൽനിന്ന് സ്വീകരിച്ച പുഞ്ചിരിയും പ്രസന്നതയും വർഷിച്ചുകൊണ്ട് വിശ്വാസിസമൂഹത്തെ സുഗന്ധപൂരിതമാക്കിക്കൊണ്ടിരിക്കുകയാണിപ്പോഴും ഈ ദൈവദാസൻ..

നരച്ച തലമുടിയിഴകളായിരുന്നു ലോപ്പസച്ചന്റെ വയസ് തെളിയിച്ചിരുന്നത്. തിളങ്ങുന്ന നയനങ്ങളും തിടുക്കത്തിലുള്ള നടത്തവും തെളിവാർന്ന ഓർമശക്തിയും തികച്ചും ഒരു ചെറുപ്പക്കാരന്റേതായിരുന്നു. ജീവിതത്തെ നർമത്തിലൂടെ നോക്കിക്കണ്ട ഒരു വ്യക്തിത്വമായിരുന്നു ലോപ്പസച്ചൻ. പ്രശ്നങ്ങളും പ്രതിസന്ധികളുമൊക്കെ നർമത്തിൽ പൊതിഞ്ഞ്

www.malankaralibrary.com

സ്വന്തം ജീവിതത്തെ ഭാവാത്മകമാക്കിയിരുന്നതു പോലെ മറ്റുള്ള ജീവിതങ്ങളെയും ഭാവാത്മകമാക്കി മാറ്റാൻ ലോപ്പസച്ചൻ ശ്രമിച്ചിരുന്നു.

## കർമലോദ്യാനത്തിൽ വിരിഞ്ഞ കാരുണ്യപൂവ്

ചാത്യാത്ത് മൗണ്ട് കാർമൽ ഇടവകയിലെ ചിരപുരാതനമായ വേലിയാത്ത് കുടുംബത്തിൽ ഏലിയാസ് ലോപ്പസ്- ത്രേസ്യാ ലോപ്പസ് ദമ്പതിമാരുടെ നാലുമക്കളിൽ മൂത്തമകനായി 1908 മെയ് 10-നാണ് ഈ വിശുദ്ധാത്മാവിന്റെ ജനനം. കുസൃതികൾ നിറഞ്ഞ ശൈശവം പിന്നിട്ടപ്പോൾ എറണാകുളം സെന്റ് ആൽബർട്സ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനായി ഇമ്മാനുവലിനെ ചേർത്തു. മാതൃഭവനത്തിൽനിന്നും ഏറെ ദൂരത്തല്ലാതിരുന്ന ഇടവകപള്ളിയിൽ നിത്യവും പപ്പയോടൊപ്പം പോയിരുന്ന ഇമ്മാനുവലിന് വിശുദ്ധ കുർബാനയോടും ആധ്യാത്മിക ജീവിതത്തോടും ഏറെ താല്പര്യമായിരുന്നു. മാതാപിതാക്കളുടെ ശിക്ഷണവും നല്ല മാതൃകയും ഇമ്മാനുവലിനെ വൈദിക ജീവിതാന്തസ്സിലേക്ക് വഴിനടത്തി. അഞ്ചാം ക്ലാസ്സ് പൂർത്തിയാക്കിയപ്പോഴാണ് സെമിനാരി ജീവിതത്തോടുള്ള മോഹമുദിക്കുന്നത്. ഇതിനുള്ള പ്രചോദനം പപ്പയോടൊപ്പമുള്ള പള്ളിസന്ദർശനവും അന്നത്തെ ഇടവക വികാരി സ്പാനിഷ്വൈദികനും കർമലീത്താംഗവുമായ ഫാ. ബ്ലെയ്സിന്റെ ആധ്യാത്മിക ജീവിതവുമായിരുന്നു. എന്നാൽ തന്റെ ദൈവവിളി തിരിച്ചറിയാനുള്ള കേന്ദ്രബിന്ദു തന്റെ മമ്മ തന്നെയായിരുന്നുവെന്ന് ഇമ്മാനുവൽ തിരിച്ചറിഞ്ഞത് ഏറെ വൈകിയാണ്. ഇമ്മാനുവലിന്റെ ആത്മസുഹൃത്തുക്കളിൽ നിന്നുതന്നെയാണ് ഈ സത്യം പിന്നീട് മനസ്സിലാക്കാനായത്.

നല്ല ജീവിതം നയിക്കുന്നതിനുള്ള സദ് ചിന്തകളും പ്രേരണകളും ആ കുരുന്നുമനസ്സിൽ നിക്ഷേപിച്ചിരുന്നത് ഇമ്മാനുവലിന്റെ സ്നേഹമയിയായ മമ്മയായിരുന്നു. മമ്മയുടെ സ്വാധീനം ഈ ബാലന്റെ ഭക്തിജീവിതത്തിലെ പ്രകാശദീപമായിരുന്നു. ദൈവനിശ്ചയത്തിന്റെ മുഹൂർത്തം തെളിഞ്ഞപ്പോൾ 1921-ൽ 13-ാം വയസ്സിൽ ഇമ്മാനുവൽ ലോപ്പസ് വൈദിക പരിശീലനാർഥിയായി എറണാകുളം സെന്റ് ജോസഫ് പെറ്റി സെമിനാരിയിൽ പ്രവേശിച്ചു. ഡോ. എയ്ഞ്ചൽ മേരി വരാപ്പുഴ മെത്രാപ്പോലീത്തയും സ്പാനിഷ് മിഷണറി ഫാ. സിറിയക് ഒസിഡി സെമിനാരി റെക്ടറുമായിരുന്നപ്പോൾ സെന്റ് ആൽബർട്സ് സ്കൂളിൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയതിനുശേഷം



***ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ് സഹോദരി സിസ്റ്റർ മേരി ലോപ്പസിനൊപ്പം മാതൃദൈവാലയത്തിനു മുന്നിൽ***

ലത്തീൻ ഭാഷാ പഠനത്തിന് നിയോഗിതനായി ബ്രദർ ലോപ്പസ്. പിന്നീട് ശ്രീലങ്കയിലെ കാൻഡി പേപ്പൽ സെമിനാരിയിലേക്കാണ് തുടർപഠനങ്ങൾക്കായി ബ്രദർ ലോപ്പസ് നിയോഗിതനായത്.

## പൗരോഹിത്യ സ്വീകരണവും ഇടയവഴികളും

പഠന-പരിശീലനങ്ങൾ പൂർത്തിയാക്കിയതിനെത്തുടർന്ന് കാൻഡി സെമിനാരിയിൽ വച്ചുതന്നെ സിലോൺ ബിഷപ് ഡോ. ബീഡ് ബക്ക് മെയറിൽ നിന്നും 1934 ആഗസ്റ്റ് 26-ന് ഡീക്കൻ ഇമ്മാനുവൽ ലോപ്പസ് പൗരോഹിത്യം സ്വീകരിച്ചു. അപ്പോൾ പ്രായം 26! തദനന്തരം നവവൈദികൻ കൊളംബോയിൽ നിന്ന് കപ്പൽമാർഗം തൂത്തുക്കുടിയിലെത്തുകയും അവിടെനിന്ന് ട്രെയിൻമാർഗം ചെന്നൈലും വീണ്ടും ട്രെയിൻമാർഗം ഷൊർണൂർവഴി എറണാ

www.malankaralibrary.com

കുളത്തും എത്തിച്ചേർന്നു. ചാത്യാത്ത് ഇടവകാതിർത്തിയിലുള്ള പഴയ ഗുഡ്സ്ഷേഷനിലാണ് നവവൈദികൻ വന്നിറങ്ങിയത്. ഇവിടെനിന്നും കാൽനടയായാണ് 89 വർഷങ്ങൾക്കുമുമ്പ് ഇമ്മാനുവൽ ലോപ്പസച്ചൻ മാതൃദൈവാലയത്തിൽ പ്രഥമബലിയർപ്പണത്തിനായി എത്തിച്ചേർന്നത്. കർമലനാഥയുടെ ദൈവാലയത്തിൽ പ്രഥമപൂജയർപ്പിച്ചതിനെത്തുടർന്ന് കർമല കോൺവന്റിൽ നവവൈദികന് സ്വീകരണവും നല്കി.

വൈപ്പിൻ പെരുമ്പിള്ളി തിരുകുടുംബ ദൈവാലയ സഹവികാരിയായാണ് ഇടയ ശുശ്രൂഷയാരംഭിച്ചത്. വൈദിക ജീവിതത്തിന്റെ പരിശീലനകളരിയായിരുന്നു പെരുമ്പിള്ളി ഇടവകയിലെ തന്റെ നാലരവർഷത്തെ കർമരംഗമെന്ന് മോൺ. ഇമ്മാനുവൽ ലോപ്പസ് അന്ത്യഘട്ടംവരെ വിശേഷിപ്പിക്കുമായിരുന്നു. വികാരി ഫാ. ക്ലെമന്റ് കൊറയായ്ക്കൊപ്പമുള്ള അജപാലന ജീവിതം സുവർണ നാളുകളായിരുന്നു ലോപ്പസച്ചന്. പിന്നീട് ജീവിതത്തിന്റെ കാൽനൂറ്റാണ്ടുകാലം ഒരിടവകയിൽ തന്നെ വികാരിയായി സേവനമനുഷ്ഠിക്കാനുള്ള ഭാഗ്യമുണ്ടായെങ്കിലും ഇടയവഴികളിലെ അറിവും അനുഭവവുമൊക്കെ നേടിയെടുത്തത് ആദ്യ ഇടവകയിൽനിന്നുതന്നെയായിരുന്നുവെന്ന് അഭിമാനപൂർവം ലോപ്പസച്ചൻ പറയുമായിരുന്നു. 1939 ജൂൺ 11 മുതൽ 23 വർഷം എറണാകുളം ഉണ്ണിമിശിഹാപള്ളി വികാരിയായിരുന്ന മോൺ. ലോപ്പസ് 'ഇമ്മാനുവൽ'എന്ന നാമമായിരിക്കാം ഇത്രയുംകാലം ഇൻഫന്റ് ജീസസ് പള്ളിവികാരിയായി സേവനമനുഷ്ഠിക്കാൻ നിയോഗിതനായതെന്ന് നർമത്തോടെ സ്വതസിദ്ധമായ ചിരിയാൽ ലോപ്പസച്ചൻ പറയുമായിരുന്നു. 1962 ജൂലൈ 11-ന് ഉണ്ണിമിശിഹാ പള്ളിയിൽനിന്നും വിടപറഞ്ഞ് താൻ വൈദികപരിശീലനത്തിന് ഹരിശ്രീ കുറിച്ച സെന്റ് ജോസഫ്സ് പെറ്റി സെമിനാരിയുടെ ആധ്യാത്മിക പിതാവായും മതബോധന ഡയറക്ടറായും ചുമതലയേറ്റു. കേരള സഭയിൽപോലും മതബോധന കമ്മീഷനോ കാര്യാലയമോ ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ലോപ്പസച്ചൻ വരാപ്പുഴ അതിരൂപതയിലെ മതബോധന ശുശ്രൂഷയുടെ നായകത്വം വഹിക്കാൻ ആരംഭിക്കുന്നത്. 14 വർഷം ഈ രംഗത്ത് കർമനിരതനായിരുന്നു. ഇതേ കാലയളവിൽതന്നെയാണ് എറണാകുളം ജനറൽ ആശുപത്രി ചാപ്ലൈനായും പ്രവർത്തിച്ചത്. ജീവിതാന്ത്യംവരെ ഇതുതുടർന്നു. ആർച്ചുബിഷപ് ഡോ. ജോസഫ് കേളന്തറയുടെ ഭരണകാലഘട്ടത്തിൽ അതിരൂപതയുടെ പ്രോ വികാർ ജനറലായി നിയമിതനായി. 8 വർഷം വിശ്വസ്തതയോടെ ആ സ്ഥാനത്ത് കർമനിരതനായതിനെത്തുടർന്ന് കേളന്തറ പിതാവ് ലോപ്പസച്ചനെ വികാർ ജനറലായി അവരോധിച്ചു. മൂന്ന് ആർച്ചുബിഷപ്പുമാർക്കൊപ്പം 12 വർഷം വികാർ ജനറലായി മോൺ. ലോപ്പസ് പ്രവർത്തിച്ചു. ആർച്ചുബിഷപ് കേളന്തറയുടെ ആകസ്മിക വിയോഗത്തിൽ 6 മാസം വരാപ്പുഴ അതിരൂപത അഡ്മിനിസ്ട്രേറ്ററായും സേവനമനുഷ്ഠിച്ചു. രണ്ടുപതിറ്റാണ്ടോളം വിവാഹ കോടതിയുടെ ന്യായാധിപനായും മോൺ. ലോപ്പസ് പ്രവർത്തിച്ചു.

## കരുണയുടെ കുമ്പസാരക്കൂട്

വരാപ്പുഴ അതിരൂപതയുടെ സമസ്ത മേഖലകളിലും കൈയൊപ്പു പതിപ്പിച്ച ഭരണ നിയന്താവും ഇടയനുമായി കർമനിരതനായിരുന്നപ്പോഴും നല്ലൊരു കുമ്പസാരക്കാരനും ജാതിമതഭേദമെന്യേ മനുഷ്യഹൃദയങ്ങളെ സ്പർശിച്ച ലളിത ജീവിതത്തിനുടമയുമായിരുന്നു ലോപ്പസച്ചൻ. കേരളത്തിലെ ഒട്ടുമിക്ക മതമേലധ്യക്ഷന്മാരുടെയും വൈദികരുടെയും വൈദികവിദ്യാർഥികളുടെയും രോഗികളുടെയും കുമ്പസാരക്കാരനായിരുന്നു ഈ വന്ദ്യവൈദികൻ. കരുണയുടെ ഒരു കുമ്പസാരക്കൂടുതന്നെയായി മാറിയിരുന്നു ഇദ്ദേഹം. ചുരുക്കത്തിൽ ജീവിതകാലത്തുതന്നെ മലയാളികളുടെ ഒരു വിയാനി പുണ്യാളനായിരുന്നു ഈ പട്ടക്കാരൻ. ഏതൊരു വ്യക്തിയേയും അവരായിരിക്കുന്ന അവസ്ഥയിൽ മനസ്സിലാക്കാനും ഉൾക്കൊള്ളാനും അവരുടെ ആവശ്യങ്ങളിലും പ്രശ്നങ്ങളിലും അറിഞ്ഞ് ഇടപെട്ട് സഹായകനും പരിഹാരകനുമായി ഈ ഉപവിപ്രവർത്തകൻ മാറുമായിരുന്നു.

## ജപമാലഭക്തൻ

പരിശുദ്ധ മറിയത്തിൽ പൂർണമായും ആശ്രയിച്ചിരുന്ന തികഞ്ഞൊരു മരിയഭക്തനായിരുന്നു ലോപ്പസച്ചൻ. തന്റെ ദൈവവിളി പ്രതിസന്ധിയിൽ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം തേടി ചൊല്ലാനാരംഭിച്ച പ്രാർഥന ഒരു ഹൃദയതാളംപോലെ അന്ത്യനാൾവരെ ലോപ്പസച്ചൻ ആവർത്തിച്ചിരുന്നു: 'പരിശുദ്ധ അമ്മേ, എന്നെ നല്ലൊരു വൈദികനായി വളർത്തുകയും വൈദിക അന്തസിൽ എന്നും നിലനിർത്തുകയും ചെയ്യണമേ' യെന്ന്. പരിശുദ്ധ മറിയത്തോടുള്ള അഗാധമായ സ്നേഹം ലോപ്പസച്ചനെ ജപമാലഭക്തിയുടെ പ്രചാരകനുമാക്കിത്തീർത്തു. തന്റെ ളോഹ

www.malankaralibrary.com

യ്ക്കുള്ളിൽ എന്നും ജപമാല സൂക്ഷിച്ചിരുന്നു അദ്ദേഹം. ആർക്കെങ്കിലുമൊക്കെ വിലകൂടിയ സമ്മാനമായി അച്ചൻ നല്കിയിരുന്നതും ജപമാലയാണ്. അത്രയ്ക്ക് മൂല്യവും മഹത്ത്വവും ജപമാലയ്ക്ക് നല്കിയിരുന്നു.

രോഗികളോടും നിരാലംബരോടും എന്നും അലിവും സ്നേഹവും പങ്കിട്ടിരുന്ന ഇടയമനസ്സായിരുന്നു ലോപ്പസച്ചന്റേത്. കാനോനിക നിയമങ്ങളുടെ സൂക്ഷ്മപഠനങ്ങൾക്കും നിരീക്ഷണങ്ങൾക്കും വിധിപ്രസ്താവനകൾക്കൊക്കെയ്ക്കും നടുവിലും നിത്യവും രാവിലെയും വൈകുന്നേരവും എറണാകുളം ജനറൽ ആശുപത്രിയിലെ രോഗികൾക്കൊപ്പം സമയം ചിലവഴിക്കാൻ ഈ മനുഷ്യസ്നേഹി സമയം കണ്ടെത്തിയിരുന്നു. രാവിലെ 6.15 മുതൽ 6.45 വരെ ജനറൽ ആശുപത്രിയിലെ കിടപ്പുരോഗികൾക്ക് ദിവ്യകാരുണ്യം നല്കാൻ പ്രായത്തെ മറന്നും ശുഷ്കാന്തി കാണിച്ചിരുന്നു. വൈകിട്ട് 5.30 മുതൽ 7.മണിവരെ രോഗീസന്ദർശനവും കുമ്പസാരവും സാന്ത്വനിപ്പിക്കലുമായിരുന്നു. പൗരോഹിത്യ ജീവിതത്തിന്റെ ഏഴ് ദശാബ്ദത്തിനിടയിൽ 39 വർഷത്തോളം രോഗികളോടും നിരാലംബരോടുമൊപ്പം ഈ സാത്വികൻ സ്നേഹം പങ്കിട്ടു. വാർധക്യം ശരീരത്തെ തഴുകിയിട്ടും മനസ്സ് സജീവവും സന്നദ്ധവുമായിരുന്നു. അതുകൊണ്ടുതന്നെ അധികാരികളുടെ 'സ്നേഹവിലക്ക്' ഉണ്ടാകുന്നതുവരെ മുടക്കമില്ലാതെ നിത്യം രണ്ടുനേരവും ലോപ്പസച്ചൻ രോഗീസന്ദർശനത്തിലും കൂദാശാപരികർമത്തിലും വ്യാപൃതനായിരുന്നു. 1997-ൽ അധികാരികൾക്ക് വിധേയനായി പിന്മാറി.

## സകലകലാവല്ലഭൻ

മോൺ. ലോപ്പസിന്റെ ഇടയജീവിതം അജപാലനത്തിൽ മാത്രം ഒതുങ്ങിയതായിരുന്നില്ല. ഒറ്റ വാക്കിൽ ചുരുക്കിയാൽ അദ്ദേഹം ഒരു സകലകലാവല്ലഭനായിരുന്നു. കാരണം, സമസ്തമേഖലകളിലും തന്റെ കൈയൊപ്പു പതിപ്പിച്ചാണ് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത്. പ്രീസ്റ്റ്സ് മ്യൂച്വൽ എയ്ഡ്സ് സൊസൈറ്റി (പി.എം.എ.എസ്) സ്ഥാപകൻ, സെന്റ് ജോസഫ് മൈനർ സെമിനാരി ആധ്യാത്മിക പിതാവ്, അതിരൂപതാ മതബോധന ഡയറക്ടർ, എറണാകുളം ജനറൽ ആശുപത്രി ചാപ്ലെൻ, അതിരൂപതാ ആലോചനാസമിതിയംഗം, പ്രോ വികാരി ജനറൽ, സെന്റ് ആൽബർട്സ്- സെന്റ് പോൾസ് കോളജ് മാനേജർ, വികാരി ജനറാൾ, അതിരൂപതാ അഡ്മിനിസ്ട്രേറ്റർ എന്നീ നിലകളിൽ ഈ ശ്രേഷ്ഠ വൈദികൻ ശുശ്രൂഷ നിർവഹിച്ചു. ഇതോടൊപ്പം നലംതികഞ്ഞൊരു രചയിതാവും കലാകാരനും കൂടിയായിരുന്നു. മോൺ. ലോപ്പസിന്റെ ആദ്യ ഷിക്ഷനായിരുന്നു 1990-ൽ വരാപ്പുഴ അതിരൂപത മതബോധന വിഭാഗം പ്രസിദ്ധീകരിച്ച 'അലക്സമ്മാവൻ.' ഇതിന്റെ സ്വീകാര്യതകൊണ്ട് 168 പേജുകൾ കൂടി ഉൾപ്പെടുത്തി 1994-ൽ അലക്സമ്മാവന്റെ രണ്ടാം പതിപ്പും ഇറങ്ങി. ലോപ്പസച്ചന്റെ പ്രഥമകൃതി 'സേവനമെന്ന' നാടകമായിരുന്നു. തുടർന്ന് 'പരമരഹസ്യം' മുതൽ 'ഹാ എന്തൊരു ജീവിതം' വരെ 25-ൽപ്പരം ഏകാംഗങ്ങൾ ഇദ്ദേഹം രചിച്ചു. 1963-ൽ പ്രസിദ്ധീകൃതമായ വേദോപദേശ സംക്ഷേപത്തിന്റെ പിന്നിലും ഈ ദൈവദാസന്റെ കരങ്ങളായിരുന്നു. എറണാകുളത്തെ ബോസ്കോ കലാസമിതിയുടെ ആരംഭകനും മോൺ. ലോപ്പസായിരുന്നു.

## അംഗീകാരങ്ങൾ

ഉത്തരവാദിത്വങ്ങളിലെ വിശ്വസ്തതയും അതിനുള്ളിലെ അംഗീകാരവുമായി 1959 ജൂലൈ 26-ന് വിശുദ്ധ ജോൺ 23-ാമൻ പാപ്പാ പ്രിവി ചേമ്പർ ലെയ്ൻ പദവിയും 1981 മാർച്ച് 19-ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ പ്രോട്ടോ നോട്ടറി അപ്പസ്തോലിക് പദവിയും നൽകി മോൺ. ലോപ്പസിനെ ആദരിക്കുകയുണ്ടായി. 96 വർഷത്തെ ധന്യമായ ഈ ലോകജീവിതത്തിൽ മഹത്ത്വം നിറഞ്ഞ 70 വർഷം ദൈവത്തിന്റെ വിശുദ്ധ പൗരോഹിത്യത്തിൽ കളങ്കിതനാകാതെ ശോഭിച്ചുവെന്നതാണ് ഈ വൈദികശ്രേഷ്ഠന്റെ പുണ്യശോഭ. വിശുദ്ധനായി ജീവിക്കുകയും വിശുദ്ധിയോടെ പെരുമാറുകയും വിശുദ്ധിയിൽ മഹച്ചരമം പ്രാപിക്കുകയും ചെയ്ത ഒരു വ്യക്തിയെ നാമകരണ ചടങ്ങുകളെ മാറ്റിനിർത്തിയാൽ നിർഭയം നമുക്ക് വിളിക്കാനാകും; വിശുദ്ധ ഇമ്മാനുവൽ ലോപ്പസെന്ന്.

ഈ വൈദിക സർവോത്തമനെ വിശുദ്ധിയുടെ പടവുകളിലേക്ക് ആനയിക്കാനുള്ള ഒരുക്കങ്ങൾ ആരംഭിക്കുമ്പോൾ മാതൃഇടവക ത്രിശതോത്തര സുവർണ ജൂബിലിയുടെ ആരവത്തിലാണ്. ജൂബിലി ഉപഹാരമായി ദൈവം നല്കിയ സുവർണോപഹാരമായാണ് ദൈവദാസ പ്രഖ്യാപനത്തെ ചാത്യാത്ത് കർമല ഇടവക സമൂഹം സ്വീകരിച്ചിരിക്കുന്നത്. ദൈവസമക്ഷം സ്നേഹത്തിന്റെ വാടാമലരായി വിരിഞ്ഞു പരിമളം പരത്തി നിൽക്കുന്ന കർമലമണ്ണിലെ ഈ പുണ്യപുഷ്പത്തിന്റെ വിശുദ്ധ സൗമ്യതയിൽ നമുക്കും ഇടം കണ്ടെത്താം. ■

www.malankaralibrary.com


# ആരാണ് യാമപ്രാർത്ഥനകൾ ചൊല്ലേണ്ടത്?



**റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ**
*ചാൻസലർ,*
*സീറോ മലബാർ സഭാ കാര്യാലയം*

**?** അടുത്തകാലത്ത് സീറോമലബാർസഭയുടെ നവീകരിച്ച യാമപ്രാർത്ഥനകൾ പ്രസിദ്ധീകരിച്ചു എന്നറിഞ്ഞു. യഥാർത്ഥത്തിൽ ഈ പ്രാർത്ഥന ചൊല്ലാൻ കടപ്പെട്ടിരിക്കുന്നവർ ആരാണ്? അല്മായർ ഈ പ്രാർത്ഥന ചൊല്ലേണ്ടതുണ്ടോ?

***– മാത്യു ജോസഫ്, അതിരമ്പുഴ***

വിശുദ്ധ ഗ്രന്ഥത്തിലും വിശുദ്ധ പാരമ്പര്യത്തിലും അടിയുറച്ച സഭയുടെ ഔദ്യോഗിക പ്രാർത്ഥനയാണ് യാമപ്രാർത്ഥനകൾ. ഓരോ വ്യക്തിസഭയ്ക്കും പ്രത്യേകമായ ആരാധനാക്രമാനുഷ്ഠാനങ്ങളും ആചാരങ്ങളും ഉള്ളതുപോലെ പ്രത്യേകമായ യാമപ്രാർത്ഥനകളും സ്വന്തമായുണ്ട്. ദീർഘനാളത്തെ പഠനത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി സീറോമലബാർസഭയുടെ യാമപ്രാർത്ഥനകൾ നവീകരിച്ച് ഔദ്യോഗികമായി നല്കപ്പെടുകയുണ്ടായി. ചോദ്യകർത്താവിന്റെ സംശയം ഇതുമായി ബന്ധപ്പെട്ടതാണെങ്കിലും എല്ലാ സഭകളുടെയും ആരാധനാക്രമ പാരമ്പര്യവുമായി ബന്ധപ്പെട്ടതെന്ന നിലയിൽ യാമപ്രാർത്ഥനകളെ സംബന്ധിച്ചു കൂടുതൽ അവബോധം ആവശ്യമാണെന്ന യാഥാർഥ്യം ഇവിടെ വ്യക്തമാകുന്നു.

ദിവസത്തിന്റെ വിവിധ യാമങ്ങളിൽ പ്രാർത്ഥനാപൂർവ്വം അവയെ വിശുദ്ധീകരിക്കുന്നതിനു സഭ രൂപപ്പെടുത്തിയിരിക്കുന്ന പ്രാർത്ഥനയാണു യാമപ്രാർത്ഥനകൾ. കൂദാശകളും കൂദാശാനുകരണങ്ങളും പോലെ യാമപ്രാർത്ഥനകളും സഭയുടെ ആരാധനാക്രമത്തിന്റെ ഭാഗമാണ്. യാമപ്രാർത്ഥനകളുടെ ഈ പൊതുസ്വഭാവത്തിൽനിന്ന് ഇതു സഭയുടെ പ്രാർത്ഥനയാണെന്നും അതിനാൽ ഈ പ്രാർത്ഥന സഭയിൽ അംഗങ്ങളായിരിക്കുന്ന എല്ലാവരുടേതും ആണെന്നു വ്യക്തമാണ്.

സീറോമലബാർസഭയിലും സീറോമലങ്കരസഭയിലും ഏഴു യാമങ്ങളിലായാണ് പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നത്. ലത്തീൻസഭയിൽ എട്ടു യാമങ്ങളിൽ പ്രാർത്ഥനകൾ ഉണ്ട്. സീറോമലബാർസഭയിൽ ഇപ്പോൾ ഔദ്യോഗികമായി നല്കിയിരിക്കുന്നത് മൂന്നു യാമങ്ങളിലെ (റംശാ സായാഹ്നപ്രാർത്ഥന, ലെലിയ നിശാപ്രാർത്ഥന, സപ്ര പ്രഭാതപ്രാർത്ഥന) പ്രാർത്ഥനകളാണ്.

യാമപ്രാർത്ഥനകളെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളെ ഉദ്ധരിച്ചുകൊണ്ടു സാർവത്രികസഭയുടെ മതബോധനഗ്രന്ഥം പറയുന്നത് ഇപ്രകാരമാണ്: 'യാമപ്രാർത്ഥന ദൈവജനത്തിന്റെ മുഴുവൻ പ്രാർത്ഥനയായിരിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്... ഓരോരുത്തരും തങ്ങളുടെ സ്ഥാനവും ജീവിതസാഹചര്യങ്ങളും അനുസരിച്ച് അതിൽ പങ്കുകൊള്ളുന്നു: അജപാലനശുശ്രൂഷയ്ക്ക് സമർപ്പിതരായ വൈദികർ അവർ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും താല്പര്യമുള്ളവരാകാൻ വിളിക്കപ്പെട്ടവരാണ്; സന്ന്യസ്തർ അവരുടെ സമർപ്പിതജീവിതങ്ങളുടെ സിദ്ധി വഴി; എല്ലാ വിശ്വാസികളും അവർക്ക് ആവുന്നത്ര... അല്മായരും വൈദികരോടൊപ്പമോ, അവർതന്നെ സമൂഹമായോ, തനിച്ചോ യാമപ്രാർത്ഥനകൾ ചൊല്ലുന്നത് അഭിലഷണീയമാണ്' (നമ്പർ 1174). മതബോധനഗ്രന്ഥം ഇനി പറയുന്നകാര്യം വളരെ പ്രധാനപ്പെട്ടതാണ്: 'സഭ അംഗീകരിച്ച രൂപത്തിൽ ആഘോഷിക്കപ്പെടുമ്പോൾ യാമപ്രാർത്ഥന യഥാർത്ഥത്തിൽ തന്റെ മണവാളനോടു സംസാരിക്കുന്ന മണവാട്ടിയുടെതന്നെ സ്വരമാണ്. ക്രിസ്തുതന്നെ തന്റെ ശരീരത്തോടൊപ്പം പിതാവിനോടു നടത്തുന്ന പ്രാർത്ഥന

www.malankaralibrary.com



യാണ് (നമ്പർ 1174). സഭയുടെ ഈ പ്രബോധനത്തിൽനിന്ന് യാമപ്രാർഥനകളുടെ സഭാപരമായ സ്വഭാവവും അവയുടെ പ്രാധാന്യവും വ്യക്തമാകുന്നു.

യാമപ്രാർഥനകൾ ചൊല്ലാൻ ആരാണ് കടപ്പെട്ടിരിക്കുന്നത് എന്ന ചോദ്യത്തിന് വിശാലമായ വിധത്തിൽ ധാരണയായെങ്കിലും സഭാനിയമങ്ങളുടെ പശ്ചാത്തലത്തിൽ ഉത്തരം കണ്ടെത്താൻ പരിശ്രമിക്കാം. പൗരസ്ത്യസഭകൾക്കുള്ള സഭാനിയമം, ഒരു രൂപതയിലെ ആരാധനാജീവിതത്തിന്റെ സംരക്ഷകനും മേൽനോട്ടക്കാരനും എന്നനിലയിൽ രൂപതാമെത്രാൻ യാമപ്രാർഥനകൾ എപ്രകാരം ക്രമീകരിക്കണമെന്നു പറയുന്നുണ്ട്. 'സ്വന്തം സഭയുടെ നിയമാനുസൃതമായ ആചാരങ്ങൾക്ക് അനുസൃതമായി തന്റെ ആസ്ഥാന ദൈവാലയത്തിൽ യാമപ്രാർഥനകളുടെ ഒരു ഭാഗമെങ്കിലും ദിവസേന നടത്തപ്പെടുന്നു എന്ന് രൂപതമെത്രാൻ ഉറപ്പുവരുത്തണം. കഴിയുന്നിടത്തോളം ഏതൊരു ഇടവകയിലും ഞായറാഴ്ചകളിലും തിരുനാളുകളിലും മറ്റ് ആഘോഷാവസരങ്ങളിലും അവയുടെ തലേനാളിലും യാമപ്രാർഥനകൾ നടത്തപ്പെടാനും അദ്ദേഹം ശ്രദ്ധിക്കണം' (c. 199 §2). ലത്തീൻസഭാനിയമവും ഇതേ കാര്യം നിഷ്കർഷിക്കുന്നു (c. 389).

വൈദികർക്കും സമർപ്പിതർക്കും അല്മായർക്കും അവരുടെ ജീവിതാവസ്ഥയ്ക്ക് അനുസരിച്ചുള്ള ഉത്തരവാദിത്വം യാമപ്രാർഥനകൾ ചൊല്ലുന്നതിനുണ്ട് എന്ന് മതബോധനഗ്രന്ഥം ഓർമപ്പെടുത്തിയിരിക്കുന്നത് നമ്മൾ കണ്ടു. യാമപ്രാർഥനകൾ ചൊല്ലാനുള്ള വൈദികരുടെ ഉത്തരവാദിത്വത്തെക്കുറിച്ച് പൗരസ്ത്യ സഭാനിയമം പറയുന്നത് ഇങ്ങനെയാണ്: 'പുരോഹിത ശുശ്രൂഷികൾ എല്ലാവരും തങ്ങളുടെ സ്വയാധികാരസഭയുടെ പ്രത്യേകനിയമത്തിന് അനുസൃതമായി യാമപ്രാർഥനകൾ നടത്തേണ്ടതാണ്' (c. 377). സീറോമലബാർസഭയുടെ പ്രത്യേക നിയമം Art. 47 പ്രകാരം ഡീക്കന്മാരെയും വൈദികരെയും മെത്രാന്മാരെയും യാമപ്രാർഥനകൾ ചൊല്ലാൻ കടപ്പെടുത്തുന്നുണ്ട്.

ലത്തീൻസഭാനിയമം c. 276 §2, 3 ൽ പറയുന്നതു വൈദികരും ഡീക്കന്മാരും സഭ നിഷ്കർഷിച്ചിട്ടുള്ള പുസ്തകങ്ങൾ ഉപയോഗിച്ച് യാമപ്രാർഥനകൾ ചൊല്ലാൻ കടപ്പെട്ടിരിക്കുന്നു എന്നാണ്. ഇതേകാര്യം c.1174 ലും ആവർത്തിക്കുന്നു.

സമർപ്പിതർ യാമപ്രാർഥനകൾ നിശ്ചയമായും ചൊല്ലേണ്ടവരാണ് എന്ന പൊതുധാരണയെ നിയമസംഹിതകൾ എടുത്തുപറഞ്ഞുകൊണ്ട് അവരുടെ പ്രത്യേകനിയമാവലിയിൽ പറഞ്ഞിരിക്കുന്നവിധത്തിൽ ഇക്കാര്യം അനുവർത്തിക്കാൻ സഭാനിയമം നിഷ്കർഷിക്കുന്നു.

അല്മായർ യാമപ്രാർഥനകൾ ചൊല്ലാൻ കടപ്പെട്ടിരിക്കുന്നവരാണോ എന്ന ചോദ്യത്തിനുള്ള ഉത്തരം ഇതിനോടകം വ്യക്തമായിട്ടുണ്ട്. നിയമം കടപ്പെടുത്തുന്നില്ലെങ്കിലും സഭയുടെ പ്രാർഥനയായ യാമപ്രാർഥനകൾ അല്മായരുടേതുകൂടിയാണ്. സാർവത്രികസഭയുടെ മതബോധനഗ്രന്ഥത്തോടു ചേർന്ന് ലത്തീൻസഭയും, സാഹചര്യങ്ങൾ കണക്കിലെടുത്ത് സഭയുടെ പ്രാർഥനയിൽ സാധിക്കുന്നതുപോലെ പങ്കുചേരാൻ അല്മായരെ ഉദ്ബോധിപ്പിക്കുന്നുണ്ട് (c. 1174 §2).

യാമപ്രാർഥനകൾ സഭയുടെ പ്രാർഥനയാണ്. അതിനാൽത്തന്നെ സഭയിലെ എല്ലാവരുടെയും പ്രാർഥനയാണ്. മെത്രാന്മാരും വൈദികരും സമർപ്പിതരും തങ്ങളുടെ പ്രത്യേകവിളിയും ദൗത്യവുമനുസരിച്ചു യാമപ്രാർഥനകൾ ചൊല്ലാൻ പ്രത്യേകം കടപ്പെട്ടിരിക്കുമ്പോൾ തങ്ങളുടെ ആത്മീയവളർച്ചയ്ക്ക് ഉപകരിക്കുന്ന ഒരു മാർഗമായാണ് അല്മായർ യാമപ്രാർഥനകളെ സമീപിക്കേണ്ടത്. സമയവും കാലവും ക്രമീകരിക്കുന്ന സ്രഷ്ടാവായ ദൈവത്തോടു ചേർന്നുനിൽക്കാനും അവിടുന്ന് നല്കിയ ആയുസ്സും സമയവും ഒരു ദിവസത്തിന്റെ പല അവസരങ്ങളിൽ കൃതജ്ഞതയോടെ ഓർക്കാനും ജീവിതകർത്തവ്യങ്ങൾ കൂടുതൽ ഫലപ്രദമായും ദൈവമഹത്ത്വത്തിനായും നിർവഹിക്കാനും ദിവസത്തിന്റെ വിവിധ യാമങ്ങളിലുള്ള പ്രാർഥന നമ്മെ സഹായിക്കുന്നു. ■

www.malankaralibrary.com


# മണിപ്പൂർ കലാപം: ഒരുൻമൂലന പദ്ധതിയോ?

**മതേതര ജനാധിപത്യരാഷ്ട്രത്തിനേറ്റുകൊണ്ടിരിക്കുന്ന മുറിവുകളിൽ ഏറ്റവും ഒടുവിലത്തെ തിരുമുറിവാണ് മണിപ്പൂരിലെ ജനതയ്ക്ക് ഏറ്റുകൊണ്ടിരിക്കുന്നത്. ആരാധനാലയങ്ങളെയും വിശ്വാസികളെയും നിഷ്കരുണം വേട്ടയാടുന്ന പ്രാകൃത നടപടികളുടെ നേർക്കാഴ്ച.**



**ജോസഫ് ജൂഡ്**
*വൈസ് പ്രസിഡന്റ്, KRLCC*

ഇന്ത്യയുടെ വടക്ക് കിഴക്കൻ പ്രദേശങ്ങളിലെ ഏഴ് സംസ്ഥാനങ്ങളിൽ ഒന്നാണ് മണിപ്പൂർ. നാഗാലാൻഡ് വടക്കുഭാഗത്തും മിസോറാം തെക്കുഭാഗത്തും പടിഞ്ഞാറ് ഭാഗത്തായി അസമും മണിപ്പൂരിന്റെ അതിർത്തികൾ പങ്കിടുന്നു. മ്യാൻമർ എന്ന വിദേശ രാജ്യമാണ് കിഴക്ക് തെക്കുഭാഗത്ത് മണിപ്പൂരിന് അതിർത്തിയാകുന്നത്. 2011-ലെ സെൻസസ് പ്രകാരം മണിപ്പൂരിൽ 28.55 ലക്ഷമാണ് ജനസംഖ്യ. ജനസംഖ്യയുടെ 41.39% ഹിന്ദുമത വിശ്വാസികളും 41.29% ക്രിസ്ത്യാനികളും 8.40% മുസ്ലീങ്ങളും 8.19% ഗോത്രമതങ്ങളും പിന്തുടരുന്നു. ഭൂരിഭാഗം ഹിന്ദുക്കളായ മെയ്തി ജനത, ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും മണിപ്പൂർ താഴ്വര കൈവശപ്പെടുത്തുന്നു. ബാക്കിയുള്ള ജനസംഖ്യയിൽ വടക്ക് നാഗകളും തെക്ക് കുക്കികളും പോലുള്ള തദ്ദേശീയ മലയോര ഗോത്രങ്ങൾ ഉൾപ്പെടുന്നു.

ചരിത്രത്തിലെങ്ങും സമാനതകളില്ലാത്ത അക്രമവും അശാന്തിയും സംസ്ഥാനത്തെ പിടിച്ചുകുലുക്കി ഒരു കൊടുങ്കാറ്റുപോലെ മണിപ്പൂരിൽ ആഞ്ഞടിച്ചുതുടങ്ങിയിട്ട് 2 മാസങ്ങൾ പിന്നിട്ടിരിക്കുന്നു. കഴിഞ്ഞ മെയ് മൂന്നു മുതലാണ് മണിപ്പൂരിലെ ആസൂത്രിതമെന്നു കരുതപ്പെടുന്ന വംശീയഹത്യയുടെ തുടക്കം. പക്ഷേ, ഇന്നും അക്രമവും തീവയ്പ്പും അനിയന്ത്രിതമായി തുടരുന്നു. പ്രത്യേകിച്ചും താഴ്വരയുടെ പ്രാന്ത പ്രദേശങ്ങളിൽ. സംസ്ഥാനത്തെ ഭരണഘടനാ സംവിധാനങ്ങളെക്കുറിച്ച് ഭയം, അനിശ്ചിതത്വം, നിരാശ എന്നതാണ് പൊതുവായ അവസ്ഥ. വടക്കുകിഴക്കൻ അതിർത്തി സംസ്ഥാനത്തെ പ്രബലമായ മെയ്തി സമുദായവും ന്യൂനപക്ഷമായ കുക്കി-സോമി ഹിൽ ഗോത്രവും തമ്മിലുള്ള വംശീയ കലഹങ്ങൾ ഏറ്റവും ശക്തമായ രാഷ്ട്രീയഭരണകൂടത്തിന്റെയും സൈന്യത്തിന്റെ സുരക്ഷാവലയത്തിന്റെയും ദ്രുതകർമ സേനയുടെയും മറ്റ് കേന്ദ്ര അർധസൈനിക വിഭാഗങ്ങളുടെയും തീവ്രമായ വിന്യാസത്തിലും ആണെന്നത് നിരാശാജനകമാണ്. നിരപരാധികളായ മനുഷ്യർ അനിയന്ത്രിതമായ അക്രമണങ്ങളിൽ കൊല്ലപ്പെടുന്നു. നൂറുകണക്കിനു മനുഷ്യജീവനുകളാണ് നഷ്ടപ്പെട്ടത്. ആരാധനാലയങ്ങൾ അശുദ്ധമാക്കുകയും തീകൊളുത്തുകയും ചെയ്തു. 200 ലധികം ഗ്രാമങ്ങളും ആയിരക്കണക്കിന് വീടുകളും സ്വത്തുക്കളും കൊള്ളയടിക്കുകയും അഗ്നിക്കിരയാക്കുകയും നശിപ്പിക്കുകയും ചെയ്തു. 60,000 ത്തിലധികം ആളുകൾ അവർ താമസിച്ചിരുന്ന സ്ഥലത്ത് നിന്ന് പലായനം ചെയ്യാൻ നിർബന്ധിതരാകുകയും ഭവനരഹിതരാകുകയും ചെയ്തു. ഇവരിൽ ഭൂരിഭാഗവും ഇപ്പോഴും സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയാണ്.

www.malankaralibrary.com




## ക്രൈസ്തവർക്കെതിരെ ആസൂത്രിത അക്രമങ്ങൾ

2023 മെയ് 3-ന് ആരംഭിച്ച ആക്രമണത്തിന്റെ ഇരകളിൽ ഭൂരിഭാഗവും പരമ്പരാഗതമായി മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന കുക്കി-സോമി ഗോത്ര ക്രിസ്ത്യാനികളാണ്. വിവിധ ക്രിസ്ത്യൻ വിഭാഗങ്ങളുടെ 400 ലധികം ആരാധനാലയങ്ങളും 83 പള്ളി സ്ഥാപനങ്ങളും ജനക്കൂട്ടം അഗ്നിക്കിരയാക്കുകയോ നശിപ്പിക്കുകയോ ചെയ്തു. മെയ്തി ഹൃദയഭൂമിയായ ഇംഫാൽ താഴ്‌വരയിൽ അക്രമം ആരംഭിച്ച് 36 മണിക്കൂറിനുള്ളിൽ മെയ്തി ക്രിസ്ത്യാനികളുടെ 249 പള്ളികൾ ആസൂത്രിതമായ കൃത്യതയോടെ നശിപ്പിക്കപ്പെട്ടു. ആക്രമിക്കപ്പെട്ട 200 ലധികം കുക്കി ഗ്രാമങ്ങളിൽ ഓരോന്നിലും ക്രിസ്ത്യൻ വിഭാഗങ്ങളുടെ എണ്ണത്തെ ആശ്രയിച്ച് ഒന്നോ അതിലധികമോ പള്ളികളുണ്ടായിരുന്നു.

2022 മാർച്ചിൽ ഭാരതീയ ജനതാ പാർട്ടിയുടെ മുഖ്യമന്ത്രി എൻ. ബിരേൻ സിംഗ് കേവല ഭൂരിപക്ഷത്തോടെ രണ്ടാം തവണയും വിജയിച്ചതു മുതൽ കുക്കി ഗോത്ര ജനതയ്ക്കെതിരെ വിദ്വേഷത്തിന്റെയും അന്യവൽക്കരണത്തിന്റെയും ഒരു തീവ്രമായ വികാരം രൂപപ്പെടുകയായിരുന്നു. വിദേശികൾ, അനധികൃത കുടിയേറ്റക്കാർ, പോപ്പി കർഷകർ, മയക്കുമരുന്ന് കച്ചവടക്കാർ, വനഭൂമിയിലെ കൈയേറ്റക്കാർ, തീവ്രവാദ കലാപകാരികൾ, എന്നിങ്ങനെ കുക്കികളെ മുദ്രകുത്തി ആസൂത്രിതമായ പ്രചാരണം സംസ്ഥാനത്തെ ഭൂരിപക്ഷ രാഷ്ട്രീയവ്യവഹാരത്തിൽ ശക്തി പ്രാപിച്ചിരുന്നു. അയൽരാജ്യമായ മ്യാൻമറിൽ നിന്നുള്ള അനധികൃത കുടിയേറ്റക്കാരെ തിരിച്ചറിയാൻ ദേശീയ പൗരത്വ രജിസ്റ്റർ വേണമെന്ന ആവശ്യത്തെ മെയ്തി രാഷ്ട്രീയക്കാർ പിന്തുണയ്ക്കുന്നതും കുക്കികൾക്കിടയിൽ അമർഷത്തിനു കാരണമായിരുന്നു.

മെയ്തി ഭൂരിപക്ഷ സമുദായത്തിന് പട്ടികവർഗ്ഗ പദവി നല്കാനുള്ള മണിപ്പൂർ ഹൈക്കോടതി ഉത്തരവിനെ തുടർന്നുണ്ടായ രാഷ്ട്രീയപ്രക്ഷുബ്ധതയ്ക്ക് പിന്നിലെ പ്രധാന ഘടകം ഭൂമിയുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ആദിവാസികളുടെ ഭൂമിയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഭരണഘടനാ വ്യവസ്ഥകളും മലയോര ഗോത്ര സമിതികളുടെ നിർബന്ധിത അംഗീകാരവും അവഗണിച്ച്, കുക്കി ഗ്രാമങ്ങളെ തലമുറകളായി താമസിക്കുന്ന വനഭൂമിയിൽ നിന്ന് മാറ്റിപ്പാർപ്പിക്കാൻ സംസ്ഥാന സർക്കാർ കുടിയൊഴിപ്പിക്കൽ നടപടികൾ ആരംഭിച്ചിരുന്നു. സംരക്ഷിത വനങ്ങൾ, വന്യജീവി സങ്കേതങ്ങൾ എന്നിവയെക്കുറിച്ച് സർക്കാർ പ്രഖ്യാപിച്ച സർവേ ആദിവാസി ജനങ്ങളിൽ നിന്ന് കടുത്ത എതിർപ്പ് നേരിട്ടു. ഗോത്രവർഗക്കാരുടെ പ്രതിഷേധ റാലികൾക്കും ഗോത്രേതര ശക്തികളുടെ പ്രത്യാക്രമണങ്ങൾക്കും പ്രേരകമായത് ഇവയായിരുന്നു, ഇത് രക്തരൂക്ഷിതമായ വംശീയ സംഘട്ടനങ്ങളിൽ കലാശിച്ചു.

www.malankaralibrary.com

## വംശീയ അശാന്തിക്കുള്ള ഉടൻ പ്രകോപനം

മണിപ്പൂരിലെ ജനസംഖ്യയുടെ 53 ശതമാനം വരുന്നതും പ്രാഥമികമായി മണിപ്പൂർ താഴ്വരയിൽ അധിവസിക്കുന്നതുമായ മെയ്തി സമുദായത്തെ എസ്ടി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യ മാണ് വംശീയ അശാന്തിക്കുള്ള ഉടനടി പ്രകോപനം. എന്നാൽ ഇത് ഒരു പ്രത്യക്ഷത്തിലുള്ള അടിയന്തര കാരണം മാത്രമാണ്. വളരെക്കാലമായി ജ്വലിച്ചുനിൽക്കുന്ന അമർഷത്തിനും വർധിച്ചുവന്ന കോപത്തിനും ആധാരമാകുന്ന മറ്റ് കാരണങ്ങളുണ്ട്. സംസ്ഥാനത്തിന്റെ മലയോര മേഖലയിലെ സംരക്ഷിത വനങ്ങളും സർക്കാരിന്റെ നിയന്ത്രണവുമായി മാത്രമല്ല, കുക്കികളുടെ പീഡിപ്പിക്കപ്പെടുന്ന വികാരവുമായും ഇവ ബന്ധപ്പെട്ടിരിക്കുന്നു. മ്യാൻമറിലെ അതിർത്തിക്കപ്പുറമുള്ള ഒരേ വംശീയ വിഭാഗത്തിൽപ്പെട്ട നിരവധി ചിൻ ഗോത്രവംശത്തിൽപ്പെട്ടവർ, അവിടെയുണ്ടാകുന്ന അക്രമണങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും രക്ഷപ്പെട്ട് ഇന്ത്യയിലേക്ക് കുടിയേറുന്നുണ്ടായിരുന്നു. ഇവർക്കെതിരായ ഗവൺമെന്റിന്റെ കടുത്ത നിലപാട് അവരുടെ ബന്ധുക്കളായ കുക്കികളെ ചൊടിപ്പിച്ചു. മണിപ്പൂരിലെ മലനിരകളിലെ സംരക്ഷിത വനമേഖലകൾ ആദിവാസി സമൂഹങ്ങൾ കൈയേറുന്നുവെന്ന ബിജെപി മുഖ്യമന്ത്രിയുടെ കടുത്ത നിലപാട് വിവിധ കാരണങ്ങളാൽ ഉരുത്തിരിഞ്ഞതതാണ്. മയക്കുമരുന്നിനെതിരായ ഒരു വലിയ യുദ്ധത്തിന്റെ ഭാഗമായാണ് വനമേഖലകൾക്കെതിരെയുള്ള അടിച്ചമർത്തൽ സർക്കാർ കാണുന്നത്, എന്നാൽ എല്ലാ കുക്കി ജനതയ്ക്കെതിരെയും 'മയക്കുമരുന്ന് പ്രഭുക്കന്മാരെന്ന' പ്രയോഗം അനീതിയാണ്.

രണ്ടാമതായി, മണിപ്പൂരിലെ ഭൂമിയിൽ വർധിച്ചുവരുന്ന ആവശ്യമുയർത്തുന്ന ഗുരുതരമായ സമ്മർദമുണ്ട്. ആദിവാസി ഗ്രാമങ്ങളിൽ ജനസംഖ്യ വർധിക്കുന്നതിനനുസരിച്ച്, അവർ തങ്ങളുടെ ചരിത്രപരവും പൂർവികവുമായ അവകാശമായി കണക്കാക്കുന്ന ചുറ്റുമുള്ള വനമേഖലകളിലേക്ക് വ്യാപിക്കുന്നു. ഈ വ്യാപനം സർക്കാർ എതിർക്കുന്നു. അതേസമയം, താഴ്വരകളിൽ താമസിക്കുന്ന മെയ്തികൾ അവർക്ക് മലയോര പ്രദേശങ്ങളിൽ താമസിക്കാനോ ഭൂമി വാങ്ങാനോ കഴിയാത്തതിനാൽ രോഷാകുലരാണ്, അതേസമയം ആദിവാസികൾക്ക് താഴ്വരകളിൽ ഭൂമി വാങ്ങാം. 1966-ൽ സംരക്ഷിത വനമായി പ്രഖ്യാപിക്കപ്പെട്ട ചുരാചന്ദ്പൂർ ജില്ലയിലെ ചുരാചന്ദ്പൂർ-ഖൗപും സംരക്ഷിത വനത്തിൽ നടത്തിയ പെട്ടെന്നുള്ള റവന്യൂ, വനം സർവേയെ പട്ടിക വർഗക്കാർക്കുള്ള സംവരണ മണ്ഡലമായ സായ്ക്കോട്ടിനെ പ്രതിനിധീകരിക്കുന്ന കുക്കി ഗോത്ര വംശക്കാരനും ബിജെപി എം.എൽ.എയുമായ പൗലിയൻലാൽ ഹയോകിപ് ശക്തമായി ചോദ്യം ചെയ്തിരുന്നു. ഏപ്രിൽ 12-ന് വൈദ്യുതി, വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രി ബിശ്വജിത് സിങ്ങിനെ അഭിസംബോധന ചെയ്ത കത്തിൽ ഹയോകിപ്പ വനം സർവേയെ വിശേഷിപ്പിച്ചത് പൊതുജനങ്ങളിൽ വലിയ വേദനയും അനീതിയുമെന്നാണ്. നിർദ്ദിഷ്ട സംരക്ഷിത വനമേഖലകളിൽ നിന്ന് ചില വില്ലേജുകളെ ഒഴിവാക്കി മുൻ അസിസ്റ്റന്റ് സെറ്റിൽമെന്റ് ഓഫീസറുടെ (ASO) ഉത്തരവ് സംസ്ഥാന സർക്കാർ അസാധുവാക്കിയത് തെറ്റായിപ്പോയെന്ന് നിയമസഭയിൽ ചൂണ്ടിക്കാട്ടിയിരുന്നതായി ഹയോകിപ് പറയുന്നുണ്ട്. 1927-ലെ ഇന്ത്യൻ ഫോറസ്റ്റ് ആക്ട് പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയായ എഎസ്ഒയുടെ ഉത്തരവുകൾ സംസ്ഥാന സർക്കാരിന് എങ്ങനെ അസാധുവാക്കാൻ കഴിയുമെന്ന് അദ്ദേഹം ചോദിക്കുന്നു.

ഇതിന് കാരണമായി ചൂണ്ടിക്കാണിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിക്കുന്നതിലെ കാലതാമസം ബന്ധപ്പെട്ട അധികാരികളുടെ തെറ്റാണെന്നും ഭൂവുടമകളായ അപേക്ഷകരുടേതല്ലെന്നും ഹയോകിപ് പറയുന്നു. ഹയോകിപ്പിന്റെയും മറ്റ് ഗോത്രവർഗക്കാരുടെയും പ്രതിഷേധങ്ങൾക്കിടയിലും ബിരേൻ സിംഗ് അചഞ്ചലനായി, സംരക്ഷിത വനങ്ങൾ വിപുലീകരിക്കുന്നതിനെതിരായ ഗോത്രവർഗക്കാരുടെ പ്രതിഷേധത്തിനെതിരെ ശക്തമായി മുന്നോട്ടു പോയി. മലയോര ജില്ലകളിലെ വനഘടനയിലെ മാറ്റങ്ങളെക്കുറിച്ച് പഠിക്കാൻ തന്റെ സർക്കാർ സാറ്റലൈറ്റ് മാപ്പിംഗ് ഉപയോഗിക്കുന്നതായി സിംഗ് പറഞ്ഞിരുന്നു. കൈയേറ്റങ്ങളെ വളരെ ഗൗരവമായി കാണുമെന്നും അതനുസരിച്ച് അവരെ കൈകാര്യം ചെയ്യുമെന്നും ഇതിനെതിരെ പ്രതിഷേധിക്കുന്ന ഏതൊരു നടപടിയും വനഭൂമി സംരക്ഷിക്കുന്നതിനുള്ള ഭരണഘടനാ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും മുഖ്യമന്ത്രി മുന്നറിയിപ്പ് നല്കി.

ഇതിന്റെ ഭാഗമായിതന്നെ 2023 ഏപ്രിൽ 11- ന്, ലാംഗോൾ റിസർവ് ഫോറസ്റ്റിനുള്ളിൽ 26 വീടുകളിൽ രണ്ടെണ്ണമെങ്കിലും തകർത്തു. 2023 ഫെബ്രുവരി 21-ന് ചുരാചന്ദ്പൂരിലെ കെ. സോങ്ജാങ് ഗ്രാമത്തിലെ താമസക്കാരെ 2020-ൽ ഗൂഗിൾ ചിത്രങ്ങളിൽ ഈ പ്രദേശത്ത് ജനവാസമൊന്നും ഉണ്ടായി

www.malankaralibrary.com

രുന്നില്ലെന്ന് കാണിച്ച് കുടിയൊഴിപ്പിക്കപ്പെട്ടു. ചുരചന്ദ്പൂരിലെ 38 ഗ്രാമങ്ങളുടെ അംഗീകാരം റദ്ദാക്കി. 2022 നവംബറിൽ വനംവകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്നാണ് കുടിയൊഴിപ്പിക്കൽ നടന്നത്. ചുരാചന്ദ്പൂർ-ഖൗപും സംരക്ഷിത വനത്തിനുള്ളിൽ ഉൾപ്പെട്ടതായി അവകാശപ്പെടുന്ന നോനി ജില്ലകൾ. അർഹതയില്ലാത്ത ഉദ്യോഗസ്ഥനാണ് വില്ലേജുകൾക്ക് താമസാനുമതി നല്കിയതെന്നും വിജ്ഞാപനത്തിൽ പറയുന്നു. സംസ്ഥാന മുഖ്യമന്ത്രിയുടെ നിലപാടിനെ കേന്ദ്രം പിന്തുണച്ചു. 1927- ലെ വനനിയമം സ്വാതന്ത്ര്യാനന്തരം സംസ്ഥാന വിഷയമായി മാറിയെന്നും എന്നാൽ 1976- ലെ ഭേദഗതിക്ക് ശേഷം വനഭൂമി സംസ്ഥാനത്തിന്റെ അധികാര പരിധിയിലാണെന്നും അടുത്തിടെ മണിപ്പൂർ സന്ദർശിച്ചപ്പോൾ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രി ഭൂപേന്ദർ യാദവ് പറഞ്ഞു. വനത്തിന്റെ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിനാണെന്നും നിക്ഷിപ്തവും സംരക്ഷിതവുമായ വനഭൂമി സംരക്ഷിക്കാനുള്ള പൂർണ ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണെന്നും അദ്ദേഹം പറഞ്ഞു.

എന്നാൽ കുക്കികളുടെ അഭിപ്രായത്തിൽ, ആയിരത്തിലധികം ആളുകൾ വീതമുള്ള 38 ഗ്രാമങ്ങൾ കഴിഞ്ഞ 50-60 വർഷങ്ങളായി നിലനിൽക്കുന്നവയാണ്. മണിപ്പൂരിലെ കുക്കികളുടെ പരമോന്നത സംഘടനയായ കുക്കി ഇൻഫി മണിപ്പൂർ അല്ലെങ്കിൽ കെഐഎം, ഈ വിഷയത്തെക്കുറിച്ചുള്ള ബിരേൻ സിങ്ങിന്റെ പ്രസ്താവന തെറ്റാണെന്നും മണിപ്പൂരിലെ 'സ്വേച്ഛാധിപത്യ ഭരണ'ത്തിനെതിരായ ആദിവാസി സമൂഹങ്ങളുടെ വിയോജിപ്പിൽ നിന്ന് ശ്രദ്ധ തിരിക്കാൻ ഉദ്ദേശിച്ചുള്ളതാണെന്നും ആരോപിച്ചു. ബിജെപി ഭരിക്കുന്ന സംസ്ഥാന ഗവൺമെന്റിന്റെ 'സെലക്ടീവ് ടാർഗെറ്റിംഗ്' ആയി കാണുന്നതിനെതിരെ കുക്കി സമൂഹത്തിന്റെ രോഷം ഹൈക്കോടതി ഉത്തരവിനെതിരെ നടന്ന പ്രതിഷേധ മാർച്ചിലും പ്രതിഫലിച്ചിട്ടുണ്ടാകാം, ഇത് അക്രമത്തിലേക്കും നയിച്ചു.

മാർച്ച് 10-നുതന്നെ, ചുരാചന്ദ്പൂർ, ഉഖ്രുൽ, കാങ്പോക്പി, തെങ്നൗപൽ, ജിരിബാം, തമെങ്ലോംഗ് എന്നിവയുൾപ്പെടെ മലയോര ജില്ലകളിൽ ബഹുജന റാലികൾ നടന്നിരുന്നു. ബിജെപി ഭരിക്കുന്ന സർക്കാർ കുക്കികളെ സെലക്ടീവ് ടാർഗെറ്റിംഗ് ആയി കണക്കാക്കുന്നതിൽ കുക്കി ഗോത്രത്തിലെ ആയിരക്കണക്കിന് അംഗങ്ങൾ അന്ന് പ്രതിഷേധിച്ചിരുന്നു. കുക്കികൾ ഉൾപ്പെടുന്ന ആദിവാസി വിഭാഗങ്ങളുടെ കൂട്ടായ്മയായ ഇൻഡിജിനസ് ട്രൈബൽ ലീഡേഴ്സ് ഫോറം (ഐടിഎൽഎഫ്) ആയിരുന്നു റാലികൾക്ക് ആഹ്വാനം ചെയ്തിരുന്നത്. മാർച്ച് 11-ന് നടന്ന ത്രികക്ഷി ചർച്ചയിൽ നിന്ന് റാലികളിൽ പ്രതിഷേധക്കാരെ പ്രേരിപ്പിച്ചുവെന്ന് ആരോപിച്ച് സംസ്ഥാന സർക്കാർ പിന്മാറി. കുക്കി നാഷണൽ ആർമി, സോമി റവല്യൂഷണറി ആർമി എന്നീ രണ്ട് സായുധ രാഷ്ട്രീയ ഗ്രൂപ്പുകളുമായുള്ള സസ്പെൻഷൻ ഓഫ് ഓപ്പറേഷൻ (SoO) കരാർ പിൻവലിച്ചു, 2008-ൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മലനിരകളിലെ ആദിവാസി സായുധ സംഘടനകളായ യുണൈറ്റഡ് പീപ്പിൾസ് ഫ്രണ്ടും കുക്കി നാഷണൽ ഓർഗനൈസേഷനുമായും ഒപ്പുവച്ച വെടി നിർത്തൽ കരാറാണ്. കുക്കി നാഷണൽ ആർമിയും സോമി റെവല്യൂഷണറി ആർമിയും. കുക്കി നാഷണൽ ഓർഗനൈസേഷന്റെ ഭാഗമാണ്. (ഇവയെല്ലാം സായുധ സംഘടനകളാണ്.) പട്ടികയിലുൾപ്പെട്ട മലയോരമേഖലകളോടുള്ള (Scheduled Hill Areas) സർക്കാരിന്റെ അഞ്ജേയറ്റത്തെ അവഗണന'യിലും മണിപ്പൂരിന് ബാധകമായ ഭരണഘടനയുടെ ആർട്ടിക്കിൾ 370, 371 സി എന്നിവയിലുമുള്ള പൊതുജനങ്ങളുടെ അതൃപ്തിയുടെ ഫലമാണ് റാലികൾ എന്ന് കുക്കി ഇൻഫി മണിപ്പൂർ തറപ്പിച്ചുപറഞ്ഞിരുന്നു.

**മയക്കുമരുന്നിനെതിരായ ഒരു വലിയ യുദ്ധത്തിന്റെ ഭാഗമായാണ് വനമേഖലകൾക്കെതിരെയുള്ള അടിച്ചമർത്തൽ സർക്കാർ കാണുന്നത്, എന്നാൽ എല്ലാ കുക്കി ജനതയ്ക്കെതിരെയും 'മയക്കുമരുന്ന് പ്രഭുക്കന്മാരെന്ന' പ്രയോഗം അനീതിയാണ്.**

മണിപ്പൂരിൽ ദീർഘകാലമായി തുടർന്നുവന്നിരുന്ന വംശീയ സംഘർഷങ്ങൾ ഭീകരമായ ഒരു തലത്തിലേക്ക് വളർത്തുന്നതും നിയന്ത്രിക്കാൻ കഴിയാത്തവിധം കലാപ രൂക്ഷിതമാവുന്നതിനും കേന്ദ്ര സംസ്ഥാന

www.malankaralibrary.com

സർക്കാരുകളുടെ നിലപാടുകളും നടപടികളും കാരണമായിട്ടുണ്ട് പ്രത്യക്ഷത്തിൽ വംശീയ കലാപമെന്ന് വിവരിക്കപ്പെട്ടെങ്കിലും, അക്രമങ്ങളുടെയും അക്രമിക്കപ്പെട്ട ഇടങ്ങളും അതിലെ വിന്യാസവും വേഗതയും സായുധസേനകളുടെ നിസ്സഹായതയും ഭരണാധികാരികളുടെ ഭയപ്പെടുത്തുന്ന നിശബ്ദതയും ഒരു മതവിഭാഗത്തെ തന്നെ ഉല്മൂലനം ചെയ്യാനുള്ള നിഗൂഢ പദ്ധതിയെപ്പറ്റിയും സംഘടിത ആസൂത്രണത്തെപ്പറ്റിയുമുള്ള ആശങ്കകൾ ഉയർത്തുകയാണ്.

## മണിപ്പൂരിൽ എന്ന് സമാധാനം പുലരും?

മണിപ്പൂരിലെ ഹൈക്കോടതി മാർച്ച് 27-ൽ പുറപ്പെടുവിച്ച വിധി തിരുത്തുന്നതിനുള്ള ഹർജി നടപടികൾക്കായി സ്വീകരിച്ചിരിക്കുകയാണ്. മണിപ്പൂരിലെ പ്രബല സാമൂഹിക വിഭാഗമായ മെയ്തി സമൂഹത്തെ പട്ടിക വർഗ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ഉത്തരവ് പുറപ്പെടുവിച്ച ജസ്റ്റീസ് എം.വി മുരളീധരനാണ് ഇപ്പോഴത്തെ ആക്ടിംഗ് ചീഫ് ജസ്റ്റീസ് . മെയ്തി ട്രൈബ്സ് യൂണിയനാണ് (MTU) പുനഃപരിശോധനാ ഹർജിയുമായി കോടതിയെ സമീപിച്ചത്. ഈ വിധിയിൽ സുപ്രിം കോടതിയുടെ കടുത്ത പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ കൂടിയാവണം ഈ തീരുമാനം. ഒരു സമുദായത്തെയൊ സമൂഹത്തേയോ പട്ടികജാതി, പട്ടികവർഗത്തിൽ ഉൾപ്പെടുത്താനുള്ള പാർലമെന്റിന്റെയും രാഷ്ട്രപതിയുടെയും അവകാശത്തിന്മേലുള്ള ഇടപെടലാണെന്നുമായിരുന്നു സുപ്രീം കോടതി നിരീക്ഷിച്ചിരുന്നത്. മെയ്തികൾക്ക് എസ്ടി പദവി നൽകാൻ സർക്കാർ ശുപാർശ ആവശ്യപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകോപനപരമായിട്ടാണ് കാണുന്നത്. മെയ്തികൾക്കിടയിൽ പോലും ഇതിനെതിരെ എതിർപ്പു ഉയർന്നിരുന്നു. 2,000 വർഷത്തിലേറെയായി മെയ്തികൾ ഇംഫാൽ താഴ്വരയിൽ സ്ഥിരതാമസമാക്കിയ കാർഷിക സമൂഹമാണെന്ന് അവരുടെ ചരിത്രം ഉറപ്പിക്കുന്നു. മണിപ്പൂർ അക്രമങ്ങൾ ആരംഭിക്കുന്നത് മെയ് മൂന്നിന് പത്ത് മലമേഖലാ ജില്ലകളിൽ നടന്ന ഗോത്ര വർഗ ഐക്യദാർഢ്യ മാർച്ചിനു ശേഷമാണ്.

## നിശബ്ദരാകുന്ന ഭരണാധികാരികൾ, നിസ്സഹായമാകുന്ന സംവിധാനങ്ങൾ

സംസ്ഥാനത്ത് ഭരണഘടനാ സംവിധാനങ്ങളുടെ സമ്പൂർണ തകർച്ചയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ആഭ്യന്തര സംഘർഷങ്ങൾക്കുള്ള അടിയന്തര വ്യവസ്ഥകൾ പ്രകാരം പ്രശ്നബാധിത സംസ്ഥാനത്തെ ക്രമസമാധാനം ഏറ്റെടുത്തതായി പറയപ്പെടുന്ന കേന്ദ്ര സർക്കാരും പൂർണമായും കഴിവില്ലാത്ത സംസ്ഥാന സർക്കാരും അക്രമം നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടു. സംസ്ഥാനം ഒരു കലാപഭൂമിയായി മാറിയിട്ടും, മണിപ്പൂരിലെ കൂട്ടക്കൊലയോടും കലാപത്തോടും പ്രതികരിക്കുന്നതിൽ രാജ്യത്തിന്റെ പ്രധാനമന്ത്രി പരാജയപ്പെട്ടു എന്നത് വിചിത്രമാണ്. അക്രമങ്ങൾ അവസാനിപ്പിക്കാനുള്ള സർക്കാരിന്റെ തീരുമാനമില്ലായ്മ ആശങ്കാജനകമാണ്. നിലവിലെ പിരിമുറുക്കങ്ങൾ ലഘൂകരിക്കുന്നതിനും ഈ അതിവൈകാരിക മേഖലയിൽ ശാശ്വത സമാധാനം കൊണ്ടുവരുന്ന സുസ്ഥാപിത നീതി തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു രാഷ്ട്രീയ പ്രക്രിയ ആരംഭിക്കുന്നതിനും ജനാധിപത്യ റിപ്പബ്ലിക്കിന്റെ പരമോന്നത തലവൻ എന്ന നിലയിൽ രാഷ്ട്രപതി ഭരണഘടനാപരവും ധാർമികവുമായ അധികാരത്തോടെ ഇടപെടണം. സുപ്രീം കോടതി നിർദ്ദേശിച്ചതുപോലെ, അക്രമത്തിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ട ആളുകളുടെ സംരക്ഷണം, രക്ഷാപ്രവർത്തനം, പുനരധിവാസം എന്നിവയ്ക്ക് ഏറ്റവും മുൻഗണന നല്കണം. നഷ്ടപരിഹാരം, പുനരധിവാസം, അനുരഞ്ജനം, സമാധാനം, സാധാരണ നില, ഐക്യം എന്നിവ പുനഃസ്ഥാപിക്കുന്നതിനുള്ള ശക്തമായ നടപടികൾക്കൊപ്പം സംസ്ഥാനത്തിന്റെ എല്ലാഭാഗങ്ങളിലും അക്രമം നിയന്ത്രിക്കാൻ ദൃഢവും സുസ്ഥിരവുമായ ശ്രമങ്ങളും അനിവാര്യമാണ്. മതസ്വാതന്ത്ര്യം, സ്വന്തം മതവും വിശ്വാസവും ആചരിക്കാനുള്ള മൗലികാവകാശം, മലയോര ജനതയുടെ പാരമ്പര്യാവകാശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഭരണഘടനാ വ്യവസ്ഥകൾ അക്ഷരാർഥത്തിൽ സംരക്ഷിക്കപ്പെടണം,

മണിപ്പൂർ സാധാരണ നിലയിലേക്ക് മടങ്ങുന്നതിന്റെ സൂചനകളുണ്ട്. ദേശീയ അന്തർദേശിയ തലങ്ങളിൽ ഉയർന്നുവന്ന പ്രതിഷേധങ്ങൾ സർക്കാരുകളെ പ്രശ്നപരിഹാരത്തിനായി പ്രേരിപ്പിക്കുന്നുണ്ടാവാം. അഭയാർഥികളായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവരെ തിരികെയെത്തിക്കുന്നതിനും സമാധാനപരമായും ആത്മവിശ്വാസത്തോടെയും ജീവിക്കാൻ സഹായിക്കുന്ന പുനരധിവാസവും ഏതുവിധത്തിൽ നടപ്പാക്കും എന്നതിനെപ്പറ്റി ആശങ്കകളുണ്ട്. എല്ലാവർക്കും സ്വീകാര്യമായ ഒരു ദീർഘകാല കരാർ കൊണ്ടുവരുന്നതിൽ ബിജെപി ഭരിക്കുന്ന കേന്ദ്രവും സംസ്ഥാനവും എത്രത്തോളം വിജയിക്കുമെന്നും കാത്തിരുന്ന് കാണേണ്ടതാണ്. ■

www.malankaralibrary.com

# ഞാറ്റുവേലായുധം



വിനു ജോസഫിന്റെ 'ഞാറ്റു വേലായുധം'
എന്ന കവിതയുടെ ആസ്വാദനം.
*സമകാലിക മലയാളം, 2023 ജൂൺ 12*

**റവ. ഡോ. സുനിൽ ജോസ് CMI**
***സെന്റ് ജോസഫ്സ് കോളജ്, ദേവഗിരി, കോഴിക്കോട്***

ലാപ്ടോപ്പിലെ ആകാശം, മുറ്റമടിക്കുന്ന വെള്ളമയിൽ തുടങ്ങിയ കവിതാസമാഹാരങ്ങളിലൂടെ കവിതയിൽ സജീവമായ വിനു ജോസഫിന്റെ കവിതയാണ് 'ഞാറ്റുവേലായുധം.' പേരിലെ പുതുമയിലൂടെയാണ് വായനക്കാർ കവിതയിലേക്ക് പ്രവേശിക്കുന്നത്. 'ഞാറ്റുവേല', 'വേലായുധൻ' എന്നീ രണ്ട് വാക്കുകൾ കൂട്ടിച്ചേർത്ത് കവി സവിശേഷമായ അർഥമുള്ള മറ്റൊരു വാക്കുണ്ടാക്കുകയാണ്.

ജീവിതത്തിന്റെ ശക്തമായ നിരീക്ഷണങ്ങളാലും പകർപ്പുകളാലും നാടൻ ജീവിതത്തിന്റെ രസം പകരുന്ന ഓർമകളാലും സമ്പന്നമാണ് വിനുവിന്റെ കവിതകൾ. ഗ്രാമങ്ങൾ നിറഞ്ഞു നിൽക്കുന്ന ശാന്തമായ ഹാസ്യത്തിന്റെ തെളിമയുള്ള കവിതകളാണ് വിനുവിന്റെ കവിതകൾ. ഈ കവിതകളിൽ നിന്ന് നമുക്ക് സമൂഹത്തെ കണ്ടുമുട്ടാനുള്ള സന്ദർഭങ്ങൾ ധാരാളമായി ലഭിക്കുന്നുണ്ട്.

'ഞാറ്റുവേലായുധം' വർത്തമാന കേരളത്തിന്റെ നേർവായനയാണ്. 'അതിഥി തൊഴിലാളി'കളെന്ന് നാം പേരിട്ടുവിളിക്കുന്നവർ നിറഞ്ഞുകവിഞ്ഞ പലതരം ഭാഷകൾകൂടി കലരുന്ന വർത്തമാന കേരളത്തിന്റെ നാട്ടിൻപുറങ്ങളിൽനിന്നാണ് കവിതയുടെ തുടക്കം. 'ചുമരു പണിയാൻ വന്ന ബംഗാളിയോട് മുറി ഹിന്ദിയിൽ വിശേഷം തിരക്കി: തെളി മലയാളത്തിൽ മറുപടി കിട്ടി'. എന്ന കവിതയുടെ ആദ്യവരി തന്നെ – 'മുറി ഹിന്ദി- തെളിമലയാളം' എന്ന ഭാഷാഭേദങ്ങൾക്കപ്പുറം വർത്തമാനത്തിന്റെ നേരിനെ പരിഹസിച്ചിരുത്തുന്നു. അത് ഒരേസമയം നിവൃത്തിയും നിവൃത്തികേടുമാകുന്നു. ഇനിയങ്ങോട്ട് ബംഗാളിയായ തൊഴിലാളി- സ്വായത്തമാക്കിയ തെളിമലയാളത്തിന്റെ നേരുകളിലൂടെയുള്ള യാത്രയാണ്. മലയാളിയാകട്ടെ മുറിഹിന്ദിയിൽ മുറിഞ്ഞും നീറിയും നീങ്ങുന്നു. സിമന്റ് കൊത്താൻവന്ന കോഴിയെക്കണ്ട് ബംഗാളി സച്ചിദാനന്ദന്റെ 'കോഴിപ്പങ്ക്' ചൊല്ലി, കടമ്മനിട്ടയുടെ 'കോഴി'യും കൊക്കി ചിനക്കി അവന്റെ നാവിൽ. എന്തോ വാഴത്തോട്ടത്തിൽ മൂത്രിക്കാൻ പോയപ്പോൾ അവൻ ചങ്ങമ്പുഴയുടെ 'വാഴക്കുല'യുടെ ഈരടി പാടി. കിണറ്റിൽ തൊട്ടി മുക്കുമ്പോൾ തേട്ടിവന്നത് ആശാന്റെ 'ചണ്ഡാലഭിക്ഷുകി' യാണ്. കിളിക്കൂവൽ കേട്ടപ്പോൾ അവൻ ഓർമിച്ചത് 'ലളിതം' എന്ന പി.പി രാമചന്ദ്രൻ കവിതയിലെ 'ഇവിടെയുണ്ട് ഞാനെന്നറിയിക്കാൻ ലളിതമായൊരു കൂവൽമാത്രം മതി' എന്ന വരികളായിരുന്നു.

വെറ്റില തെറുക്കുമ്പോൾ 'ഊഞ്ഞാലി' ലെ വരികളായി വൈലോപ്പിള്ളിയെത്തി. ബീഡി കൊളുത്തിയപ്പോൾ ബാലചന്ദ്രൻ ചുള്ളിക്കാട്, മുറ്റത്തേയ്ക്ക് പാളി വീണ കളിപന്തിൽ- മോഹനകൃഷ്ണൻ കാലടിയുടെ 'പന്ത്' എന്ന കവിതയും ഓർത്തു.

ഇത്രയുമായപ്പോൾ അടക്കി നിർത്തിയ ചോദ്യം ബംഗാളിയോട് ചോദിച്ചുപോയി. "നിന്റെ വേരുകൾ എങ്ങ് ബംഗാളി- പത്മനയിലോ, കാരശ്ശേരി വഴി കൽപ്പറ്റയിലോ, സാക്ഷാൽ രാജരാജവർമ കളരിയിലോ?" ഉത്തരമൊന്നും കിട്ടിയില്ല.

*'പണിതീർത്തു കാലുരച്ച്*
*തേച്ചു കഴുകുമ്പോളവൻ*
*ഒരു കവിൾ ചണ്ടി ചവച്ചുതുപ്പി-*
*ഒരു പടല*
*അസ്സൽ ഞാറ്റുവേല'* എന്ന് കവിത അവസാനിക്കുന്നു. ഞാറ്റുവേല ഞായറിന്റെ നിലയാണ്. സൂര്യന്റെ നിലയൊത്ത് കേരളീയർ കാർഷികചക്രം രൂപപ്പെടുത്തിയിട്ടുണ്ട്. മാറുന്ന കാലാവസ്ഥയും കൃഷിരീതിയും മലയാളിക്ക് അന്യമാകുന്നതോടൊപ്പം അതിസമർഥമായി അതിനെ അതിജീവനത്തിന്റെ ഭാഗമാക്കുന്ന തൊഴിലാളിയുടെ മലയാള സംസ്കാരത്തെയും കവിത ഉള്ളടക്കിയിരിക്കുന്നു. ■

www.malankaralibrary.com

# കഥാപാത്രം മനുഷ്യൻ എന്ന സാധനം



**ഫാ. സുനിൽ OFM Cap.**
*ഡയറക്ടർ, അസ്സീസി ആർട്സ് & കമ്മ്യൂണിക്കേഷൻ, കൊല്ലം*

**വി.എസ്. അജിത്തിന്റെ 'ഭാര്യാ രക്ഷതി യൗവനേ' എന്ന കഥയുടെ വിശകലനം.**
*മാധ്യമം ആഴ്ചപ്പതിപ്പ് 2023 ജൂൺ 12*

വസ്തുസ്ഥിതികളുടെ പുറംമോടികൾക്കപ്പുറം അവയുടെ സൂക്ഷ്മവശങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോഴാണ് ഒരെഴുത്തുകാരന് സൗന്ദര്യാനുഭൂതികൾ സൃഷ്ടിക്കാൻ കഴിയുന്നത്. സ്നേഹം കാവലാകലാണെന്നും അത് ബാഹ്യം എന്നതിനേക്കാൾ ആന്തരികമാണെന്നും അല്ലാത്തതെല്ലാം വസ്തുവാണെന്നുമുള്ള തത്വചിന്തയെ പ്രചരിപ്പിക്കാൻ ആരും ഫിക്ഷന്റെ കലയെ വിനിയോഗിക്കാറില്ല. മനുഷ്യൻ എന്ന വസ്തുവിനെക്കുറിച്ചെഴുതുമ്പോഴും അതിസൂക്ഷ്മ നിരീക്ഷണങ്ങളാൽ അപൂർവമായ ചാരുത പകർന്നുവയ്ക്കാൻ സമൂഹതലത്തിന്റെ സ്ഥൂലതലത്തെ വികാരങ്ങളായും വിചാരങ്ങളായും നിലപാടുകളായും പ്രത്യക്ഷീഭവിക്കുന്ന ഒരു കഥ വി.എസ് അജിത്തിന്റേതായി വന്നിട്ടുണ്ട്. മനുഷ്യൻ എന്ന സത്തയുടെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലാനും ഭിന്നമായ ആന്തരിക സ്വരൂപവും സ്വഭാവവും പുലർത്തുന്ന 'സാധനം' തന്നെയായ ചില മനുഷ്യരെ ചൂണ്ടിക്കാട്ടാനും അജിത്ത് പ്രവർത്തിപ്പിക്കുന്നത് ഫിക്ഷന്റെ കലയെയാണ്. മനുഷ്യൻ എന്ന വസ്തുവിനുമേലെയാണ് ഇപ്പോൾ ലോകം നിലനിൽക്കുന്നത്. ഒരു കൊമ്മോഡിറ്റി (commodity) യായി മാറിയ മനുഷ്യന്റെ ആന്തരഭാവങ്ങളെയാണ് അജിത്ത് വരച്ചിടുന്നത്. മനുഷ്യൻ സ്നേഹത്തിന്റെ ആശയങ്ങളില്ലാത്ത ലോകത്തേക്കാണ് സൗന്ദര്യവുമായി വരുന്നത്. അതുകൊണ്ട് സ്നേഹത്തെ ഉപേക്ഷിച്ചശേഷം ആശയം സ്വതന്ത്രമാവുന്നതിനെയാണ് അജിത്ത് 'ഭാര്യാ രക്ഷതി യൗവനേ' എന്ന കഥയിലൂടെ ആക്ഷേപിക്കുന്നത്. സ്നേഹത്തിന്റെ ഇന്നലെകളെ കാരുണ്യം കൂടാതെ മായ്ച്ചുകളയുന്ന പുതിയ മനുഷ്യൻ ഒരു വസ്തുവാണെന്ന് (സാധനം) പരിഹാസത്തോടെ അജിത്ത് വിളിച്ചുപറയുമ്പോൾ സ്നേഹത്തിന്റെ ആർക്കൈവ് അല്ലാതായി മാറിയ മനുഷ്യരെ കഥയിലെ 'സാധനം' ചൂണ്ടിക്കാണിക്കുന്നു. സ്നേഹം എന്ന കല്പന വിപണിയും ജീവിതപങ്കാളി അതിന്റെ ഉപഭോക്താവുമായി മാറിയ കാലത്തിൽ സ്നേഹത്തിന്റെ അരുചികളെ ഒരാൾ എങ്ങനെയാണ് ഡിസൈൻ ചെയ്യുന്നതെന്നും അജിത്ത് വിരൽ തൊട്ടു കാണിക്കുകയാണ്.

ഫ്രഞ്ച് തത്വചിന്തകനായ സാർത്രിന്റെ പ്രധാനപ്പെട്ട ഒരു വാദമിങ്ങനെയാണ്- 'കലയെ മരിച്ചവരോടും ഇനിയും ജനിച്ചിട്ടില്ലാത്തവരോടും ചേർത്തുനിർത്താനാവില്ല.' കാരണം, കല സജീവമായ ഇന്ദ്രിയങ്ങളുടേതാണ്. ഇവിടെ മരിക്കുന്ന വസ്തുവായ മനുഷ്യനിൽ നിന്ന് സ്നേഹത്തിന്റെ കലയുടെ ഖണ്ഡതയുടെ മൂർച്ചയാണ് കഥാകാരൻ പുറത്തെടുത്തു കാണിക്കുന്നത്. എല്ലാ വിലപിടിപ്പുള്ള മനുഷ്യരെയും സൈബർ ഇടം ഒരുപോലെയാണ് കാണുന്നത്. ആരുടെ പേജിനും മുന്തിയ വില അതു കൊടുക്കുന്നില്ല. അത്തരം ഒരു ദൃശ്യ ഇലാസ്തികത കാലത്തിലെ ഭാര്യ-ഭർതൃ ബന്ധത്തെയും അതിനുള്ളിലെ സംശയത്തിന്റെ തരികളെയും തെറ്റിധാരണകളെയും വിഹിത/അവിഹിത സൗഹൃദങ്ങളെയും ഒരു കിടക്കയുടെ പശ്ചാത്തല ഭംഗിയിൽ വിവരിക്കുമ്പോൾ മനുഷ്യ ഉടമസ്ഥതയുടെ താക്കോൽ ആരുടെ പക്ഷത്ത് എന്ന് ചോദിച്ചുകൊണ്ട് വായനക്കാരൻ കഥയിൽ താമസിക്കുകയോ പിൻവാങ്ങുകയോ ചെയ്യുന്നു. മലയാളകഥ അതിന്റെ സ്രഷ്ടാവിന്റെ സമീപത്തുതന്നെ ചുറ്റിക്കറങ്ങിക്കിടക്കുന്ന ഒരു കാലത്തിലാണ് അജിത്തിന്റെ കഥ പുറത്തേയ്ക്കുവന്ന് സംവദിക്കുന്നത്. അതുകൊണ്ടുതന്നെ ഈ കഥയുടെ ഇസ്തെറ്റിക് ചുറ്റു

www.malankaralibrary.com



പാടിനെക്കുറിച്ചും അത് കാലത്തോട് എന്തുപറയാൻ ആഗ്രഹിക്കുന്നുവെന്നതിനെകുറിച്ചുമാണ് ചർച്ച ചെയ്യേണ്ടത്.

## ഫിക്ഷന്റെ വിനിയോഗ ദർശനം

മനുഷ്യൻ എന്ന വസ്തുവിനെ ഇനി വിനിയോഗത്തിന്റെ സൗന്ദര്യശാസ്ത്രമെന്നു വിളിക്കാം. കാരണം, വെറും കാഴ്ചയുടെ പുതുമയാണിതിപ്പോൾ. അവനിലെ ഗ്രാഫിക് ആർട്ടിസ്റ്റ് സ്നേഹത്തെ മിനുക്കിയെടുത്ത് മുഖം എന്ന മന്ദിരത്തിൽ പ്രതിഷ്ഠിക്കുകയാണ് ചെയ്യുന്നത്. സ്നേഹവും സൗന്ദര്യവും അനുഭവിക്കുന്നില്ല. അവർ പല കാരണങ്ങളാൽ അകറ്റിനട്ട വൃക്ഷത്തൈകളെ പോലെയാണ് വളരുന്നത്. 'ഭാര്യാ രക്ഷതി യൗവനേ' എന്ന കഥ തുടങ്ങുന്നത് നോക്കുക:

''കിടക്കുമ്പോൾ ആ സാധനത്തിന്റെ മേത്ത് മുട്ടുവോ?"

"ഛായ്!"

"കള്ളം പറയണ്ട."

"സത്യമായിട്ടും."

"ഉറങ്ങിവരുമ്പം അറിയാതെ കയ്യെങ്ങാനും?"

"ഇല്ലെന്നേ... കിങ്സൈസ് കട്ടിലാ
പോരാത്തതിന് നടുക്ക് തലേണ..."

*- ഭാര്യാ രക്ഷതി യൗവനേ*

ദാമ്പത്യം എന്നത് ഒരു സ്ഥാപനം എന്നതിലുരിഅതൊരു മൂല്യമാണ്. മനുഷ്യൻ എന്ന വസ്തു ഇന്നൊരു വൈകാരിക ജീവി എന്നതിനപ്പുറം ഒരു സാങ്കേതിക ജീവിയാണ്. അവിടെ സ്നേഹം എന്ന വൈകാരികഭാഷയ്ക്ക് അംഗത്വമില്ല. അപ്പോൾ സ്നേഹത്തിന്റെ പുതിയ അക്കൗണ്ടുകൾ തുറക്കും. ഇന്ന് കിടക്കകൾ കിതയ്ക്കുന്നത് വൈകാരിക അകലംകൊണ്ടാണ്. അവിടെ സ്നേഹത്തിന്റെ വ്യാജരേഖയുമായി ഒരുപാടുപേർ കതക് തള്ളിത്തുറന്ന് വരും. വൈകാരിക രമ്യതക്കുറവുകൾ ഒരാളെ എപ്പോഴും തടഞ്ഞുവയ്ക്കും. വൈകാരിക ഭാഷയ്ക്ക് യുക്തികൾ കുറവായിരിക്കും. അത് നൈമിഷികതയിൽ നിലനിന്ന് പെട്ടെന്ന് എവിടേയ്ക്കോ മറയുന്നു. നാം പെട്ടെന്ന് നമ്മളല്ലാതായി മാറുന്നത്. യുക്തികൾ വന്നുമൂടുമ്പോഴാണ്. ഒരു സ്ത്രീ സ്നേഹത്തിന്റെ പേരിൽ പൊസ്സസീവായി തീരുമ്പോൾ കുടുംബം എന്ന സ്ഥാപനത്തിൽ കെട്ടുകഥയായി അവശേഷിക്കും. കുടുംബം എന്നത് ഒരു വിവര രേഖയുമാണ്. പക്ഷേ, സ്നേഹം എന്ന വൈകാരിക ഭാവത്തിന് എപ്പോഴും രേഖകൾ അവശേഷിപ്പിക്കുക സാധ്യമല്ല. സ്നേഹത്തെ ജനിപ്പിച്ചെടുക്കാൻ വൈകാരികമായി രോഗിയായിത്തീരുന്ന സ്ത്രീ/പുരുഷ വിഹിത/അവിഹിത സൗഹൃദങ്ങളെ എത്ര ഭംഗിയായിട്ടാണ് കേവലം ചില ഡയലോഗുകൾ കൊണ്ടുമാത്രം അജിത്ത് എന്ന കഥാകാരൻ സാധിച്ചെടുക്കുന്നത്. എല്ലാ മനുഷ്യരിലും ഒരു അപരനുണ്ട്. വിഹിതമല്ലാത്തതു ചെയ്യുമ്പോൾ ഈ അപരനാണ് അമരക്കാരനായി നിൽക്കുന്നത്. ഈ കഥയിലെ പേരില്ലാത്ത കഥാപാത്രം അഥവാ 'സാധനം' ഈ അപരത്വത്തെ ആഘോഷിക്കുകയാണ് ചെയ്യുന്നത്. പുറത്തുള്ള വസ്തുക്കളായ മനുഷ്യരിൽ ജീവിതത്തെ കാണുകയും അതിൽ തങ്ങളെത്തന്നെ നിറയ്ക്കുകയും ചെയ്യുന്ന രീതിയാണത്. രക്തവും മാംസവുമുള്ള വ്യക്തി ചില നേരങ്ങളിലെല്ലാം നമ്മിൽ നിന്ന് പുറത്താകുമെന്നു തന്നെയാണ് അജിത്ത് പറഞ്ഞുവയ്ക്കുന്നത്. മനുഷ്യൻ എന്ന സത്തയെ സാധനത്തിന്റെ തലത്തിലേക്ക് ആരോപിക്കുകയും പുതിയൊരു അർഥചരിത്രത്തെ നെയ്തു ചേർക്കുകയുംവഴി കഥയെ പുതിയ വർണത്തിലും പുതിയ മനുഷ്യനെ പുതിയ ഭാവാർഥത്തിലുമാണ് അജിത്ത് കൊണ്ടുപ്രതിഷ്ഠിക്കുന്നത്. ഈ പുതിയ വ്യക്തിത്വാംശംതന്നെ വസ്തുവായ മനുഷ്യനെ കാണാനുള്ള ജാലകമാണ്. ഇത് വ്യക്തികൾ തമ്മിലുള്ള സംഘർഷത്തിന് വഴിതുറക്കും. സംശയരോഗങ്ങൾ സൃഷ്ടിക്കും. സ്നേഹം എറിഞ്ഞുടയ്ക്കപ്പെടും. അകല

www.malankaralibrary.com

ത്തിന്റെ വിസ്തീർണം വർധിപ്പിക്കും.

പുതിയ മനുഷ്യൻ സ്നേഹത്തിന്റെ പുതിയ സോഫ്റ്റുവെയറാണ്. അത് വിതരണം ചെയ്യപ്പെടുന്ന സ്നേഹം കൊണ്ടുനടക്കുന്ന ഒരു ഉപകരണമാണ്. പുതിയത് തിരയാൻ വെമ്പൽ കാട്ടുന്ന ഒരു പുതിയ മനുഷ്യൻ എപ്പോഴും രൂപമെടുത്തുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ സ്വരം, വികാരം ഒക്കെ സാങ്കേതിക വസ്തുവായി മാറിക്കൊണ്ടിരിക്കുകയാണ്. 'ഭാര്യാ രക്ഷതി യൗവനേ' എന്ന കഥ അക്ഷരാർഥത്തിൽ സംശയരോഗം, പൊസ്സസീവ്നെസ്, സ്നേഹരാഹിത്യം തുടങ്ങിയ സംഗതികളെയാണ് അനാവരണപ്പെടുത്തുന്നത്. 'അവരവർ' എന്നൊരു ഉള്ളടക്കമാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതിനു നടുവിലേക്കാണ് ചിലപ്പോഴെങ്കിലും ഇത്തരം ജീവിത വ്യവസ്ഥകൾ വന്നുമറിയുന്നത്. ജീവിതത്തിലേക്കുള്ള നേർപ്രവേശനത്തിൽ സ്നേഹം സ്പ്ലിറ്റായി മാറുന്നതിനെ കഥാകൃത്ത് വിപുലീകരിക്കുന്ന വിധത്തെ ദർശനത്തിന്റെ വിനിയോഗമായി നമുക്ക് വായിച്ചെടുക്കാം.

## അനുബന്ധം

അയാൾ
ഭാര്യയുടെ മൊബൈൽ നമ്പറിൽ
വിരലമർത്തി.

അവൾ
ഫോൺ കാതോടു ചേർത്തു പിടിച്ചു ചോദിച്ചു:
"എന്തേ..."
അയാൾ പറഞ്ഞു:
"വല്ലാത്ത ചൂട്... നീയൊന്ന് മാറിക്കിടന്നേ..."

–അടുപ്പം/അശ്രഫ് ആഡൂര്
(കുഞ്ഞാമന്റെ പുതപ്പ്)

അകലത്തിന്റെ പുതിയ മനഃശാസ്ത്രത്തിന്റെ രംഗാവതരണമാണിത്. സ്നേഹം ഫാന്റസിയും വ്യാജ യാഥാർഥ്യവുമായി മാറിയ ഒരു കാലത്തെയാണ് അജിത്ത് അഡ്രസ് ചെയ്യുന്നത്. സ്നേഹം ഉണ്ടെന്ന വിശ്വാസമാണിപ്പോഴുള്ളത്. അതിന്റെ അനുഭവങ്ങൾ ഇപ്പോൾ ഉണ്ടാകുന്നില്ല. സ്നേഹം ഒരേസമയം യാഥാർഥ്യവും വ്യാജവുമായി അവതരിക്കുന്നതിന്റെ ഭാഷാപരമായ സങ്കല്പത്തെയാണ് കഥയിൽ നാം വായിക്കുന്നത്. ഒരാളുടെ ആന്തരിക/വൈകാരിക/ബാഹ്യ ഭാവങ്ങളെ പോസ്റ്റ്മോർട്ടം ചെയ്താൽ ലഭിക്കുന്ന കാതലല്ല. സ്നഹത്തിന്റെ ഉടമ്പടി മനഃശാസ്ത്രം. അത് വസ്തുവായ മനുഷ്യന്റെ ഒരു ഭേദം മാത്രമാണ്. അതുകൊണ്ട് എല്ലാ വസ്തുക്കളിലും മനുഷ്യൻ ജീവിക്കുന്നുവെന്ന തത്വം ഉണ്ടാകുകയാണിപ്പോൾ. ഫിക്ഷനു പുറത്തു നടക്കുന്ന യാഥാർഥ്യമാണ് വി.എസ് അജിത്തിന്റെ 'ഭാര്യാ രക്ഷതി യൗവനേ'. ■


## സഹകരണത്തിന്റെ രണ്ടുപതിറ്റാണ്ട് !

**അഭിവന്ദ്യ പിതാക്കന്മാരേ, വൈദിക സന്ന്യസ്തരേ, അല്മായ സഹോദരങ്ങളേ,**

മലയാളത്തിലെ ഏക സമഗ്രദൈവശാസ്ത്ര മാസികയായ കാരുണികൻ പ്രസിദ്ധീകരണത്തിന്റെ രണ്ടു പതിറ്റാണ്ടുകളിലേക്ക് ചുവടുവയ്ക്കുകയാണ്. ഇക്കാലമത്രയും സഹയാത്രികരായി കൂടെയുണ്ടായിരുന്ന മാന്യവരിക്കാർക്കും അഭ്യുദയകാംക്ഷികൾക്കും കലവറയില്ലാത്ത നന്ദി രേഖപ്പെടുത്തുന്നു.

അച്ചടിരംഗത്ത് ഉണ്ടായിട്ടുള്ള വിലവർധനവും അനുബന്ധ സാമഗ്രികളിലെ വിലക്കയറ്റത്തിലും നാളിതുവരെ കാരുണികൻ വില വർധിപ്പിക്കാതെ മുന്നോട്ടുപോയി. ആദ്യമായി വില വർധിപ്പിക്കാൻ നിർബന്ധിതരായതിന്റെ പശ്ചാത്തലത്തിൽ **ജൂലൈ ലക്കം മുതൽ വാർഷികവരിസംഖ്യ 400 രൂപയും** (കാരുണികൻ + വചനബോധി) **350 രൂപ** (കാരുണികൻ മാത്രം)യുമായി നിജപ്പെടുത്തുകയാണ്. തുടർപ്രയാണത്തിലും സഹായസഹകരണങ്ങളുമായി കൂടെയുണ്ടാകണെ.




**കാരുണികൻ പരസ്യനിരക്കുകൾ**

| | |
|---|---|
| കവർ ബാക്ക് മൾട്ടികളർ | – ₹ 20,000/- |
| കവർ ഫ്രണ്ട് ഇൻസൈഡ് | – ₹ 18,000/- |
| കവർ ബാക്ക് ഇൻസൈഡ് | – ₹ 16,000/- |
| ഓർഡിനറി ഫുൾ പേജ് കളർ | – ₹ 14,000/- |
| ബ്ലാക്ക് ആന്റ് വൈറ്റ് ഫുൾപേജ് | – ₹ 6,000/- |

www.malankaralibrary.com

# ഒ. ബേബി

**കരുത്തുറ്റ തിരക്കഥകൾ മലയാള സിനിമയ്ക്കു സമ്മാനിച്ച്, സംവിധാനത്തിലും പ്രതിഭ തെളിയിച്ച രഞ്ജൻ പ്രമോദ് അണിയിച്ചൊരുക്കിയിരിക്കുന്ന ചിത്രമാണ് 'ഒ. ബേബി.' ദിലീഷ് പോത്തൻ, എം. ജി സോമന്റെ മകൻ സജി സോമൻ, രഘുനാഥ് പലേരി, വിഷ്ണു ഗോവിന്ദ് എന്നിവർക്കൊപ്പം ദേവദത്ത്, ഹാനിയ നഫീസ എന്നീ പുതുമുഖങ്ങളും ചിത്രത്തിൽ വേഷമിടുന്നു.**



**റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI**
*ഡയറക്ടർ, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

ഹൈറേഞ്ചിലെ പള്ളിയിൽ നടക്കുന്ന ഒരു ഒത്തുകല്യാണ ചടങ്ങുകളിൽ ആരംഭിക്കുന്ന സിനിമ അവസാനിക്കുന്നത് മരണാനന്തര കർമങ്ങളിലും പ്രാർഥനകളിലും ആണ്. ക്രൈസ്തവ കുടുംബാന്തരീക്ഷം ഈ ചിത്രത്തിലുടനീളം കാണാം. പക്ഷേ, ധനികനും ദരിദ്രനും തമ്മിലും ജന്മിയും അടിയാന്മാരും തമ്മിലും കാലങ്ങളായി നിലനിൽക്കുന്ന ഉച്ചനീചത്വങ്ങളെ മതത്തിന്റെയും വിശ്വാസത്തിന്റെയും പശ്ചാത്തലത്തിൽ ചോദ്യം ചെയ്യുന്നതും 'മാറ്റുവിൻ ചട്ടങ്ങളെ' എന്ന പ്രവാചക ശബ്ദം ഉയർത്തുന്നതും മലയാള സിനിമകളിൽ സാധാരണയായി നാം കാണാറില്ല. അക്കാര്യത്തിൽ ഈ ചിത്രം വേറിട്ട് നില്ക്കുന്നു.

'ഒ. ബേബി' അസ്വസ്ഥത ഉണർത്തുന്ന ചോദ്യങ്ങൾ ഉന്നയിക്കുന്ന പുതിയ തലമുറയുടെ കഥയാണ്. അടിയാന്മാർക്കിടയിൽ വിദ്യാഭ്യാസം നേടിയ പുതിയ തലമുറയും അതോടൊപ്പം വ്യത്യസ്തമായി ചിന്തിക്കുന്ന മേലാളന്മാരുടെ കൊച്ചുമക്കളും ഇതുവരെ ആരും ചോദിക്കാത്ത ചോദ്യങ്ങളുയർത്തി ജന്മിത്വത്തിന്റെയും പരമ്പരാഗത പുരുഷാധിപത്യത്തിന്റെയും കോട്ടകളിൽ വിള്ളലുകൾ സൃഷ്ടിക്കുന്നതാണ് ചിത്രത്തിന്റെ പ്രമേയം.

ഇടുക്കി മലനിരകളിൽ ഇരുന്നൂറ്റമ്പതോളം ഏക്കർ കാടും കൃഷിയും ഏലത്തോട്ടങ്ങളും അടക്കി വാഴുന്ന തിരുവാൻചോല കുടുംബത്തിലെ കാരണവർ, 'വല്യപ്പച്ചന്റെ' വിശ്വസ്ത കാര്യസ്ഥനാണ് ബേബി. കാലങ്ങളായി അടിയാന്മാരായി കഴിഞ്ഞു 'അടിമത്തം' മനസ്സിന്റെ അടിസ്ഥാന ഭാവം ആയി മാറിക്കഴിഞ്ഞ ഒരു ജനതയുടെ പ്രതിനിധിയാണ് അയാൾ. 'ഒ' എന്നത് ബേബിയുടെ കുടുംബപ്പേരിന്റെ ആദ്യ അക്ഷരമാണ്. പക്ഷേ, തിരുവൻചോലക്കാരുടേതുപോലെ നസ്രാണി തറവാട്ടു മഹിമ അവകാശപ്പെടാനില്ലാത്തതുകൊണ്ടു അയാൾ വെറും ബേബി ആണ്.

കുടിയേറ്റക്കാർ വന്നു കാടു കയറി ജന്മിമാരാകുന്നതിനു എത്രയോ കാലം മുന്നേ കാടും നാടും സ്വന്തം മണ്ണായി കണക്കാക്കിയിരുന്ന, ആ ഭൂമിയുടെ യഥാർഥ അവകാശികൾ ആണ് ബേബിയുടെ പൂർവികർ. പക്ഷേ, അയാൾക്കും, കുടുംബത്തിനും സമുദായത്തിൽ ആഭിജാത്യവും അധീശത്വവും നിഷേധിക്കപ്പെടുന്നത് അവരിൽ കുറേപ്പേർ മതം മാറി ദളിത ക്രൈസ്തവർ ആയി എന്നതുകൊണ്ടാണ്. ഈ സിനിമയെ സുന്ദരമാക്കുന്ന പല ഘടകങ്ങളിൽ ഒന്ന് ബേബിയുടെ വീട്ടുകാരിൽ മതം മാറാതിരുന്ന ബന്ധുക്കളും പുതുക്രിസ്ത്യാനികളായ ബേബിയെ പോലുള്ളവരും തമ്മിലുള്ള സഹവാസവും ഊഷ്മളമായ സ്നേഹവായ്പ്പും പകർത്തിയിരിക്കുന്ന ദൃശ്യങ്ങളാണ്. ഇത്തരം സംഗമങ്ങൾക്കിടയിൽ കറുപ്പും വെളുപ്പും പുരാതന സംസ്കാരവും ആചാരങ്ങളും ആധുനികം എന്ന് നാം വിളിക്കുന്ന പുത്തൻ രീതികളുമായി ഇടകലരുന്നു. ഈ ചുവടു പിടിച്ചു സാധാരണ മലയാള ചിത്രങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമായാണ് അഭിനേതാക്കളുടെ തിരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്. പതിവ് മാതൃകയിൽ ഈ സിനിമ സുന്ദര

www.malankaralibrary.com

ന്മാരുടെയും സുന്ദരികളുടെയും കഥയല്ല. ഭൂമിയുടെ കരുത്തും മണവുമുള്ള മനുഷ്യരുടെ മുഖങ്ങളും ശരീരങ്ങളുമാണ് സ്ക്രീനിൽ കൂടുതൽ തെളിയുന്നത്.

കോവിഡ് മഹാമാരിയുടെ തുടക്കത്തിൽ ആണ് കഥ നടക്കുന്നത്. വല്യപ്പച്ചനും (ഗോപാലകൃഷ്ണൻ) കുട്ടിയച്ചനും (രഘുനാഥ് പാലേരി) മറ്റാരോടും ചോദിക്കാതെ ജോമോന്റെ (സജി സോമൻ) മകൾ മെറിന്റെ ഒത്തുകല്യാണം തീരുമാനിച്ചു അത് നടത്തുന്നു. ജോമോനും അയാളുടെ തീരുമാനങ്ങൾക്കും ആ വീട്ടിൽ വലിയ സ്ഥാനമില്ല; മകൾ മെറിൻ തനിക്കിപ്പോൾ കല്യാണം വേണ്ട എന്ന് പറഞ്ഞു പ്രതിഷേധിക്കുമ്പോഴും, ജോമോൻ നിസ്സഹായനാണ്. ഒത്തുകല്യാണ ചടങ്ങുകളിൽ പങ്കെടുക്കാൻ വേണ്ടിയാണു തിരുവൻചോല കുടുംബം മുഴുവൻ പ്ളാന്റേഷനു നടുക്കുള്ള തറവാട്ട് വീട്ടിൽ സമ്മേളിച്ചിരിക്കുന്നത്. കോവിഡ് ലോക്ഡൗൺ കാരണം അവരുടെ യാത്രകൾ ഒക്കെ മുടങ്ങി വീട്ടിൽ തന്നെ ഇരിപ്പാണെല്ലാവരും. വിദേശത്തു നിന്നെത്തിയിരിക്കുന്ന കുട്ടിയച്ചന്റെ മകളും ഭർത്താവ് സ്റ്റാൻലിയും (വിഷ്ണു ഗോവിന്ദ്) ഉണ്ട് കൂട്ടത്തിൽ. സ്റ്റാൻലിക്കു വേറെ പണിയൊന്നും ഇല്ലാത്തതു കൊണ്ട് നേരമ്പോക്കിനായി ബേബിയെ നിർബന്ധിച്ചു കാട്ടിൽ നായാട്ടിനു പോകുന്നു. കഥയിൽ വരാനിരിക്കുന്ന നര നായാട്ടുകളുടെ മുൻസൂചനയാണ് തുടക്കത്തിലെ ഈ നായാട്ട്.

സ്റ്റാൻലിയും ഭാര്യയും വിദേശത്തു വലിയ ജോലിയും വേണ്ടുവോളം സമ്പാദ്യവും ഉള്ളവരാണ് എന്നാണ് അവരുടെ വീമ്പു പറച്ചിലുകളിൽ നിന്ന് നമുക്ക് തോന്നുക. പക്ഷേ, ആ വീട്ടിൽ ബാക്കി എല്ലാവരും പ്ലാന്റേഷനിൽ നിന്നുള്ള അധ്വാനത്തെയും വിറ്റുവരവിനെയും അതിൽ നിന്ന് വല്യപ്പച്ചൻ കനിഞ്ഞു ഓരോരുത്തർക്കും വച്ചുനീട്ടുന്ന തീരെ ചെറിയ വിഹിതങ്ങളെയും ആശ്രയിച്ചു ജീവിക്കുമ്പോൾ, സ്റ്റാൻലിയും ഭാര്യയും കുതന്ത്രങ്ങളിലൂടെ വല്യപ്പച്ചന്റെ സ്വത്തു കൈക്കലാക്കാനുള്ള ശ്രമത്തിലാണ്. സ്ട്രോക്ക് ബാധിച്ചു മറ്റുള്ളവർക്ക് മനസ്സിലാകും വിധം നേരെ ചൊവ്വേ സംസാരിക്കാൻ പോലും വയ്യാത്ത തീരെ ബലഹീനൻ എന്ന് കാഴ്ചയിൽ തോന്നിക്കുന്ന വല്യപ്പച്ചനാണ് ഈ കഥയിൽ ഏറ്റവും 'ബലവാൻ'; ആരും തിരിച്ചറിയാത്ത വില്ലൻ! സ്റ്റാൻലി ആകട്ടെ സ്വഭാവം കൊണ്ടും പെരുമാറ്റം കൊണ്ടും, ലഹരി അടക്കം എല്ലാവിധ കൈയിലിരിപ്പുകൊണ്ടും യഥാർഥ വില്ലൻ കഥാപാത്രം തന്നെ.

തലമുറകളായി ബേബിയുടെ വീട്ടുകാർ തിരുവൻചോല മുതലാളിമാരുടെ ചോറ് തിന്നു കഴിയുന്നത് കൊണ്ടും ബേബിയുടെ സ്വഭാവമഹിമ കൊ



www.malankaralibrary.com

ണ്ടും വല്യപ്പച്ചന്റെ മുതല് കാക്കുന്നതിൽ ബേബി നൂറു ശതമാനം വിശ്വസ്തനാണ്. അക്കാര്യം നന്നായറിയാവുന്ന വല്യപ്പച്ചൻ എല്ലാം നോക്കി നടത്താൻ ബേബിയെ ഏൽപ്പിച്ചിരിക്കുന്നത് മക്കളോടോ മക്കളുടെ മക്കളോടോ ഒന്നും കാണിക്കാത്ത വിശ്വാസം ബേബിയിൽ ഉള്ളതുകൊണ്ടുതന്നെയാണ്. ബേബിയും ബേസിലും, അപ്പനും മകനും, ഉറ്റ ചങ്ങാതിമാരെ പോലെയാണ്; പക്ഷേ, ബേബി തന്നെ പറയുന്നതു പോലെ ബേസിൽ ടൗണിൽ പോയി വലിയ പഠിപ്പുകാരൻ ആയപ്പോൾ അപ്പനെ, അപ്പന്റെ രീതികളെ ചോദ്യം ചെയ്യാൻ തുടങ്ങിയിരിക്കുന്നു.

ബേസിൽ, ജോമോന്റെ പെണ്മക്കൾ മെറിൻ, മിനി ഇവരെല്ലാം ഒരുമിച്ചു കളിച്ചു വളർന്നവരായതുകൊണ്ട് അവർക്കിടയിൽ പണം, കുലമഹിമ തുടങ്ങിയ അതിർത്തികളോ വേർതിരിവുകളോ ഇല്ല. ഈ മൂവരും മറ്റു സമപ്രായക്കാരും കൂടി മുതിർന്നവർ വിലക്കിയിട്ടുള്ള 'ചെകുത്താൻ മലയിൽ' സാഹസിക യാത്രകൾ നടത്തുന്നുണ്ട്. ഇത്തരം യാത്രകൾക്കിടയിൽ ബേസിലിനു മിനിയോട് സൗഹൃദവും അടുപ്പവും തോന്നുന്നെങ്കിലും അതിൽ കൂടുതൽ ഒന്നും അവന്റെ മനസ്സിൽ ഇല്ല. ഉണ്ടാവാനും എളുപ്പമല്ല; ആ രണ്ടു കുടുംബങ്ങൾ തമ്മിലുള്ള അന്തരം അത്രയും വലുതാണല്ലോ. പക്ഷേ, മിനിയുടെ ഹൃദയത്തിൽ ബേസിലിന്റെ വ്യക്തിത്വവും വന്യമായ സൗന്ദര്യവും ധീരതയും തുടക്കം മുതലേ ഇടം പിടിക്കുന്നുണ്ട്.

മിനിയും ബേസിലും തമ്മിൽ എന്തോ ഉണ്ട് എന്ന് മണത്തറിയുന്ന സ്റ്റാൻലിയും ഭാര്യയും വല്ല്യപ്പച്ചനെ സ്വാധീനിച്ചു സ്വത്തു തട്ടിയെടുക്കാൻ ഏറ്റവും നല്ല മാർഗം ഇതുതന്നെ എന്ന് കുബുദ്ധി തോന്നി കരുക്കൾ നീക്കുന്നു. ബേസിൽ-മിനി പ്രേമം എന്നൊരു വാർത്തയുണ്ടാക്കി വലിയൊരു കാട്ടു തീ പോലെ ആളിക്കത്തിച്ചു വല്യപ്പച്ചന്റെ ചെവിയിൽ ഓതിക്കൊടുക്കുന്നു. അവരുടെ ഗൂഢപദ്ധതികൾ പെട്ടെന്ന് വിജയം കാണുന്നു. വല്ല്യപ്പച്ചൻ ഉടനെ ബേബിയെ വിളിപ്പിച്ചു എല്ലാ മേലാളന്മാരും കീഴാളന്മാരോട് പതിവായി ചെയ്യുന്നത് ആവർത്തിക്കുന്നു: ഉടനടി ബേബി തന്റെ 'സാമ്രാജ്യത്തിൽ' നിന്ന് ഇറങ്ങണം. കാടു വിട്ടു, ആ നാട് തന്നെ വിട്ടു അകലെ പൊയ്ക്കൊള്ളണം, അല്ലെങ്കിൽ അതിന്റെ ഭവിഷ്യത്ത് വേറെയാവും എന്നാണ് ഭീഷണി.

തീരെ ശുദ്ധനായ ബേബി മുതലാളി പറയുന്നത് വേദവാക്യം എന്ന് കണക്കാക്കി നാട് വിട്ടു പോവുന്ന കാര്യം മകനോട് പറയുന്നു. ഇവിടെ ബേസിൽ അപ്പനോട് ചോദിക്കുന്ന ചോദ്യം ഈ ചിത്രത്തിലൂടെ സംവിധായകൻ ഉയർത്തുന്ന സുപ്രധാന ചോദ്യമാണ്: 'അപ്പാ, നമ്മുടെ പൂർവികരിൽ നിന്ന് തിരുവൻ ചോലക്കാർ കവർന്നെടുത്ത നമ്മുടെ സ്വന്തം ഭൂമിയിൽ നിന്ന് നമ്മളോട് ഇറങ്ങിപ്പോവാൻ പറയാൻ അവർക്കു എന്ത് അവകാശം?'

ഇടുക്കി മലനിരകളും കാടിന്റെ ഉള്ളകങ്ങളും സമർത്ഥമായി ഉപയോഗിച്ചിരിക്കുന്ന ഈ ചിത്രം ക്ലൈമാക്സിലേക്ക് നീങ്ങുമ്പോൾ ഉദ്വേഗം ഉണർത്തുന്ന ഒരു ത്രില്ലർ ആയി മാറുന്നു; നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം തന്നെയാണ് അടിസ്ഥാന പ്രമേയം. തന്റെ മകനെ വകവരുത്താൻ താൻ ഇത്രയും നാൾ കണ്ണടച്ച് സേവിച്ച തിരുവൻചോലക്കാർ ഒന്നടങ്കം ഒരുമ്പെടുന്നു എന്ന് മനസ്സിലാക്കിയ ബേബി, കാടിന്റെ കരുത്തോടെ ഒറ്റയ്ക്കു തന്നെ എതിരാളികളെ മുഴുവൻ നേരിടുന്നു. എതിർഭാഗത്തു സ്റ്റാൻലി മുന്തിയ തോക്കും സംവിധാനങ്ങളുമായി ബേബിയേയും ബേസിലിനേയും കൊലപ്പെടുത്താൻ ശ്രമിക്കുമ്പോൾ ബേബിയുടെയും മകന്റെയും പക്കൽ നാടൻ തോക്കും ബുദ്ധിശക്തിയും മാത്രം. വളരെ അപ്രതീക്ഷിതമായ ഒരു ട്വിസ്റ്റിൽ അവസാനിക്കുന്ന സിനിമയിൽ ആര് തോൽക്കുന്നു, വിജയിക്കുന്നു എന്നതിനേക്കാൾ പഴകി ദ്രവിച്ച മൂല്യങ്ങളും മനോഭാവങ്ങളും പൊളിച്ചെഴുതുന്ന പുതുതലമുറയുടെ മുന്നിൽ ഫ്യൂഡൽ പ്രഭുത്വങ്ങൾ കടപുഴകി വീഴുന്ന കാഴ്ചയാണ് നാം കാണുന്നത്.

സംഗീത സംവിധായകർ വരുൺ കൃഷ്ണ, പ്രണവ് ദാസ് , എഡിറ്റിംഗ് സമർത്ഥമായി നിർവഹിച്ച ഷംജിത് മുഹമ്മദ്, മറ്റു സാങ്കേതിക വിദഗ്ധർ, എല്ലാവരും ചേർന്ന് കാടിന്റെ ഈ കഥയിലെ പശ്ചാത്തലം അർഥപൂർണമാക്കുന്നു. കാടിനുള്ളിൽ ആരും പോകാൻ ധൈര്യപ്പെടാത്ത 'ചെകുത്താൻ മലയുടെ' പരാമർശം ചിത്രത്തിൽ ഇടക്കിടെ കടന്നു വരുന്നുണ്ട്. ചിത്രം കണ്ടു തീരുമ്പോൾ നമുക്ക് ബോധ്യമാവാവുന്നതു പണ്ട് ചൂഷകൻ, ചൂഷിതൻ എന്നൊക്കെ നമ്മൾ വേലി കെട്ടി തിരിച്ചിരുന്ന സങ്കല്പങ്ങൾ പുതിയ തലമുറ പുതിയകണ്ണുകളോടെയാണ് കാണുന്നതും ചോദ്യം ചെയ്യുന്നതും എന്നാണ്. ചെകുത്താൻ മലയിൽ പോകാതെ തന്നെ മനസ്സിനുള്ളിലെ ചെകുത്താനെ തിരിച്ചറിയാൻ അവർക്കു കഴിയുന്നുവെങ്കിൽ, അങ്ങനെ ഒരു തിരിച്ചറിവിലേക്കു യുവ മനസ്സുകളെയും മുതിർന്നവരെയും ഒരേപോലെ നയിക്കുക എന്നത് തന്നെയാവാം ഈ തിരക്കഥയ്ക്കും അതിന്റെ ചലച്ചിത്ര ആവിഷ്കാരത്തിനും രഞ്ജൻ പ്രമോദിന് പ്രേരണയായി മാറിയത്. ■

www.malankaralibrary.com



Date of Publication: 13.07.2023 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
Licence No. KL/CR/EKM/WPP-17/2021-23 Licensed to Post Without Prepayment **Total Pages 56**
www.malankaralibrary.com

ഇനി കളിച്ചുക്കൊണ്ടൊരുങ്ങാം...

# ലോഗോസ് ക്വിസ് ഗെയിം ആപ്പ് - 23

## മലയാളത്തിലും ഇംഗ്ലീഷിലും

മീഡിയ കമ്മിഷൻ
തിരുവനന്തപുരം
ലത്തീൻ അതിരൂപത




GET IT ON
Google Play

https://play.google.com/store/apps/details?id=com.logosquizapp.LAT2k18

- 25 റൗണ്ടുകളിലായി 1200 ചോദ്യങ്ങൾ.
- ലോകത്തെവിടെയിരുന്നും കളിച്ച് വിജയിക്കാം.
- 25 സെപ്റ്റംബർ 2023 ന് ഔദ്യോഗിക ഫല പ്രഖ്യാപനം.

ലോഗോസ് ക്വിസ് 2023
പഠനസഹായി
മലയാളത്തിലും
ഇംഗ്ലീഷിലും
ലഭ്യമാണ്.

ഒന്നാം സമ്മാനം
**₹ 5000**
ട്രോഫി + സർട്ടിഫിക്കറ്റ്

രണ്ടാം സമ്മാനം
**₹ 3000**
ട്രോഫി + സർട്ടിഫിക്കറ്റ്

മൂന്നാം സമ്മാനം
**₹ 2000**
ട്രോഫി + സർട്ടിഫിക്കറ്റ്

**തുടർന്നുള്ള 7 സ്ഥാനക്കാർക്ക് 1000 രൂപയും, ട്രോഫിയും സർട്ടിഫിക്കറ്റും. 90 പേർക്ക് സർട്ടിഫിക്കറ്റ്.**

വിശദ വിവരങ്ങൾക്കും അന്വേഷണങ്ങൾക്കും > 91881 91716

Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682 015, Ernakulam Dt.
Printed at Viani Printings, Kochi - 682 018, Kerala; Chief Editor : Fr. M. Koottumkal MCBS